Reg. No. 101, M. 293 ഒറ്റപ്രതിക്കു 2 ണ.

# സത്യദീപം

"ഞാൻ ലോകത്തിന്റെ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

പുസ്തകം 24 | 126 വൃശ്ചികം 28—ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു്—എറണാകുളം 1950 ഡിസംബർ 13 | ലക്കം 17

## ഡിസംബർ 18

### (ഫാദർ പ്ലാസിഡ് റ്റി. ഒ സി. ഡി.)

ഡിസംബർ മാസം 18-ാംനു കേരള സുറിയാനിക്കാർക്കു് ഒരു "തിരുനാൾ" ആയിരുന്നു. 1548-നു ശേഷം മാത്രമേ അതൊരു തിരുനാൾ ദിവസമായി തീർന്നൊള്ളു. ഇന്നും കേരളത്തിലെ കത്തോലിക്കാ(കൽദായ)സുറിയാനിക്കാർക്കു് അതൊരു തിരുനാൾ തന്നെ. പക്ഷേ, വൈദികരൊഴിച്ചു് അധികമാരും അതു മനസ്സിലാക്കിയിട്ടുണ്ടെന്നു തോന്നുന്നില്ല.

വൈദികപഞ്ചാംഗത്തിലും കുർബാനത്തക്സായിലും ഡിസംബർ 18 ന്റെ വിശേഷത മുഖത്തിൽ സൂചിപ്പിച്ചിട്ടുണ്ടു്. അതനുസരിച്ചു തക്സായിലുള്ള പ്രത്യേകവായനകൾ വൈദികർ കുർബാനയിൽ വായിച്ചുവരുന്നു. ആ വായനകളാകട്ടെ മാർത്തോമ്മാശ്ലീഹായെ സൂചിപ്പിക്കുന്നവയാണു്.

"ന. പി. മാർത്തോമ്മാശ്ലീഹാ. മൈലാപ്പൂർ പ്രത്യക്ഷം" എന്നോ "മാർത്തോമ്മാശ്ലീഹാ. പ്രത്യക്ഷം" എന്നോ പഞ്ചാംഗത്തിൽ കാണാം. തക്സായിലെ സൂചന കൂടുതൽ വ്യക്തമാണു്. "മൈലാപ്പൂരുള്ള മാർത്തോമ്മാശ്ലീഹായുടെ കല്ലിന്റെ അത്ഭുതത്തിരുനാൾ" എന്നത്രേ തക്സായിലെ സൂചന.

കേരളയാക്കോബ്യരും കുറെമുമ്പുവരെ ഇങ്ങനെയൊരു തിരുനാൾ ഡിസംബർ 18-ൽ ആഘോഷിച്ചിരുന്നു. "ആദംബാ മലയിൽ മാർ സ്ലീബാ വിയെത്ത പെരുനാൾ" എന്നാണു് അവർ അതിനെ വിളിച്ചിരുന്നതു്. (1734-ൽ മുളന്തുരുത്തിയിൽവച്ചു് എഴുതിയ പഞ്ചാംഗം)

കത്തോലിക്കർക്കെന്നപോലെ യാക്കോബ്യർക്കും ഡിസംബർ 18 ഒരു "കട" മുള്ള ദിവസമായിരുന്നു. ഇപ്പോഴാകട്ടെ കത്തോലിക്കർക്കു് അന്നു "കട"മില്ല. യാക്കോബ്യർക്കു് ഇപ്പോൾ ഈ തിരുനാൾ ഇല്ലാത്തതുകൊണ്ടു് അവരിൽനിന്നു പുനരൈകപ്പെട്ട മലങ്കര അന്തിയോക്യാ സുറിയാനി കത്തോലിക്കരുടെയിടയിലും ഇപ്പോൾ ഇതിനു സ്ഥാനമില്ല.

പഴയകൂറുകാർക്കും പുത്തൻകൂറുകാർക്കും പൊതുവായിരുന്ന ഈ തിരുനാൾ ഡിസംബർ 18-ൽ കേരളസുറിയാനിസഭ ആചരിക്കുക പതിവായിരുന്നു (more Episcopatus) എന്നാണു് ഉദയംപേരൂർ സൂനഹദോസിന്റെ (1599) സാക്ഷ്യം. കേരളസുറിയാനിസഭ ഒന്നായിരുന്ന ഒരു കാലമായിരുന്നല്ലോ അതു്. മിക്കവാറും 1557 മുതലായിരിക്കണം കേരളസുറിയാനിക്കാർ ഈ തിരുനാൾ ആചരിച്ചുതുടങ്ങിയതു്.

"ആദംബാമല" എന്നു മേൽപ്പറഞ്ഞ യാക്കോബായപ്പഞ്ചാംഗത്തിൽ കാണുന്നതു മദ്രാസിനടുത്തുള്ള "പെരിയമല" അഥവാ "സെന്റു് തോമസ മൗണ്ട്" ആണ്. അവിടെയുള്ള കുരിശു അത്ഭുതകരമായി വിയർത്തതിന്റെ ഓർമ്മ എന്നാണു് ഡിസംബർ 18 നെപ്പറ്റി യാക്കോബായപ്പഞ്ചാംഗം പറയുന്നതു്. എന്നാൽ കത്തോലിക്കരുടെ കുർബാനതക്സായിൽ മൈലാപ്പൂരുള്ള കല്ലിന്റെ അത്ഭുതം എന്നു കാണുന്നതു എന്തുകൊണ്ടു? ആദംബാമലയും മൈലാപ്പൂരും ഒന്നാണെന്നു തക്സായിൽ തിരുനാൾ കുറിച്ചവർ കരുതിയിരിക്കാം. അല്ലെങ്കിൽ, ആദംബാമലയിൽ കുരിശു വിയർത്തിരുന്ന സമയം മൈലാപ്പൂരിൽ ശ്ലീഹായുടെ കബറിടത്തിനടുത്തുള്ള കൽക്കുരിശും വിയർത്തിരുന്നതുകൊണ്ടു തക്സായിൽ മൈലാപ്പൂരിനു പ്രാധാന്യം നൽകിയതാണെന്നുവരാം.

1557-ൽ മൈലാപ്പൂരുള്ള കുരിശു വിയർത്തതിന്റെ ഓർമ്മയാണു് ഡിസംബർ 18-ലെ തിരുനാൾ എന്നു കേരളസുറിയാനിസഭാചരിത്രകാരനായ റോളിൻ പ്രസ്താവിക്കുന്നുമുണ്ടു്. മാർത്തോമ്മാശ്ലീഹായുടെ കുരിശുവിയർത്തതിരുനാൾ എ

(യാക്കോബായ), കുവപ്പള്ളി (?) എന്നീ സ്ഥലങ്ങളിൽ പെരിയമലയിലെ കുരിശുപോലെയുള്ള കുരിശുകൾ സൂക്ഷിച്ചുവരുന്നുണ്ടു്. ഒരു കാലത്തു കേരളസുറിയാനിക്കാരുടെയിടയിൽ ഈ ഭാഷയിലുള്ള കുരിശുകൾ സർവ്വസാധാരണമായിരു



ആലങ്ങാട്ടെ പുരാതനകുരിശ്ശ്

ന്നുമാത്രമേ ഉദയംപേരൂർ സൂനഹദോസു പറയുന്നുള്ളൂ. (festum sudoris crucis gloriosi Apostoli Thomae ex more Episcopatus·Actio VIII·9)

എങ്ങനെയായാലും പെരിയമലയിലുള്ള കുരിശിനോടു് ഈ തിരുനാളിനു ബന്ധമുണ്ടു്, സംശയമില്ല. ചരിത്രപ്രസിദ്ധമായ ഒന്നാണല്ലോ ആ കുരിശു്. പലരും അതിനെയും അതുപോലുള്ള മററു കുരിശുകളേയും "പേർഷ്യൻ കുരിശുകൾ" എന്നു വിളിക്കാറുണ്ടു്. അതിനു ചുററുമുള്ള എഴുത്തു് ഏതു ഭാഷയിലാണെന്നോ അതിന്റെ അർത്ഥമെന്തെന്നോ ഇതേവരെ ആരും ഖണ്ഡിതമായി യാതൊന്നും പറഞ്ഞിട്ടില്ല. ആറാം ശതാബ്ദത്തിനപ്പുറം ആ കുരിശിനു പഴക്കമില്ലെന്നാണു് ആധുനികന്മാർ പലരും കരുതുന്നതു്. കോട്ടയം വലിയ പള്ളി (യാക്കോബായ), മുട്ടചിറ, ആലങ്ങാടു, കടമററം

ന്നെന്നു പോർട്ടുഗീസു ചരിത്രകാരനായ ഗോവെയാ സാക്ഷിക്കുന്നു. തോമ്മാശ്ലീഹാ ഈ ഭാഷയിൽ കുരിശുകൾ നിർമ്മിച്ചിരിക്കണമെന്നു കരുതുന്നവർ ഇല്ലാതില്ല. ഈ കുരിശുകളും പള്ളിപ്പുറത്തുപള്ളിയിൽ സൂക്ഷിച്ചിരിക്കുന്ന ശ്ലീഹായുടെ കുരിശും തമ്മിൽ സാമ്യമുണ്ടോ എന്നു പരിശോധിക്കുന്നതു ഉപകാരപ്രദമായിരിക്കും. എല്ലാത്തിന്റെയും തണ്ടുകൾ നാലും മിക്കവാറും ഒരേ നീളമുള്ളവയാണു്. അവ അററത്തു വന്നു ഒരു മൊട്ടിന്റെ ഇരുഭാഗത്തേക്കുമായി രണ്ടായി പിരിയുന്നു.

പെരിയമലയിൽ ഒരു പള്ളി പണിയുവാൻ വണ്ടി അടിത്തറ മാന്തിയപ്പോൾ (1547) പഴയ ഒരു പള്ളിയുടെ അവശേഷങ്ങളും അവയുടെ ഇടയ്ക്കു പ്രസ്തുത കുരിശും പോർട്ടുഗീസുകാർ കണ്ടെത്തി. കുരിശിനുചുററുമുണ്ടായിരുന്ന മണ്ണു രക്തം

കൊണ്ടു നനഞ്ഞിരുന്നു. കുരിശിൽ കണ്ട ചുവന്നരേഖകൾ മായിച്ചുകളഞ്ഞിട്ടും അവ വീണ്ടും പ്രത്യക്ഷപ്പെട്ടു. മാർത്തോമ്മാശ്ലീഹാതന്നെയാണു് ഈ കുരിശു കൊത്തിച്ചതെന്നും, ശ്ലീഹാ ഇതിന്മേൽ പിടിച്ചുകൊണ്ടാണു് മരണം പ്രാപിച്ചതെന്നും, ശ്ലീഹായുടെ രക്തം പുരണ്ട രേഖകളാണു് കുരിശിൽ കണ്ടതെന്നും സ്ഥലത്തു ബലമായ പാരമ്പര്യമുണ്ടു്. ഈ പാരമ്പര്യത്തിനു കേരളത്തിലും സ്ഥാനമില്ലാതില്ല. "മാർത്തോമ്മാ കടലോരക്കാട്ടിൽ കല്ലിൽവീണു പ്രാർത്ഥിച്ചു" എന്നാണു് റമ്പാൻപാട്ടു ശ്ലീഹായുടെ അന്തിമനാഴികയെപ്പററി പ്രസ്താവിക്കുന്നതു്.

പോർട്ടുഗീസുകാർ പെരിയമലയിൽ പുതുതായി പണിത പള്ളിയുടെ പ്രധാന പീഠത്തിന്റെ മുകളിൽ ഭിത്തിയോടുചേർത്തു പ്രസ്തുതകുരിശു സ്ഥാപിക്കപ്പെട്ടു. ഇന്നും അവിടെത്തന്നെ അതു സ്ഥിതിചെയ്യുന്നു.

1551 ഡിസംബർ 18-ൽ പ്രസ്തുത പള്ളിയിൽ കുർബാന അർപ്പിച്ച വൈദികൻ സുവിശേഷം വായിച്ചുതുടങ്ങിയപ്പോൾ കുരിശിന്റെ നിറം മാറുകയും അതിൽനിന്നു ചോരത്തുള്ളികൾ ബലിപീഠത്തിന്മേലക്കു ധാരാളമായി ഒഴുകിവീഴുകയും ചെയ്തു. 1548-ൽ ആണു് ആദ്യമായി ഇങ്ങനെ സംഭവിച്ചതെന്നു മഫെ എന്ന ചരിത്രകാരൻ പറയുന്നു. 1558 ഡിസംബർ 18-ൽ വെള്ളമാണു് കുരിശിൽനിന്നു ഒഴുകിവീണതു്. എന്നാൽ കുർബാന ചൊല്ലിയിരുന്ന വൈദികൻ (Fr· Gaspar Coelho) ആ വെള്ളത്തിൽ മുക്കിയെടുത്തതുണി പിറെറ ദിവസം രക്തവർണ്ണമുള്ളതായി കാണപ്പെട്ടു. 1557, 1558, 1561, 1581, 1689, 1695 എന്നീ കൊല്ലങ്ങളിൽ ഡിസംബർ 18-ാംനു-തന്നെ ഇങ്ങനെ സംഭവിച്ചു. 1581-ൽ ആഗമനകാലം ഒന്നാം ഞായറാഴ്ചയും കുരിശു വിയർക്കുകയുണ്ടായി. ഇങ്ങനെ 1704 വരെ മിക്കകൊല്ലങ്ങളിലും സംഭവിച്ചതായി ദൃക്സാക്ഷികൾ രേഖപ്പെടുത്തിയിട്ടുണ്ടു്. ചില അവസരങ്ങളിൽ കുരിശു കാണികളുടെദൃഷ്ടിയിൽനിന്നു ഇടയ്ക്കിടെ മറഞ്ഞിരുന്നു. ചിലപ്പോൾ നിറം മാറിയിരുന്നതോടൊപ്പം കുരിശിൽനിന്നു വലിയ പ്രകാശവും പുറപ്പെട്ടിരുന്നു. കുരിശിൽനിന്നു് ഒഴുകിയ വെള്ളം നിമിത്തം അത്ഭുതകരങ്ങളായ രോഗശമനങ്ങൾ നടന്നതായും രേഖയുണ്ടു്. അത്ഭുതം നടന്നിരുന്ന ചില അവസരങ്ങളിൽ അവിശ്വാസികൾ സ്ഥലത്തെത്തി പരിശോധനകഴിച്ചിട്ടുള്ളതുമാണു്. 1551-ൽ നടന്ന വിവരങ്ങളെല്ലാം അന്നുതന്നെ കൊച്ചിമെത്രാൻ റോമ്മായിൽ അറിവുകൊടുത്തു.

കൂനൻകുരിശുസത്യം നിമിത്തം കേരളസുറിയാനിക്കാരുടെ ഇടയിലുണ്ടായ പിളർപ്പു തീർക്കുവാൻ കേരളത്തിൽവന്ന കർമ്മലീത്തരിൽ ഒരാളായ ഫാദർ വിൻസെന്റു മരിയ ഈ അത്ഭുതത്തെപ്പററി സ്വകൃതിയിൽ പ്രതിപാദിക്കുന്നുണ്ടു്. കുരിശിൽനിന്നു് ഒഴുകിയ രക്തത്തിൽ മുക്കിയെടുത്ത തുണി തന്റെ കൈവശമുണ്ടെന്നും ആ രക്തം ഭാവഭേദംകൂടാതെ ഇരിക്കുന്നു എന്നും അദ്ദേഹം രേഖപ്പെടുത്തിയിരിക്കുന്നു (Viaggio II· 2. p· 135, 136).

പെരിയമലയിലെ കുരിശുവിയർത്തിരുന്നപ്പോൾ മൈലാപ്പൂരുള്ള കൽക്കുരിശും

# അദ്ധ്യാപകപ്രശ്നത്തെപ്പററി

## തൃശ്ശൂർ മെത്രാൻ തിരുമനസ്സുകൊണ്ടു്

തിരു-കൊച്ചി ഗവമ്മെൻറു് ആവിഷ്കരിച്ചിട്ടുള്ള പുതിയ വിദ്യാഭ്യാസപദ്ധതിയെപ്പററി തൃശ്ശൂർ മെത്രാൻ തിരുമനസ്സുകൊണ്ടു പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന ഇടയലേഖനം ചുവടെ ചേക്കുന്നു:-

"പ്രവൃത്തി കൂടാതെയുള്ള വിശ്വാസം നിർജ്ജീവമാകുന്നു." (യാക്കോബ് II-26)

ലോകം ഇന്നു അതിഭയങ്കരമായ ഒരു ആപൽസന്ധിയിൽക്കൂടി ചരിച്ചുകൊണ്ടിരിക്കുന്നു. സാക്ഷാത്തായ സമാധാനസംതൃപ്തിസൗഭാഗ്യങ്ങൾ ഇനിയും വളരെ വിദൂരമായിത്തന്നെ നില കൊള്ളുന്നു. അസമാധാനവും അതൃപ്തിയും, മദ്ദനവും



ചൂഷണവും, അക്രമവും അനീതിയും, ഭയവും ഉൽക്കണ്ഠയും, സവ്വത്ര ദൈനംദിനം വർദ്ധിച്ചുകൊണ്ടേയിരിക്കുന്നു.

ആധുനികലോകത്തെ ബാധിച്ചിരിക്കുന്ന ഈ ദുരവസ്ഥയുടെ കായ്യകാരണങ്ങൾ ഒന്നൊന്നായി അവധാനപൂവ്വം പരിചിന്തനം ചെയ്യുന്നപക്ഷം അവസാനം നാം എത്തിച്ചേരുന്നതു ഇന്നത്തെ വിദ്യാഭ്യാസപ്രശ്നത്തിലേക്കാണു്. വിദ്യാഭ്യാസമാണു ആശയാദർശങ്ങളുടെ ഉത്പത്തിസ്ഥാനം; ആശയാദർശങ്ങളാണല്ലോ ലോകത്തെ ഭരിക്കുന്നതും. ഉത്പത്തിസ്ഥാനത്തു വിഷം കലത്തിയാൽ അതു സവ്വത്ര പടന്നുപിടിക്കാതിരിക്കയില്ല. മറുവിധം പറഞ്ഞാൽ, ശരിയായ വിദ്യാഭ്യാസത്തിൻെറ അഭാവം, അഥവാ ഉന്നാംപിഴച്ചുള്ള വിദ്യാഭ്യാസത്തിൻെറ—നിത്യസത്യങ്ങളേയും സാന്മാർഗ്ഗികസിദ്ധാന്തങ്ങളേയും അവഗണിച്ചും അനാദരിച്ചും ആസൂത്രണം ചെയ്തിട്ടുള്ള ശിക്ഷണപദ്ധതിയുടെ—പ്രചാരമാണു് ഇന്നു ലോകരെ നാശഗത്തത്തിലേക്കു ത്വരിതഗതിയിൽ തള്ളിവീട്ടുകൊണ്ടിരിക്കുന്നതു്. വിദ്യാഭ്യാസപദ്ധതിയിൽ അന്തർഭവിച്ചു കിടക്കുന്ന അപാരമായ ശക്തിവിശേഷം നല്ലപോലെ മനസ്സിലാക്കിയിട്ടുള്ള കത്തോലിക്കാതിരുസ്സഭ ബാലികാബാലന്മാരുടെ സുശിക്ഷണവിഷയത്തിൽ ഇന്നും എന്നും ഗാഢമായ ശ്രദ്ധ പതിച്ചു പോരുന്നതിൻെറ രഹസ്യവും ഇതുതന്നെയാണു്. വിദ്യാഭ്യാസം അതിൻെറ പരമലക്ഷ്യത്തിൽ നിന്നു വ്യതിചലിക്കാതിരിക്കുന്നതിനും അതിൻെറ പരിപാടികളെ ആ ലക്ഷ്യപ്രാപ്തിക്കു ഉപയുക്തങ്ങളാക്കുന്നതിനും, സഭാമാതാവു ചെയ്തിട്ടുള്ള ശ്രമങ്ങളും സഹിച്ചിട്ടുള്ള ക്ലേശങ്ങളും അവണ്ണനീയമത്രെ. തദത്ഥം അവൾ സ്വീകരിച്ചിട്ടുള്ള സിദ്ധാന്തങ്ങൾ സനാതനങ്ങളും അപ്രമാദങ്ങളുമാണു്.

സഭയുടെ ദൃഷ്ടിയിൽ, തങ്ങളുടെ സന്താനങ്ങളെ വിദ്യ അഭ്യസിപ്പിക്കുന്നതിനുള്ള ചുമതലയും തന്മൂലം അതിനുള്ള അവകാശവും മാതാപിതാക്കന്മാക്കാണുള്ളതു്. സ്രഷ്ടാവുതന്നെ നേരിട്ടു ഭരമേല്പിച്ചിട്ടുള്ള ഈ ചുമതല സമ്യക്കായി നിവ്വഹിക്കുന്നതിനു പ്രതിപുരുഷന്മാരെ നിയോഗിച്ചാൽതന്നെയും അതിനുള്ള ഉത്തരവാദത്തിൽനിന്നു മാതാപിതാക്കന്മാർ ഒഴിവാകുന്നില്ല. കുട്ടികൾക്കു നൽകേണ്ടതായ വിദ്യാഭ്യാസത്തിൻെറ സ്വരൂപസ്വഭാവങ്ങൾ നിണ്ണയിക്കേണ്ടതു അവരുടെ ജനയിതാക്കൾ തന്നെയാണു്. കത്തോലിക്കാ മാതാപിതാക്കന്മാരാകട്ടെ സ്വസന്താനങ്ങളുടെ ഐഹികവും പാരത്രികവുമായ ഭാഗധേയങ്ങൾ സുരക്ഷിതമാക്കിത്തീക്കുന്നതിനു പയ്യാപ്തമായ കത്തോലിക്കാ വിദ്യാഭ്യാസമാണു് അവക്കു പ്രദാനംചെയ്യേണ്ടതു്. തന്നിമിത്തം അതിലേക്കു ആവശ്യമായ വിദ്യാലയങ്ങൾ സ്ഥാപിച്ചുനടത്തുന്നതിനും യോഗ്യരായ അദ്ധ്യാപകന്മാരെ നിയമിക്കുന്നതിനുമുള്ള അവകാശാധികാരങ്ങളും അവക്കുതന്നെയാണുള്ളതു്. എന്നാൽ ദൈവികമായ മതപ്രബോധനങ്ങളെ പുറംതള്ളിക്കൊണ്ടുള്ള വിദ്യാഭ്യാസം കുട്ടികളുടെ സൽസ്വഭാവരൂപവൽക്കരണത്തിനു ഒരു കണ്ടകോടാലിയായിരിക്കും. അതുകൊണ്ടാണു്, ദൈവത്തിൽ നിന്നുതന്നെ അദ്ധ്യാപനാധികാരം സിദ്ധിച്ചിട്ടുള്ള തിരുസ്സഭ, കത്തോലിക്കാ മാതാപിതാക്കന്മാരുടെ പരിപാവനമായ അദ്ധ്യാപനചുമതല ഭരമേററു നടത്തിവരുന്നതു്. അതുകൊണ്ടുതന്നെയാണു വിവേകമതിയായ സഭാമാതാവു അവളുടെ കുഞ്ഞുങ്ങൾ കത്തോലിക്കാ വിദ്യാലയങ്ങളിൽ മാത്രമേ പഠിക്കാവൂ എന്നു അനുശാസിക്കുന്നതും അതിലേക്കു ആവശ്യമായ വിദ്യാലയങ്ങൾ സ്ഥാപിക്കുന്നതിനു നിരന്തരം യത്നിച്ചുകൊണ്ടിരിക്കുന്നതും. ആകയാൽ രാഷ്ട്രം അതിനു പ്രതിബന്ധമുണ്ടാക്കുന്നപക്ഷം, അതു കത്തോലിക്കാ മാതാപിതാക്കന്മാരുടെ മൗലികാവകാശങ്ങളെ ഹനിക്കുന്ന ഒരു സാഹസപ്രവൃത്തിയായിരിക്കും, സംശയമില്ല.

മേൽ പ്രസ്താവിച്ച ന്യായങ്ങളാൽ, കത്തോലിക്കക്കു സ്വന്തമായി വിദ്യാലയങ്ങൾ സ്ഥാപിച്ചു നടത്തുന്നതിനുള്ള അവകാശം പ്രകൃതിദത്തവും തന്നിമിത്തം നിരുപാധികവും അനിഷേധ്യവുമാണെന്നു സിദ്ധിക്കുന്നു. അവയിൽ പഠിക്കുന്നതു കേവലം കത്തോലിക്കാ വിദ്യാത്ഥികളായിരുന്നാൽപ്പോലും അവരും നാട്ടിലെ പൗരന്മാരാണെന്നുള്ള വസ്തുത വിസ്മരിക്കാവതല്ല. ആകയാൽ പൗരസഞ്ചയത്തിൻെറ വിദ്യാഭ്യാസത്തിനുവേണ്ടി പൊതുമുതലിൽനിന്നു ചിലവിടുന്ന സംഖ്യയുടെ ന്യായമായ വീതം ലഭിക്കുന്നതിനു കത്തോലിക്കാവിദ്യാലയങ്ങൾക്കും പൂണ്ണാവകാശമുണ്ടു്. എന്നാൽ വാസ്തവത്തിൽ കത്തോലിക്കാ വിദ്യാലയങ്ങളിൽ കത്തോലിക്കാവിദ്യാത്ഥികൾ മാത്രമല്ല പഠിക്കുന്നതു്. ജാതിമതഭേദമെന്യേ, ഏവക്കും അവയിൽ പ്രവേശനമുണ്ടു്, എന്നല്ല, പലപ്പോഴും ബഹുഭൂരിപക്ഷം വിദ്യാത്ഥികൾ അകത്തോലിക്കരുമാണു്. വണ്ണവ്യത്യാസം പരിഗണിച്ചു സക്കാർ സ്കൂളുകളിൽപ്പോലും അധഃകൃതവിദ്യാത്ഥികളെ പ്രവേശിപ്പിക്കാതിരുന്നകാലത്തു ക്രൈസ്തവവിദ്യാലയങ്ങളാണു് അവക്കു് ഔദായ്യപൂവ്വം പ്രവേശനം നല്കി സഹായിച്ചതും അവരുടെ പുരോഗമനത്തിനു വഴിതെളിച്ചതും. രാഷ്ട്രവും ഗവമ്മേണ്ടും നമ്മുടെ വിദ്യാലയങ്ങളോടു് എത്രമാത്രം കടപ്പെട്ടിരിക്കുന്നു എന്നു മേൽപ്പറഞ്ഞ സംഗതികൾ ഉച്ചൈസ്തരം വിളിച്ചുപറയുന്നില്ലേ?

മറെറാരു സംഗതികൂടി നമ്മുടെ വിചിന്തനത്തിനു വിഷയീഭവിക്കേണ്ടതുണ്ടു്. അതു വിദ്യാഭ്യാസവിഷയത്തിൽ രാഷ്ട്രത്തിനു് എത്രകണ്ടു നിയന്ത്രണാധികാരം ഉണ്ടെന്നുള്ളതാണു്. വിദ്യാലയങ്ങൾക്കു ഗ്രാൻറ് നല്കുന്നുണ്ടെന്നുള്ള കാരണത്താൽ അവയുടെ പ്രവത്തന സ്വാതന്ത്ര്യത്തിൽ കൈകടത്തുന്നതിനു ഗവമ്മേണ്ടുകൾക്കു് അവകാശമുണ്ടെന്നുള്ള വാദം നിലനില്പുത്തക്കതല്ല. സഹായധനം (Grant-in-aid) ഒരു സൗജന്യദാനമല്ല, പ്രത്യുത വിദ്യാലയങ്ങൾ ചെയ്യുന്ന പൊതുജനസേവനത്തിൻെറ ചിലവിലേക്കു പൊതുമുതലിൽനിന്നു് അവയ്ക്കു ന്യായമായി ലഭിക്കേണ്ട ഒരു വീതം മാത്രമാണു്. അതു് അനുവദിച്ചു കൊടുക്കുന്നതുകൊണ്ടു ഗവമ്മേണ്ടിനു് പ്രത്യേക അവകാശമൊന്നും സിദ്ധിക്കുന്നില്ല.

വിദ്യാഭ്യാസസംബന്ധമായി ഗവമ്മേണ്ടും ജനങ്ങളും ആദരിച്ചനുവത്തിക്കേണ്ടതായ മൗലികപ്രമാണങ്ങളാണു മേൽ പ്രസ്താവിച്ചവ. പക്ഷെ, നിർഭാഗ്യവശാൽ ഇന്നത്തെ തിരു-കൊച്ചി ഗവമ്മേണ്ടിൻെറ നൂതന വിദ്യാഭ്യാസപദ്ധതി അവയ്ക്കു തീരെ എതിരായ ഒരു നയമാണു സ്വീകരിച്ചുകാണുന്നതു്. അദ്ധ്യാപകന്മാരുടെ ശമ്പളവർദ്ധനവിനുള്ള ഒരു മാർഗ്ഗമായിട്ടാണു ആ പദ്ധതി നിർദ്ദേശിച്ചിട്ടുള്ളതെന്നു പറയപ്പെടുന്നു. അദ്ധ്യാപകന്മാരുടെ ബുദ്ധിമുട്ടുകൾക്കു ശരിയായ ഒരു പരിഹാരമാഗ്ഗം കണ്ടെത്തുന്നതിനുള്ള ഗവമ്മേണ്ടിൻെറ ശ്രമത്തിൽ കഴിയുംവിധം സഹകരിക്കുന്നതിനു നാം സന്നദ്ധനാണു്. അദ്ധ്യാപകന്മാരുടെ ഉൽക്കഷത്തെ ആശ്രയിച്ചാണല്ലോ വിദ്യാലയങ്ങളുടെ ഉൽക്കഷവും സ്ഥിതിചെയ്യുന്നതു്. അതുകൊണ്ടാണു് ഇക്കായ്യത്തിൽ മാനേജർമാർ അദ്ധ്യാപകന്മാരോടു പരിപൂണ്ണനീതി അനുഷ്ഠിക്കുന്നതിനും പുറമെ, കഴിയുന്നത്ര ഔദായ്യപൂവ്വം പെരുമാറുന്നതിനുംകൂടി വൈദികമേലദ്ധ്യക്ഷന്മാർ നിർദ്ദേശിച്ചിട്ടുള്ളതും, ആ നിർദ്ദേശമനുസരിച്ചു മാനേജർമാർ പ്രവത്തിച്ചുവരുന്നതും.

പക്ഷെ ശമ്പളവദ്ധനവിനോടു് അനുബന്ധിച്ചു് അതിൻെറ ഒരാവശ്യഘടകം എന്നോണം ഗവമ്മേണ്ടിൻെറ പുതിയ പദ്ധതിയിൽ കൊള്ളിച്ചിട്ടുള്ള വ്യവസ്ഥകൾ സഭയുടെയും കുടുംബങ്ങളുടെയും ഉത്തമതാല്പയ്യങ്ങൾക്കു അത്യധികം ഹാനികരമായിരിക്കയാൽ അവയെ അനുകൂലിക്കുന്നതിനു് ഒട്ടുംതന്നെ നിവൃത്തിയില്ലാതെവന്നതിൽ നാം ഖേദിക്കുന്നു.

പ്രൈവററ് സ്കൂളുകളിലെ ഫീസ്സ് പിരിവിൽ 80 ശതമാനം ഗവമ്മേണ്ടിലേക്കു് അടയ്ക്കണമെന്നതാണു് പ്രഥമ വ്യവസ്ഥ. നാം മനസ്സിലാക്കിയേടത്തോളം ഈ വ്യവസ്ഥകൊണ്ടു ഗവമ്മേണ്ടിനു ഗുണമൊന്നും സിദ്ധിക്കുന്നില്ലെന്നു മാത്രമല്ല, ഗ്രാമീണവിദ്യാലയങ്ങളേയും സാധുവിദ്യാത്ഥികളേയും കായ്യമായി ബാധിക്കുന്ന പല ദൂഷ്യവശങ്ങൾ അതിൽ അന്തർഭവിച്ചുകിടക്കുന്നുമുണ്ടു്. ഇന്നു കത്തോലിക്കാവിദ്യാലയങ്ങളിൽ അനവധി സാധുവിദ്യാത്ഥികൾക്കു ഫീസ്സ് ഇളവു്, ഫീസ്സ് അടയ്ക്കുന്നതിനുള്ള സമയസൗകയ്യം, ആദിയായ പലതരത്തിലുള്ള സൗകയ്യങ്ങൾ അനുവദിച്ചിരിക്കുന്നു. പുതിയ പദ്ധതി നടപ്പിലായാൽ അവയെല്ലാം നിശ്ശേഷം നിന്നുപോകും. തന്നിമിത്തം നിരവധി കുട്ടികൾ കഷ്ടത്തിൽപ്പെട്ടു് അലഞ്ഞുനടക്കേണ്ടിവരും. ഇങ്ങനെ പലവിധത്തിൽ ഉപദ്രവകരമായ ഇത്തരമൊരു വ്യവസ്ഥ പുതിയ പദ്ധതിയിൽ ഉൾപ്പെടുത്തിയതിൻെറ ഉദ്ദേശം എന്തുതന്നെയായാലും. അതു പ്രൈവററു് മാനേജുമെൻറുകൾക്കു തങ്ങളുടെ സ്കൂളുകളിന്മേലും അവയുടെ വസ്തുവകകളിന്മേലും അവശ്യം ഉണ്ടായിരിക്കേണ്ടതായ ഉടമാവകാശം കേവലം നാമാവശേഷമാക്കിത്തീക്കുന്ന ഒരേപ്പാടാണെന്നു പറയാതെ നിവൃത്തിയില്ല. കത്തോലിക്കാവിദ്യാലയങ്ങൾ തിരുസ്സഭയുടെ സ്വത്താണു്. തന്മൂലം അവയുടെ ഉടമസ്ഥാവകാശത്തിന്മേലുള്ള കയ്യേററം കത്തോലിക്കരുടെ മതസ്വാതന്ത്ര്യത്തെ ഹനിക്കുന്ന അനീതിയായിരിക്കും. അതു വകവെച്ചുകൊടുക്കുവാൻ നമുക്കു സ്വാതന്ത്ര്യമില്ല.

എന്നിട്ടും അദ്ധ്യാപകന്മാരോടുള്ള സഹതാപവും അവരുടെ ഉന്നമനത്തിലുള്ള ആകാംക്ഷയും നിമിത്തം ഇക്കായ്യത്തിൽ ഗുരുതരമായ വിട്ടുവീഴ്ചകൾ ചെയ്യുന്നതിനു വൈദികമേലദ്ധ്യക്ഷന്മാർ സന്നദ്ധരായി. പുതിയ പദ്ധതിയിലെ മററു ദൂഷ്യഭാഗങ്ങൾ നീക്കംചെയ്യുകയും അദ്ധ്യാപകനിയമനകായ്യത്തിൽ മാനേജുമെൻറിനു് ഇപ്പോഴുള്ള സ്വാതന്ത്ര്യത്തിനെങ്കിലും കുറവുവരുത്താതിരിക്കയും ചെയ്യുന്നപക്ഷം ഫീസ്സുപിരിവിൻെറ 80 ശതമാനം ഡെപ്പോസിററുചെയ്യാമെന്നുതന്നെ സമ്മതിച്ചു. പക്ഷെ, സമാധാനസൗഹാദ്ദങ്ങളെ മുൻനിറുത്തിയുള്ള ഈ വാഗ്ദാനം ഗവമ്മേണ്ടു നിരസിക്കയാണു ചെയ്തതു്. ഗവമ്മേണ്ടിൻെറ ഈ അനുഭാവക്കുറവു് ഇന്നു പല വിദ്യാലയങ്ങളിലും അനിഷ്ടസംഭവങ്ങൾക്കു കാരണമായിത്തീന്നിരിക്കുന്നു. എങ്കിലും, നാടിൻെറ നന്മയും, വിദ്യാഭ്യാസത്തിൻെറ പുരോഗമനവും, അദ്ധ്യാപകന്മാരുടെ ഉൽഗതിയും പരിഗണിച്ചു നമ്മുടെ സൗഹാദ്ദമനോഭാവം ഇന്നുംകൊണ്ടുതന്നെയിരിക്കുന്നു. പുതിയ പദ്ധതി അനുസരിച്ചു ശമ്പളത്തോതുകൾ സ്വീകരിക്കുന്നതിനും, ഫീസ്സുപിരിവിൻെറ 80 ശതമാനം അദ്ധ്യാപകശമ്പളത്തിനു വിനിയോഗിക്കുന്നതിനും, അതുകൊണ്ടു് എത്തുന്നേടത്തോളം പുതിയ തോതിൽ ശമ്പളം കൊടുക്കുന്നതിനും, പോരാതെവരുന്നതു ഗവമ്മേണ്ടിൽനിന്നു് അനുവദിച്ചുകിട്ടുന്നതിനു കഴിയുന്നത്ര പരിശ്രമിക്കുന്നതിനും മാനേജുമെൻറുകൾ ഇന്നും തയ്യാറാണു്. ഈ പരമാത്ഥം അദ്ധ്യാപകന്മാർ ശരിയായി ഗ്രഹിച്ചു മാനേജർമാരോടു സഹകരിക്കുന്നപക്ഷം കായ്യങ്ങൾ ഭംഗിയായി കലാശിക്കുമെന്നാണു നമ്മുടെ പ്രത്യാശ.


പുതിയ പദ്ധതിയിലെ മറെറാരു വ്യ

---

വിയത്തിരുന്നു എന്നാണു് സമകാലികന്മാരുടെ സാക്ഷ്യം.

ഇപ്രകാരം ചരിത്രപ്രസിദ്ധമായിത്തീന്നിട്ടുള്ള ഒരു സംഭവത്തിൻെറ സ്മരണയാണു് കേരളകത്തോലിക്ക (കൽദായ) സുറിയാനിക്കാർ ആണ്ടുതോറും ഡിസംബർ 18 ാംനു- കൊണ്ടാടിവരുന്നതു്. അവർ അതിനെ മാത്തോമ്മാശ്ലീഹായോടു പ്രത്യേകവിധം ഘടിപ്പിക്കുന്നു എന്നതും പ്രത്യേകം പ്രസ്താവയോഗ്യമാണു്.

ഉദയമ്പേരൂർ സൂനഹദോസിനുമുമ്പു കേരളസുറിയാനിസഭയെ ഭരിച്ചിരുന്ന ഏതോ ഒരു വൈദികമേലദ്ധ്യക്ഷൻെറ കാലത്തായിരിക്കണം ഈ തിരുനാൾ കേരളത്തിൽ ആഘോഷിച്ചുതുടങ്ങിയതു്.



മൈലാപ്പൂരെ കരിശു്

"കാല ഇത 18-ാംനു- പെരുനാൾക്കുള ഉതിരക്കരിച വെച്ചു" എന്നു മട്ടുചിറയുള്ള കുരിശിനെപ്പററി അവിടെയുള്ള ലിഖിതത്തിൽ കാണുന്ന കാലം (കാല) 1580 ആണെന്നു ആ ലിഖിതത്തിൽനിന്നുതന്നെ മനസ്സിലാക്കാം. "18-ാംനു- പെരുനാൾ" ഡിസംബർ 18-ാംനു- ആഘോഷിക്കുന്ന പ്രസ്തുത തിരുനാൾ ആയിരിക്കണം. "ഉതിരക്കരിച" രുധിരക്കുരിശു അഥവാ ചോരക്കുരിശു ആവാം. ആകയാൽ മട്ടുചിറലിഖിതം പ്രസ്തുത തിരുനാളിനെയും അതു സൂചിപ്പിക്കുന്ന സംഭവത്തേയും പററിയുള്ള ഒരു പുരാതന സാക്ഷ്യമായി പരിഗണിക്കാവുന്നതാണു്.

PLAN TODAY FOR TOMORROW
SAVE ALL YOU CAN?
BUT REMEMBER TO INVEST YOUR
SAVINGS WHERE THEY WILL BE
SAFE AND WAITING FOR YOU
WHEN YOU NEED THEM.
The Eastern Mercantile Bank LTD.,
H. O. CHANGANACHERRY.
BRANCHES:- ALWAYE, CHANGANACHERRY, KOTHAMANGALAM, KOTTAYAM, MUVATTUPUZHA, NEDUMKUNNAM, PONKUNNAM, TIRUVELLA, TRICHUR, AND UPPUTHARA.
P. M. DEVASIA, Secretary
V. M. KURIAN, General Manager

വസ്ഥ അദ്ധ്യാപകനിയമനം സംബന്ധിച്ചാണല്ലോ. ഇതു കത്തോലിക്കാ വിദ്യാലയങ്ങളുടെ പരമലക്ഷ്യത്തെത്തന്നെയും അപകടത്തിലാക്കുന്ന ഒരു വ്യവസ്ഥയാണെന്നു അതിൻെറ നാനാവശങ്ങളെപററിയും അല്പം ചിന്തിച്ചാൽ നിഷ്പ്രയാസം മനസ്സിലാക്കാവുന്നതാണ്. പരിശുദ്ധമായ അന്തരീക്ഷത്തിൽ, വിശ്വാസസത്യങ്ങളുടെ വെളിച്ചത്തിൽ, സദ്‌വൃത്തന്മാരായ ഗുരുഭൂതന്മാരുടെ കീഴിൽ തങ്ങളുടെ കുട്ടികളുടെ സന്മാർഗ്ഗരൂപവൽക്കരണം സാധിക്കുന്നതിനാണല്ലോ കത്തോലിക്കർ നിരവധി ക്ലേശങ്ങൾ സഹിച്ചു വിദ്യാലയങ്ങൾ നടത്തുന്നതു. ഈ ഉദ്ദേശം സാധിക്കണമെങ്കിൽ അതിനുപററിയ അദ്ധ്യാപകന്മാരെ നിയമിക്കാനുള്ള സ്വാതന്ത്ര്യം മാനേജുമെൻറുകൾക്കു ഉണ്ടായിരിക്കണം.

ഇപ്പോഴത്തെ നിലവിലുള്ള പല വ്യവസ്ഥകൾക്കു പുറമെ ഗവൺമെണ്ടു നിർദ്ദേശിക്കുന്ന അദ്ധ്യാപകന്മാരെ മാത്രമേ പ്രൈമറി സ്കൂളുകളിൽ നിയമിക്കാവു എന്നു ശാഠ്യം ഇന്നത്തെ പുതിയ വ്യവസ്ഥ ഈ സ്വാതന്ത്ര്യത്തെ കാര്യമായി സ്പർശിക്കുന്നതുകൊണ്ടു സ്വീകരിക്കാൻ നിവൃത്തിയില്ലാതെ വന്നിരിക്കുന്നു. ഗവൺമെണ്ടു നിർദ്ദേശിക്കുന്ന അദ്ധ്യാപകന്മാർ ഒരുപക്ഷെ നിരീശ്വരന്മാരോ അനാചാരികളോ ദുർമാർഗ്ഗികളോ ആയെന്നുവരാം. അങ്ങനെയുള്ള അദ്ധ്യാപകന്മാരുടെ കൈയിൽ നമ്മുടെ ബാലികാബാലന്മാരെ ശിക്ഷണാധികാരമേൽപ്പിക്കുന്നതിന്റെ ആപത്തുകളെപ്പററി ചിന്തിക്കപോലും വയ്യാ. അത്രമാത്രം ഭയാനകങ്ങളായിരിക്കും അവ. ആകയാൽ ഹെഡ്മാസ്റ്റരുടെയും മററദ്ധ്യാപകരുടേയും നിയമനം സംബന്ധിച്ചു മന്ത്രിമാർ പുറപ്പെടുവിച്ചിട്ടുള്ള പുതിയ നിർദ്ദേശങ്ങൾ സ്വീകരിക്കുന്നതിനു കത്തോലിക്കാ മാനേജുമെൻറുകൾക്കു യാതൊരു നിവൃത്തിയുമില്ല.

ഏതുവിധം ഗുരുതരങ്ങളും ദുസ്സഹങ്ങളുമായ അനവധി പ്രതിബന്ധങ്ങൾ നിമിത്തമാണു നമ്മുടെ വിദ്യാഭ്യാസപദ്ധതി അനുകൂലിക്കാൻ നിവൃത്തിയില്ലാതെ വന്നിട്ടുള്ളതു. ഈ പരമാർത്ഥം അതിൻെറ ശരിയായ അർത്ഥത്തിൽ ഗവൺമെൻറും, പ്രത്യേകിച്ചു നമ്മുടെ അദ്ധ്യാപകന്മാരും മനസ്സിലാക്കണമെന്നു നാം അതിയായി ആഗ്രഹിക്കുന്നു. അദ്ധ്യാപകന്മാരുടെ ജീവിതത്തോതു ഉയർത്തുന്നതിനും, കഴിയുന്നത്ര ആനുകൂല്യങ്ങൾ അവർക്കു നൽകുന്നതിനും കത്തോലിക്കാ മാനേജുമെൻറുകൾ പ്രദർശിപ്പിച്ചിട്ടുള്ള ഉത്സാഹവും ജാഗ്രതയും അദ്വിതീയമാണു. മാനേജർമാരും അദ്ധ്യാപകന്മാരുടെ ഉററമിത്രങ്ങൾ, യഥാർത്ഥ ഗുണകാംക്ഷികൾ. അവർക്കു നിയമനസ്വാതന്ത്ര്യം ഉണ്ടായിരുന്നതുകൊണ്ടാണു ഇന്നത്തെ പ്രൈമറി സ്കൂൾ അദ്ധ്യാപകന്മാരിൽ ഭൂരിപക്ഷം പേർക്കും അവരുടെ നാട്ടിൽതന്നെ ഉദ്യോഗം ലഭിച്ചിട്ടുള്ളതു. മേലിൽ അവരുടെ അനന്തരവന്മാർക്കും ഈ പ്രകാരമുള്ള ആനുകൂല്യം ലഭിക്കണമെങ്കിൽ പ്രസ്തുത നിയമനസ്വാതന്ത്ര്യം നിലനിന്നേ മതിയാവൂ. തുടർന്നു പാലിക്കപ്പെടേണ്ടിയിരിക്കുന്നു. നമ്മുടെ അദ്ധ്യാപകന്മാർ ഇതു വസ്തുതകളെല്ലാം വിസ്മരിച്ചു വിദ്യാലയസ്വാതന്ത്ര്യത്തെ ബലികഴിക്കുന്ന കൂട്ടുകെട്ടിലൊന്നും ചെന്നു ചേരുകയില്ലെന്നും, പ്രത്യുത അല്പം ചില ബുദ്ധിമുട്ടുകളും ത്യാഗങ്ങളും സഹിക്കേണ്ടിവന്നാൽതന്നെയും, മാനേജർമാരോടു ചേർന്നുനിന്നു വിവേകപൂർവ്വം ന്യായമാർഗ്ഗങ്ങളിൽക്കൂടി അവകാശവാദം നടത്തി കാര്യങ്ങൾ നേടുമെന്നും, അങ്ങനെ നമ്മുടെ കാമനാരാന്ത്രങ്ങളുടെയും സമുദായത്തിന്റെയും നാടിന്റെയും ക്ഷേമസൗഭാഗ്യങ്ങൾ സുരക്ഷിതമാക്കിത്തീർക്കുമെന്നുമത്രെ നമ്മുടെ പ്രത്യാശ. നിർഭാഗ്യവശാൽ ചില അദ്ധ്യാപകന്മാർ സമുദായദ്രോഹികളുടെ കൂട്ടുകെട്ടിൽ പെട്ടു വഴിപിഴച്ചു പണിമുടക്കിനു മുതിരുന്നതായി കേൾക്കുന്നതു വേദനാജനകമായിരിക്കുന്നു. വ്യവസായികരംഗങ്ങളിൽപ്പോലും അവസാനായുധമായി പ്രയോഗിക്കേണ്ട പണിമുടക്കു പരിപാവനമായ വിദ്യാഭ്യാസരംഗത്തു്. ഉത്തരവാദപ്പെട്ട സമുദായസേവനം അനുഷ്ഠിക്കുന്ന അദ്ധ്യാപകന്മാർ അലക്ഷ്യമായി പ്രയോഗിക്കുന്നതു എങ്ങനെ നീതീകരിക്കുവാൻ സാധിക്കും? സ്വന്തം വിദ്യാർത്ഥികൾക്കു അവർ വരുത്തുന്ന പരിഹരിക്കാനാവാത്ത നാശനഷ്ടങ്ങൾ എത്ര ഗൗരവം! ചില സ്ഥലങ്ങളിൽ അദ്ധ്യാപകന്മാരിൽ പലരും ആ അധർമ്മപ്രവൃത്തിയുടെ അനാശാസ്യത മനസ്സിലാക്കി അതിൽനിന്നു വിരമിക്കുന്നതായി കാണുന്നതു ആശ്വാസജനകംതന്നെ. നമ്മുടെ അദ്ധ്യാപകന്മാരും ഈ പാഠം മുൻകൂട്ടി ഗ്രഹിച്ചു് അവരുടെ ഉദ്യോഗപവിത്രതയെ അഭംഗമായി പാലിച്ചു അനുകരണയോഗ്യമായ ഒരു സന്മാതൃക നൽകണമെന്നു സസ്നേഹം അവരെ നാം ഉൽബോധിപ്പിച്ചുകൊള്ളുന്നു.

കടശിയായി മാതാപിതാക്കന്മാരുടെ വിശ്വസ്തമക്കളായ കത്തോലിക്കാ പൗരന്മാരോടാണു് ഒരുവാക്കു പറയാനുള്ളതു. തങ്ങളുടെ വിദ്യാലയങ്ങൾ അന്യാധീനപ്പെട്ടുപോകാതെ അവയുടെ പ്രവർത്തനസ്വാതന്ത്ര്യം ഭദ്രമാക്കുന്നതിനും അധികാരാവകാശങ്ങൾ അന്യൂനം പാലിച്ചു പുലർത്തുന്നതിനുമുള്ള ചുമതല അവർക്കുണ്ടായിരിക്കുന്നു. ഗുരുതരവും പരിപാവനവുമായ ഈ ചുമതല അവർ നിഷ്കൃഷ്ടാപൂർവ്വം നിർവ്വഹിക്കേണ്ടതു മതിയാവൂ. ഉപേക്ഷ വിചാരിക്കുന്നപക്ഷം, അതു സമുദായത്തോടു പ്രത്യേകിച്ചു ഭാവിതലമുറകളോടും ചെയ്യുന്ന വലിയ ഒരപരാധമായിരിക്കും. മാത്രമല്ല, നൂററാണ്ടുകളായി, കത്തോലിക്കർ ഏതൊരു ലക്ഷ്യം വച്ചുകൊണ്ടു വിദ്യാഭ്യാസാർത്ഥം നിസ്സീമമായ ധനവ്യയവും കായക്ലേശവും ബുദ്ധിമുട്ടും സഹിച്ചുവോ, ആ പാവനലക്ഷ്യം നിശ്ശേഷം ശിഥിലീഭവിക്കുന്നതിനു ഇടയാകയും ചെയ്യും. പ്രതികൂലതകൾ കൂടാതെയുള്ള വിശ്വാസം നിർജ്ജീവമാകയാൽ, "നിങ്ങൾ വിശ്വാസത്തിൽ നിലനില്ക്കുവിൻ. ഉണർന്നിരിക്കുവിൻ. പൗരുഷത്തോടുകൂടെ പ്രവർത്തിക്കുവിൻ. ശക്തിപ്രാപിക്കുവിൻ" (I കൊറി. XVI. 13) എന്ന വി. അപ്പസ്തോലപ്രമുഖൻെറ ഉൽബോധനം നിങ്ങളെ ഈ അവസരത്തിൽ നാം അനുസ്മരിപ്പിച്ചുകൊള്ളുന്നു.

ആകയാൽ, ബഹു. സഹോദരരേ, പ്രിയ മക്കളേ, ഈ ആപൽസന്ധിയിൽ നിങ്ങളേവരും, വിവേകബുദ്ധിയും സമചിത്തതയും കൈവിടാതെ, ന്യായമായ മാർഗ്ഗങ്ങളിലൂടെ നിങ്ങളുടെ സമസ്തകഴിവുകളും പ്രയോഗിച്ചു വിജയം വരിക്കണമെന്നു സസ്നേഹപൂർവ്വം ഉൽബോധിപ്പിച്ചുകൊണ്ടും അതിനു വേണ്ട പ്രബുദ്ധതയും പ്രാപ്തിയും ധർമ്മധീരതയും ഉന്നതങ്ങളിൽനിന്നു നിങ്ങൾക്കു നൽകപ്പെടട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ടും ബാവായുടേയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമത്തിൽ നിങ്ങളേവരേയും നാം ആശീർവദിക്കുന്നു.

+ G. C. ALAPATT
BISHOP OF TRICHUR

തൃശ്ശൂർ നമ്മുടെ
അരമനയിൽനിന്നു്,
30—11—1950


**The Indian Insurance & Banking Corporation Ltd.,**
H. O. TRICHUR
Branches: ALWAYE, CALICUT, CHOWGHAT, SALEM, TATTAMANGALAM, TIRUR & TRICHUR
പാവറട്ടി ബ്രാഞ്ചിൽനിന്നു തുടങ്ങുന്ന പുതിയ
**— കൊല്ലക്കുറി —**
ഒന്നാമത്തെ തവണ 10—1—1951
കോർപ്പൊറേഷൻ പന്തിയായി 32 നറക്കും നറക്കൊന്നുക്കു് 1000ക. വീതം ആകെ സല 32000ക.യും 16 തവണകളും ഓരോ തവണക്കു് ഒരു നറക്ക എടുപ്പാനും ഒരു നറക്ക ലേലം വിളിപ്പാനും മററും നിശ്ചയങ്ങളോടുകൂടി 1951 ജനുവരി 10-ാംനു മുതൽ ഒരു പുതിയ കൊല്ലക്കുറി തുടങ്ങുന്നതാകുന്നു. കുറിയിൽ കുറഞ്ഞതു 16-ൽ ഒരംശം (62ക. 8ണ.)യുടെ വീതം വരെ ചേരാവുന്നതാണു്. കൂടുതൽ വിവരങ്ങൾ ഹെഡാഫീസിലോ ബ്രാഞ്ചുകളിലോ അന്വേഷിക്കുക.
AGENT


ഗ്രാമോദ്ധാരണപംക്തി

# കാരവണ്ട—(നെല്ലീച്ച)

## കൃഷ്യുൽപാദനവകുപ്പിൽനിന്നറിയിക്കുന്നതു്

കാരവണ്ടു (നെല്ലീച്ച) എന്ന ഒരുതരം വണ്ടു് നെൽകൃഷിയുടെ ഒരു ശത്രുവാകുന്നു. ഈ വണ്ടുകളെ മിഥുനം-കർക്കടകമാസങ്ങളിൽ വിരിപ്പുനിലങ്ങളിലും ചിങ്ങം-കന്നി മാസങ്ങളിൽ മുണ്ടകനിലം. ധനു-മകരമാസങ്ങളിൽ പുഞ്ചയിലും സാധാരണയായി കണ്ടുവരാറുണ്ടു്. ഈ വണ്ടിനെപ്പററി കൃഷിക്കാർ അറിഞ്ഞിരിക്കേണ്ട പ്രധാനവിവരങ്ങൾ താഴെ പറഞ്ഞിട്ടുള്ളവയാകുന്നു.

വളർച്ചയും ഉപദ്രവങ്ങളും

ഈ പ്രാണി വണ്ടുജാതിയിൽ പെട്ടതാണു. ഇതു വളരെ ചെറിയതും നീലവും കറുപ്പും ചേർന്ന നിറത്തോടുകൂടിയതുമാകുന്നു. ഇതിൻെറ ദേഹം ചെറിയ മുള്ളുകൾകൊണ്ടു നിറഞ്ഞിരിക്കും. ദൂരത്തുനിന്നു നോക്കിയാൽ ഇതു സാധാരണ ഈച്ചപോലെ തോന്നിക്കുന്നു. ഇത്തരം വണ്ടുകൾ നെല്ലോലയുടെ ഏററവും ഭാഗം കരണ്ടുതിന്നു ഓലകളെ ഉണക്കിക്കളയുന്നു. സാധാരണയായി ഓലയുടെ തുമ്പുഭാഗങ്ങളാണു ഇവ ഉണക്കിക്കളയുന്നതു. ഈ വണ്ടുകൾ പകൽസമയത്തു എല്ലായ്പോഴും ഓലകളുടെ മുകൾഭാഗത്തിരുന്നു തിന്നുന്നതു പ്രത്യക്ഷത്തിൽ കാണാം.

നെല്ലോലകളുടെ അകത്തു ഈ വണ്ടു ചെറിയ മുട്ടകൾ ഇടുന്നു. മുട്ടകൾ വിരിഞ്ഞു ചെറിയ പുഴുക്കളായിത്തീരുന്നു ഈ പുഴുക്കൾ നെല്ലോലയുടെ അകത്തു തുരന്നു പച്ചയായിട്ടുള്ള ഭാഗമെല്ലാം തിന്നുകളയും. തന്നിമിത്തം ഓലകൾ വേഗത്തിൽ ഉണങ്ങിപ്പോകുന്നു. പുഴുവായിരിക്കുമ്പോൾ ഈ പ്രാണി ഓലയുടെ അകത്തല്ലാതെ പുറത്തു ഒരിക്കലും കാണപ്പെടുന്നതല്ല. അതുകൊണ്ടു തുമ്പുകരിച്ചാൽ നെല്ലിൽ കാണുമ്പോൾ അതു കൃമിയുടെ ബാധയല്ലെന്നു പല കൃഷിക്കാരും ധരിക്കാനിടയാകുന്നുണ്ടു്. കൃമിബാധയുള്ള ഒരു ഓലയെടുത്തു സൂക്ഷിച്ചുനോക്കിയാൽ അതിൽ ഏററവും ചെറിയ പൊള്ളിച്ചലും, പൊള്ളിച്ചഭാഗം പൊട്ടിച്ചു നോക്കിയാൽ അകത്തൊരു ചെറിയ പുഴുവും കാണുന്നതാണു്. വെളുത്തനിറത്തിലുള്ള ഈ പുഴുവിനു ഒരു അരിമണിയുടെ വലിപ്പമാണുള്ളതു്. പ്രായം തികഞ്ഞ വണ്ടിനെപ്പോലെതന്നെ ഈ പുഴുക്കളും ഓലയുടെ മുകൾഭാഗത്തു മാത്രമാണു സാധാരണയായി ബാധിക്കുന്നതു്. ഒരു ഓലയിൽ നാലും അഞ്ചും പുഴുക്കൾ ഉണ്ടായിരിക്കും. ഈ പുഴുക്കൾ പ്രായം തികയുന്നതുവരെ ഓലകളുടെ അകത്തുതന്നെ കഴിയുന്നതും, പിന്നീടു സുഷുപ്താവസ്ഥയെ (Pupa stage) പ്രാപിച്ചു ഒടുവിൽ പ്രായപൂർത്തിയാകുന്ന വണ്ടുകളായി പുറത്തു പറന്നു വരുകയും ചെയ്യുന്നു.

പ്രസ്തുതപ്രാണി പുഴുവായിരിക്കുമ്പോഴും, വണ്ടായിരിക്കുമ്പോഴും നെല്ലിന്റെ ഓലകളെ ബാധിച്ചു് അവയെ പാടേ ഉണക്കിക്കളയുന്നു. ഈ പ്രാണിയുടെ ജീവിതകാലം രണ്ടുമൂന്നാഴ്ചക്കകം അവസാനിക്കുന്നതുകൊണ്ടും ഒരു സമയത്തുതന്നെ അനേകം മുട്ടകളിട്ടു എണ്ണം വർദ്ധിപ്പിക്കുന്നതിനു ഇതിനു പ്രത്യേക ശക്തിയുള്ളതുകൊണ്ടും, ഈ പ്രാണിബാധ നെൽച്ചെടികൾക്കു അതിവേഗം നാശമുണ്ടാക്കിത്തീർക്കാൻ പര്യാപ്തമാണു്.

നിവാരണമാർഗ്ഗങ്ങൾ

പല ശാസ്ത്രീയഗവേഷണങ്ങളും ഈ പ്രാണിബാധക്കു നിവാരണമാർഗ്ഗമുണ്ടാക്കുന്നതിനുവേണ്ടി നടത്തിയിട്ടുണ്ടു്. ഇവയുടെ ഫലമായി, താഴെപ്പറയുന്ന നടപടികൾകൊണ്ടു ഈ പ്രാണികളുടെ ഉപദ്രവം ബാധിക്കാതെ സൂക്ഷിക്കുവാൻ കഴിയുമെന്നാണു തെളിഞ്ഞിട്ടുള്ളതു്.

1. വണ്ടുകളെ പശപുരട്ടിയ മുറവീശി പിടിക്കുക

ഈ പ്രാണി പ്രായംതികഞ്ഞ വണ്ടായിരിക്കുമ്പോൾ നെല്ലോലയുടെ പുറത്തിരിക്കുന്നതുകൊണ്ടു അതിനെ മുറം വീശി പിടിക്കുന്നതിനു വളരെ എളുപ്പമാണു. വണ്ടു മുറത്തിൽ പററിപ്പിടിച്ചിരിക്കത്തക്കവണ്ണം ശരിയായി ഒട്ടുന്ന ഒരു പശ തേച്ചു വീശണം. ഇതിനുതക്കതായ പശയുണ്ടാക്കി മുറത്തിൽ പുരട്ടി വീശിയാൽ ധാരാളം വണ്ടുകളെ പിടിക്കുവാൻ കഴിയുന്നതാണു്. മുറം സൂക്ഷിച്ചുവയ്ക്കുന്നതായാൽ ഇതു പലപ്രാവശ്യം ഉപയോഗിക്കയും ചെയ്യാം.

പശ ഉണ്ടാക്കേണ്ടവിധം—ഏതെങ്കിലും വിലകുറഞ്ഞ എണ്ണ (മരവെട്ടിയോ, പുന്നയോ, വെളിച്ചെണ്ണയുടെ മട്ടിയോ) വേണ്ടിടത്തോളം എടുത്തു തിളപ്പിച്ചു് അതിൽ കുന്തിരിക്കത്തിൻെറ ("ചെഞ്ചല്യം" അഥവാ "റെസ്സിൻ" Rosin) പൊടി ചേർത്തു് ഇളക്കിക്കൊണ്ടിരിക്കണം. നല്ലവണ്ണം ഒട്ടുന്ന പശ കിട്ടുന്നതുവരെ മേൽപ്പറഞ്ഞ പൊടിയിട്ടിളക്കണം. പശ നല്ലപോലെ ഒട്ടുന്നപാകത്തിലായാൽ അതെടുത്തു് ഉപയോഗിക്കാം.

കൈവലകൾ വീശി വണ്ടുകളെ പിടിച്ചു് നശിപ്പിക്കുന്നതു് ഒരു എളുപ്പമായ മാർഗ്ഗമാണു്.

2. പുഴുബാധിച്ച ഓലകളെ വെട്ടിനശിപ്പിക്കുക

ഈ പ്രാണി പുഴുവായിട്ടു ഓലകളുടെ അകത്തിരിക്കുമ്പോൾ ഓലകളുടെ തുമ്പു അരിഞ്ഞു് കുഴിച്ചിടുകയോ, എരിച്ചുകളയുകയോ ചെയ്യണം. നാല്പത്തഞ്ചു ദിവസത്തെ മൂപ്പിൽകുറഞ്ഞ തൈകളാണെങ്കിൽ ഓലയുടെ തുമ്പു് വെട്ടിക്കളയുന്നതുകൊണ്ടു് നെല്ലിനു യാതൊരു ഉപദ്രവവും നേരിടുന്നതല്ല. തുമ്പു് ഈ വിധം അരിയുന്നതിനുമുമ്പു ഓലയുടെ അകത്തു് ധാരാളം പുഴുക്കളുണ്ടോയെന്നു സൂക്ഷ്മമായി പരിശോധിക്കണം. തുമ്പു കരിച്ചാൽ, വണ്ടുകൾ ചെയ്യുന്ന ഉപദ്രവംകൊണ്ടു് മാത്രമാണെങ്കിൽ തുമ്പുകൾ അരിയുന്നതുകൊണ്ടു് യാതൊരു ഫലവുമില്ല.

3 പ്രാണിനശീകരണമരുന്നുകൾ പ്രയോഗിക്കുക

മേൽവിവരിച്ച നിവാരണമാർഗ്ഗങ്ങൾക്കും പുറമെ, "ഗ്യാമക്സിൻ" (Gammexane), "ഡി. ഡി. റി." (D·D·T·) മുതലായവ വേണ്ടവിധം പ്രയോഗിച്ചാൽ വണ്ടുകളുടെ ഉപദ്രവങ്ങളിൽനിന്നു് നെൽച്ചെടികളെ സംരക്ഷിക്കുന്നതിനു സാധിക്കും. വണ്ടുകളെ സംബന്ധിച്ചു മാത്രമേ ഈ മരുന്നുകൾ ഫലപ്രദമാകയുള്ളൂ. മുട്ടകളും പുഴുക്കളും ഓലകളുടെ അകത്താകയാൽ ഈ മരുന്നുകൾകൊണ്ടു് അവയെ നശിപ്പിക്കുന്നതിനു് സാധിക്കയില്ല. ഷാപ്പുകളിൽനിന്നോ, കൃഷിഡിപ്പാർട്ടുമെണ്ടുവക ഡിപ്പോകളിൽനിന്നോ ഈ മരുന്നുകൾ വാങ്ങി മഴയില്ലാത്ത അവസരങ്ങളിൽ തൂവുന്നതു് നന്നു്. ഇത്തരം മരുന്നുകൾ തൂവുന്നതിനായി ചെറിയതരം "പമ്പു"കൾ (Hand-Pump) ഷാപ്പുകളിൽനിന്നും മററും ലഭിക്കുന്നതാണു്. പമ്പു കിട്ടാത്തപക്ഷം ഇഴ അകലമുള്ള തോർത്തുമുണ്ടിൽ കിഴികെട്ടി തൂവുന്നതിനു ഉപയോഗിക്കാം.

"ഗ്യാമക്സിൻ," ഡി. ഡി. റി. മുതലായ മരുന്നുകൾ കൃഷിഡിപ്പാർട്ടുമെണ്ടിൽനിന്നും സൗജന്യമായി കൃഷിക്കാർക്കു വിതരണം ചെയ്യുന്നതിനുവേണ്ട ഏർപ്പാടുകൾ ചെയ്തിട്ടുണ്ടു്. അതിനാൽ ഇത്തരം പ്രാണിബാധയുണ്ടാകുമ്പോൾ സ്ഥലത്തുള്ള കൃഷിവകുപ്പു് ഉദ്യോഗസ്ഥനെ സമീപിച്ചു് വിദഗ്ദ്ധോപദേശം വാങ്ങി വേണ്ട നടപടികൾ യഥാസമയം നടത്തേണ്ടതാകുന്നു. കേടുമൂലം ക്ഷീണിച്ചുപോകാനിടയായ തൈകളെ ഊർജ്ജിതമായി വളർത്തുവാൻ ഏക്കറൊന്നിനു 60 മുതൽ 80 റാത്തൽവരെ "അമോണിയം സൽഫേററു്" (Ammonium Sulphate) വളം ചിന്നിക്കൊടുക്കണം. എന്നാൽ തൈകൾ രക്ഷപ്പെടുമെന്നു മാത്രമല്ല മുമ്പിലത്തെക്കാൾ ശക്തിയായി വളരുകയും ചെയ്യും.

ഈ നിവാരണമാർഗ്ഗങ്ങൾ അനുസരിച്ചു് പ്രവർത്തിക്കുന്നതായാൽ പ്രസ്തുത പ്രാണിബാധയെ വേണ്ടവിധം നിരോധിക്കാവുന്നതാണു്.

## ഇടവകവാർത്തകൾ

കത്യതോട്ട് പഴയപള്ളി ഇടവകയിൽപ്പെട്ട വിവിധസംഘടനകളുടെ ആഭിമുഖ്യത്തിൽ ഒരു പൊതുയോഗം നവംബർ 19-ാംനു- റവ. ഫാ. പീററർ ടി. ഒ. സി. ഡി. അവർകളുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. മി. എം. ഐ. ആൻറണി ബി. എ., മി. എം. വി. ജോസഫ് എന്നിവർ പ്രസംഗിച്ചു.

—വിശുദ്ധവത്സരതീർത്ഥാടനം കഴിഞ്ഞു മടങ്ങിയെത്തിയ റവ. ഫാ. എബ്രഹാം പയ്യപ്പിള്ളി അവർകൾക്ക് കോട്ടുവള്ളി ഇടവകക്കാർ ഗംഭീരമായ ഒരു സ്വീകരണം നൽകിയിരിക്കുന്നു.

—ഇരിഞ്ഞാലക്കുട കിഴക്കേപ്പള്ളി അങ്കണത്തിൽവച്ച് ബ്രദർ പീററർറെഡ്ഡി നവംബർ 19, 21 എന്നീ തീയതികളിൽ ഓരോ പ്രസംഗം നടത്തിയിരിക്കുന്നു.

—ചൂണ്ടച്ചേരി ചെറുപുഷ്പമിഷൻലീഗിൻെറ ആഭിമുഖ്യത്തിൽ ഹൈദ്രബാദിലെ ഒരു മിഷൻഗ്രാമത്തിൻെറ ചെലവു വഹിക്കാൻ തീരുമാനിച്ചിരിക്കുന്നു.

—മൂലമററം, കുടയത്തൂർ, ഉറുമ്പുകാവ്, ചേനപ്പാടി എന്നീ സ്ഥലങ്ങളിൽ ചെറുപുഷ്പമിഷൻലീഗിൻെറ പുതിയ ശാഖകൾ ഉൽഘാടനം ചെയ്തിരിക്കുന്നു.

—അങ്കമാലി: വിൻസെൻറ് ഡി പോൾ സംഘത്തിൻെറ 4-ാമതു വാർഷികം നവംബർ 26-ാംനു- ശ്രീ ഇലഞ്ഞിക്കൽ തയ്യിൽ കുഞ്ഞിത്തൊമ്മൻ അവർകളുടെ അദ്ധ്യക്ഷതയിൽ കൊണ്ടാടുകയുണ്ടായി. ബ്രദർ പീററർ റെഡ്ഡി തദവസരത്തിൽ ഒരു പ്രസംഗം ചെയ്തു.

—എറണാകുളം മെത്രാപ്പോലീത്താ തിരുമനസ്സിലെ മെത്രാഭിഷേകത്തിൻെറ 39-ാമതു വാർഷികദിനമായിരുന്ന ഡിസംബർ 3-ാംനു- എറണാകുളം സെൻറ് മേരീസ് കോൺവെൻറ് ദിവ്യകാരുണ്യ ശുശ്രൂഷസംഘത്തിൻെറ വാർഷികസമ്മേളനം അതിവന്ദ്യമെത്രാപ്പോലീത്താ തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ നടത്തിയിരിക്കുന്നു.

—പാലയൂർ ഫൊറോനാപള്ളി ഇടവകയിലെ മരിയാസഖ്യങ്ങളുടെ സംയുക്തവാർഷികം നവംബർ 26-ാംനു- റവ. ഫാ. പാസ്കൽ ടി. ഒ. സി. ഡി., ബി. എ. എൽ. ടി. അവർകളുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. മി. എൻ. കെ. ലാസർ ബി. എസ്‌സി. പ്രസംഗിച്ചു. യോഗാനന്തരം മാർ തോമാശ്ലീഹായെപ്പററിയുള്ള ഒരു പ്രഹസനം അഭിനയിക്കപ്പെട്ടു.

—തിരുവനന്തപുരം സെൻറ് ജോസഫ്സ് ഭദ്രാസനദേവാലയത്തിലെ മരിയാസഖ്യങ്ങളുടെ കനകജൂബിലി ഡിസംബർ 3 മുതൽ 10വരെയുള്ള തീയതികളിൽ ആഘോഷിക്കപ്പെട്ടിരിക്കുന്നു. ഏതത്സംബന്ധമായി നടത്തിയ പ്രസംഗമത്സരത്തിൽ ശ്രീ കെ. കെ. സിറിയക്ക്, ശ്രീ എ. അലോഷ്യസ് എന്നിവർ സമ്മാനാർഹരായി.

—ചങ്ങനാശേരി: കഥാപ്രസംഗകൻ ശ്രീ പി. ററി. തോമസ് പുതുതായി അവതരിപ്പിക്കുന്ന "ആത്മശാന്തി" എന്ന കഥയുടെ ഉൽഘാടനം രാജശ്രീ പി. കെ. കുഞ്ചെറിയ എം. എ. അവർകൾ നിർവ്വഹിച്ചിരിക്കുന്നു.

—മണിമലയിലെ ചുമട്ടുതൊഴിലാളികൾ അവരുടെ ദിവസക്കൂലിയിൽനിന്നും ശേഖരിച്ചുണ്ടാക്കിയ 5 ക. സത്യദീപം സൗജന്യവിതരണഫണ്ടിലേക്ക് സംഭാവനചെയ്തിരിക്കുന്നു. സ്ഥലത്തെ വിൻസെൻറ് ഡി പോൾ സംഘത്തിനും അവർ ഇപ്രകാരം 5 ക. സംഭാവനചെയ്കയുണ്ടായി.

—കല്ലാനോട്ട സെൻറ് മേരീസ് ദേവാലയത്തിൽ നവം. 21-ാം തീയതി മുതൽ 25-ാം തീയതിവരെ പൊതുജനങ്ങൾക്കുവേണ്ടി ഒരു ജ്ഞാനധ്യാനം നടത്തിയിരിക്കുന്നു. ധ്യാനഗുരു റവ. ഡോ. എൽ. ജെ. ചിററൂർ പി എച്ച്. ഡി., ഡി. ഡി. അവർകളായിരുന്നു.

—കോതനെല്ലൂർ ഇടവകയിൽ സെൻറ് വിൻസെൻറ് ഡി പോൾ സംഘത്തിൻെറ ഒരു ശാഖ ഉൽഘാടനം ചെയ്യപ്പെട്ടിരിക്കുന്നു.

—തിരു-കൊച്ചി ഗവമ്മെൻറിൻെറ പുതിയ വിദ്യാഭ്യാസപദ്ധതിയെ പ്രതിഷേധിക്കുന്നതിനായി തേവര കോളേജ്", മുത്തോലി, ഏത്രർ, പിറവം, കുമരകം, കട്ടച്ചിറ, കോതമംഗലം, വയല, അങ്കമാലി, കണ്ണങ്കര, കല്ലറ പഴയപള്ളി തുടങ്ങി അനേകം സ്ഥലങ്ങളിൽ പൊതുയോഗങ്ങൾ കൂടുകയും പ്രതിഷേധപ്രമേയങ്ങൾ പാസാക്കുകയും ചെയ്തതായി അറിയുന്നു.

—കണ്ണങ്കര വിൻസെൻറ് ഡി പോൾ സഖ്യത്തിൻെറ ഒരു പൊതുയോഗം ഡിസംബർ 2-ാം തീയതി വെരി റവ. മോൺ. ജേക്കബ് നടുവത്തുശേരി അവർകളുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടിരിക്കുന്നു. റവ. സെബാസ്ത്യൻ മങ്കുഴിക്കരി, ശ്രീ ടി. കെ. വക്കി, ശ്രീ വി. സി. ജോർജ് ബി. എ. എൽ. ടി. എന്നിവർ പ്രസംഗിച്ചു.

—കാഥികൻ ശ്രീ ജോസഫ് ചിയേടൻ അവർകൾ അയിരൂർ കത്തോലിക്കാ യുവജനസമാജത്തിൻെറ ധനശേഖരാർത്ഥം ഒരു കഥാപ്രസംഗം നടത്തിയിരിക്കുന്നു.

—എരുമേലി: വിശുദ്ധവത്സരതീർത്ഥാടനം കഴിഞ്ഞു മടങ്ങിയെത്തിയ ശ്രീ ചാക്കോ ദേവസ്യ പൂവത്തിങ്കൽ അവർകളെ അനുമോദിക്കുന്നതിനായി ഒരു സമ്മേളനം ഡിസംബർ 3-ാം തീയതി റവ. ഫാ. ഫിലിപ്പ് മുറിഞ്ഞകല്ലേൽ അവർകളുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. ശ്രീ കെ. സി. ജോസഫ്, റവ. മാത്യൂ മാപ്പിളക്കുന്നേൽ എന്നിവർ പ്രസംഗിച്ചു.

സ്വർണ്ണപണയം
കുറഞ്ഞപലിശ. കൂടുതൽ നിരക്ക്
ബാങ്ക് ഓഫ്
കൊച്ചിൻ ക്ലിപ്തം
എറണാകുളം
മട്ടാഞ്ചേരി, ചാലക്കുടി, തൃശ്ശൂർ,
വില്ലിങ്ങ്ടൺ ഐലണ്ട്

### വിവാഹം

വടക്കാഞ്ചേരി. ചിററിലപ്പിള്ളി ശ്രീ പേറു അവർകളുടെ പുത്രൻ മി. ഫ്രാൻസിസും പൊറുത്തൂർ ചിറമ്മൽ ശ്രീ കുഞ്ഞുവറീതു് അവർകളുടെ പുത്രി ശ്രീമതി സിസിലിയും തമ്മിലുള്ള വിവാഹം നവംബർ 27-ാംനു- പൊറുത്തൂർപള്ളിയിൽവച്ചു നടന്നിരിക്കുന്നു.

### ചരമം

ചേലൂർ: ഒമ്പതാംക്ലാസ് വിദ്യാർത്ഥിയായ ശ്രീ ടി. കെ. അന്തോണി നവംബർ 14-ാംനു- നിര്യാതനായിരിക്കുന്നു.

കട്ടുത്തുരുത്തി: സുപ്രസിദ്ധ സാഹിത്യകാരനായ ശ്രീ വറുഗീസ് കാഞ്ഞിരത്തുങ്കൽ അവർകളുടെ മാതാവ് ശ്രീമതി അന്നമ്മ 48-ാമത്തെ വയസ്സിൽ ഡിസംബർ 6-ാംനു- നിര്യാതയായിരിക്കുന്നു.

R. I. P.

### തിരിച്ചെത്തി

തീർത്ഥാടനാർത്ഥം റോമിലേക്കുപോയിരുന്ന റവ. ഫാ. സെബാസ്റ്റ്യൻ കരോട്ടുവെമ്പേനി, റവ. ഫാ. മാത്യൂ വെള്ളാപ്പാട്ട്, ശ്രീ കല്ലറയ്ക്കൽ മാള്യേക്കൽ തോമസ് (കാഞ്ഞിരപ്പള്ളി) എന്നിവർ നവംബർ 26-ാംനു- തിരിച്ചെത്തിയിരിക്കുന്നു.

## മന്ത്രിമാരോട് ഒരഭ്യർത്ഥന

(ജോസഫ് പെട്ട എം. എ.)

ഡിസംബർ 5-ാംനു-യിലെ ദീപികയിൽ നമ്മുടെ മന്ത്രിമാരുടെ ഡൽഹിയാത്ര സംബന്ധിച്ചു ചേർത്തിരുന്ന റിപ്പോർട്ടു സശ്രദ്ധം വായിക്കുകയുണ്ടായി. പനമ്പിള്ളിപദ്ധതിയെപ്പററി ദീപികയുടെ പ്രതിനിധിയുമായി മന്ത്രിമാർ ഡൽഹിയിൽവെച്ചു നടത്തിയ സംഭാഷണമാണു എൻെറ ശ്രദ്ധ പ്രത്യേകം ആകർഷിച്ചതു്. അതിൽ കണ്ടതായ ഒരു സംഗതി മാത്രം ചൂണ്ടിക്കാണിച്ചു ഒരു വാക്കു പറഞ്ഞുകൊള്ളട്ടെ. "ഇതിലെ (പുതിയ പദ്ധതിയിലെ) വസ്തുതകൾ പരിശോധിച്ചാൽ മാനേജർമാരുടേയും ഗവമ്മെൻറിൻേറയും നിലപാടുകൾ തമ്മിൽ ഗണ്യമായ അന്തരമൊന്നും കാണുന്നില്ല" എന്നു മന്ത്രിമാർ പ്രസ്താവിച്ചതായി റിപ്പോർട്ടിൽ കാണുന്നു. അങ്ങനെ രണ്ടു നിലപാടുകളും തമ്മിൽ ഗണ്യമായ വ്യത്യാസമൊന്നും ഇല്ലെന്നു മന്ത്രിമാക്കു ബോധ്യമുള്ളനിലയ്ക്കു, ഗവമ്മെണ്ടു് അവയിൽ ഏതെങ്കിലും ഒന്നു സ്വീകരിക്കുന്നതുകൊണ്ടു എന്തു ദൂഷ്യമാണു വരാനുള്ളതു്? ഇത്രയേറെ വാശിപിടിച്ചു നാട്ടനീളെ നിരവധി അനിഷ്ടസംഭവങ്ങൾ ഉണ്ടാക്കിക്കൂട്ടുന്നതിനു ആവശ്യമെന്താണു്? മാനേജർമാക്കാണെങ്കിൽ, അവരുടെ നിലപാടും ഗവർമ്മെണ്ടിൻെറ നിലപാടും തമ്മിൽ വലിയ അന്തരമുണ്ടെന്നുള്ള ബോദ്ധ്യമാണുള്ളതു്. അതിനാൽ ഗവമ്മെണ്ടുനിലപാടു് സ്വീകരിക്കുന്നതിനു അവക്കു നിവൃത്തിയില്ലെന്നും പറയുന്നതിൽ യുക്തിയുണ്ടു്. എന്നാൽ മന്ത്രിമാർ പറയുന്നു, രണ്ടു നിലപാടുകളും തമ്മിൽ കാര്യമായ അന്തരമില്ലെന്നു്. അങ്ങനെയെങ്കിൽ, സൗഹാർദ്ദവും സമാധാനവും പാലിക്കുന്നതിനുവേണ്ടിയെങ്കിലും അവർ മാനേജർമാരുടെ നിലപാടു സ്വീകരിച്ചു് കാര്യങ്ങൾ ഭംഗിയായി കലാശിപ്പിക്കുകയല്ലേ വേണ്ടതു? അതല്ലേ യുക്തിയുക്തമായ പ്രവൃത്തി? അതല്ലേ സമർത്ഥമായ ഭരണനയം? അതല്ലേ വിശാലമനസ്കത?

ആകയാൽ, "ക്രൈസ്തവസമുദായത്തെ പ്രതിനിധീകരിക്കുന്ന മന്ത്രിമാരെന്ന നിലയിൽ, തങ്ങൾ സമുദായത്തെ വഞ്ചിക്കുകയില്ലെന്നു" ഉറപ്പുതരുന്ന ഉദാരമനസ്കരായ മന്ത്രിമാർ, ഗവർമ്മെൻറിൻെറ നിലപാടും മാനേജർമാരുടെ നിലപാടും തമ്മിൽ ഗണ്യമായ അന്തരമില്ലെന്നുള്ള തങ്ങളുടെ ബോദ്ധ്യം സഹപ്രവർത്തകനായ വിദ്യാഭ്യാസമന്ത്രിയെ ശരിയായി ഗ്രഹിപ്പിച്ചു്, ഗവർമ്മെൻറിൻെറ നിലപാടുതന്നെ മുറുകെ പിടിച്ചുകൊണ്ടിരിക്കുന്ന നിർബന്ധബുദ്ധിയിൽനിന്നു അദ്ദേഹത്തെ വിരമിപ്പിക്കണമെന്നു സാദരം അഭ്യർത്ഥിച്ചുകൊള്ളുന്നു. ഈ ദുർഘടഘട്ടത്തിൽ നാടിനും നാട്ടാക്കും ചെയ്തുകൊടുക്കാവുന്ന അതിമഹത്തായ ഒരു സേവനമായിരിക്കും അതു്. കോൺഗ്രസ് ഗവമ്മെൻറിൻെറ ശക്തിക്കും പ്രശസ്തിക്കും അതു മാററുകൂട്ടും. മാത്രമല്ല, അദ്ധ്യാപകരും മാനേജർമാരും ബഹുജനങ്ങളുംഒരുപോലെമി.പനമ്പിള്ളിയെ അഭിനന്ദിക്കുന്നതിനു ഇടയാകയും ചെയ്യും.

പുസ്തകാഭിപ്രായം

## ലോകഗുരു

[ഗ്രന്ഥകർത്താ: ഫാദർ എസ്. തേർമഠം എം. ഒ. എൽ., ഡക്കാൺ പ്രിൻറിംഗ് ആൻറ് പബ്ലീഷിംഗ് ഹൗസ്, കോഴിക്കോട്. പേജ് 168, വില 1—8—0]

ക്രിസ്തുവിൻെറജീവിതകഥയെ ആധാരമാക്കി, സുപ്രസിദ്ധ ഭാഷാപണ്ഡിതനും സാഹിത്യമർമ്മജ്ഞനുമായ റവ. ഫാദർ എസ്. തേർമഠം എം. ഒ. എൽ. രചിച്ചിട്ടുള്ള ഒരു വിശിഷ്ട ഗ്രന്ഥമാണു് "ലോകഗുരു". ചുരുങ്ങിയ കാലയളവിൽ ഇതിൻെറ മൂന്നു പതിപ്പുകൾ പ്രസിദ്ധീകരിക്കേണ്ടിവന്നു എന്നതിൽനിന്നുതന്നെ, എത്ര ഹൃദ്യമായ ഒരു സ്വീകരണമാണു ഭാഷാഭിമാനികൾ ഇതിനു നല്കിയതെന്നു വ്യക്തമാകുന്നുണ്ടു്. സാഹിത്യരസം വഴിഞ്ഞൊഴുകുന്ന ഈ കൃതി വായിക്കുമ്പോൾ ഏതൊരു സഹൃദയൻെറയും അന്തരംഗത്തിൽ ആനന്ദം അലതല്ലാതിരിക്കയില്ല. അത്രയ്ക്കു രസനിഷ്യന്ദിയും ചമൽക്കാരസുരഭിലവുമാണു് ഇതിലേ ഓരോ വാചകവും. ഇതൊരു ഗദ്യഗ്രന്ഥമാണെങ്കിലും, "വാക്യം രസാത്മകം കാവ്യം" എന്ന മാനദണ്ഡം വച്ചു നോക്കുമ്പോൾ ഈ കൃതി ഒരു മനോജ്ഞകാവ്യംതന്നെയാണെന്നു നിസ്സംശയം പറയാം. അധുനാതനങ്ങളും ഭാവനാസമ്പന്നങ്ങളുമായ ശൈലികളും അലങ്കാരങ്ങളും പ്രയോഗിച്ചു ആശയാവിഷ്കരണം സാധിക്കുന്നതിനും അനുവാചകരുടെ അകതാർ കുളുർപ്പിക്കുന്നതിനും ഗ്രന്ഥകാരനുള്ള പാടവം ഒന്നു വേറെതന്നെയാണു്. ഉദാഹരണമായി ഏതാനും വാചകങ്ങൾ ഉദ്ധരിച്ചുകൊള്ളട്ടെ.—

"സൗന്ദര്യത്തിൻെറ അഭിനവാവതാരമായി വിയന്മാർഗ്ഗത്തിൽനിന്നും വഴുതിവീണ ഒരു താരകപോലെ അവൾ (ശിശുവായ മറിയം) ശോഭിച്ചു." (പേജ് 1.)

"ലോകത്തിൻെറ അധർമ്മപ്രവൃത്തികൾ കണ്ടു കോപം സഹിക്കവയ്യാതായിട്ടായിരിക്കാം യോർദ്ദാൻ നദി എന്തോ പിറുപിറുത്തുംകൊണ്ടു് അതിവേഗത്തിൽ ഒഴുകിപ്പൊയ്ക്കൊണ്ടിരുന്നതു്." (പേജ് 36)

"പൂങ്കുയിലിൻെറ സ്വരമാധുരിയും, തത്വജ്ഞൻെറ ആശയഗാംഭീര്യവും, പണ്ഡിതൻെറ ഭാഷാശുദ്ധിയും, കവിയുടെ ഭാവനയും, സന്യാസിയുടെ ഭക്തിഭാവവും, ശിശുവിൻെറ നിഷ്കളങ്കതയും, വിധികർത്താവിൻെറ ഗൗരവവും ഒരേസമയത്തു അവിടത്തെ (ക്രിസ്തുവിൻെറ) പ്രസംഗത്തിൽ മുഴങ്ങുന്നുണ്ടായിരുന്നു." (പേജ് 44.)

"ധാർമ്മികലോകത്തിൽ മനുഷ്യൻെറ കൈയിൽ കിട്ടിയ ഒരനർഘനിക്ഷേപമാണു്—കാലകല്ലോലങ്ങൾ ഇരുപതു നൂററാണ്ടുകളോളം ആഞ്ഞടിച്ചിട്ടും മാഞ്ഞുപോകാത്ത ഒരു ശിലാരേഖയാണു്—നാളിതുവരെയുണ്ടായിട്ടുള്ള സകല ധർമ്മമീമാംസകൾക്കും മകുടംചാർത്തുന്ന ഒരു രാജതിട്ടൂരമാണു് ക്രിസ്തുവിൻെറ ഗിരിപ്രഭാഷണം." (പേജ് 51)

"പരസ്പരവൈരികളായ ക്രൂരജന്തുക്കൾ നിറഞ്ഞ ഘോരവനത്തിൻെറ നടുവിൽക്കൂടി മൃദുലഗാനംപാടി ഒഴുകിപ്പോകുന്ന ഒരു കൊച്ചുതരംഗിണിപോലെയാണു് അവരുടെ (സമാധാനപ്രിയരുടെ) അന്തരംഗം." (പേജ് 60)

"അവളുടെ (വിധവയുടെ) ഹൃദയാകാശത്തിൽ ശോഭിച്ചിരുന്ന രണ്ടുജ്ജ്വലനക്ഷത്രങ്ങൾ—യൗവ്വനത്തിലെ സന്തോഷവും വാർദ്ധക്യത്തിലെ താങ്ങും—ഭർത്താവും മകനും—കാലയവനികയ്ക്കുള്ളിൽ മറഞ്ഞുപോയതിനാൽ അവളിപ്പോൾ കൂരിരുൾപ്പരപ്പിൽ തപ്പിത്തടഞ്ഞുനടക്കുകയാണു്." (പേജ് 77)

"പുലരി പാരിടമാകെ പൊൻപൂശുന്ന മോഹനവേളയിൽ ആ ഉഷഃശ്രീയുടെ ലാസ്യത്തിനൊപ്പിച്ചു് ആനന്ദനൃത്തമാടുന്ന തടാകത്തിൻെറ തീരത്തിൽ ക്രിസ്തു ജനാവലിയോടു സംസാരിച്ചുകൊണ്ടു നില്ക്കുകയായിരുന്നു." (പേജ് 90)

യൗസേപ്പുപിതാവിൻെറ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു് ഉപകാരസ്മരണ. 5 ക.

T. J. Scaria, Arakulam

ഫെഡറൽ ബാങ്ക് ക്ലിപ്തം
ആലുവാ.
എറണാകുളം, അങ്കമാലി, പെരുമ്പാവൂർ, ചാലക്കുടി.
ഡെപ്പോസിററ് പലിശനിരക്ക്

| | |
|---|---|
| കറൻറ് $\frac{1}{2}$% | സ്ഥിരം 1 കൊല്ലം 4$\frac{1}{2}$% |
| സേവിംഗ്സ് 3% | " 2 കൊല്ലം 5% |
| 15 ദിവസത്തെനോട്ടീസ് ഡെപ്പോസിററ് 4% | " 3 കൊല്ലം 5$\frac{1}{2}$% |
| 7 ദിവസത്തെ നോട്ടീസ് ഡെപ്പോസിററ് 2$\frac{1}{2}$% | |

സ്വർണ്ണപണയത്തിന്മേലും, മററ് അംഗീകൃതചരക്കുകളുടെ ലോണിന്മേലും പണം കടം കൊടുക്കുന്നതാണു്.

ഏവംവിധം നിസർഗ്ഗസുന്ദരങ്ങളായ വാചകങ്ങൾ ഇടതിങ്ങി നില്ക്കുന്ന ഒരു സാഹിത്യാരാമമാണ് ഈ ഗ്രന്ഥം. ചില എഴുത്തുകാർ ചെയ്യുന്നതുപോലെ, ഇന്നത്തെ "പുരോഗമനസാഹിത്യ"ക്കമ്പോളത്തിൽ സഹായവിലയ്ക്കു കിട്ടുന്ന ഏതാനും ശൈലികൾ വാങ്ങി ഗ്രന്ഥത്തിൽ അങ്ങിങ്ങായി നിരത്തിവച്ച് കൃതാർത്ഥനാകയല്ല ഫാദർ തർജ്ജമ ചെയ്തിരിക്കുന്നത്. അഭിനവങ്ങളും സ്വകപോലകല്പിതങ്ങളുമായ പ്രയോഗവിശേഷങ്ങൾകൊണ്ട് അദ്ദേഹം "ലോകഗുരു"വിനെ ഉടനീളം സമലങ്കരിച്ചിരിക്കുന്നു. ഇതിലെ വർണ്ണനങ്ങളും അലങ്കാരങ്ങളുമെല്ലാം സ്ഥാനസ്ഥിതങ്ങളും സന്ദർഭോചിതങ്ങളുമാണ്.

പ്രതിപാദ്യവിഷയം സംബന്ധിച്ചിടത്തോളം, ക്രിസ്തുവിന്റെ ജീവചരിത്രത്തിലെ സംഭവങ്ങളൊന്നും വിടാതെ, കാലക്രമമനുസരിച്ചു തുടർച്ചയായി വിവരിക്കുന്നതിനു ഉദ്ദേശിക്കപ്പെട്ടിട്ടുള്ള ഒരു കൃതിയല്ലിതു്. പ്രത്യുത, ആ ജഗദ്ഗുരുവിന്റെ ഉപദേശങ്ങളിലും പ്രവൃത്തനങ്ങളിലും ജീവിതമാതൃകകളിലും അന്തർഭവിച്ചിരിക്കുന്ന മഹനീയതത്വങ്ങളെ ഒരു ചിന്തകന്റെ നിരീക്ഷണപാടവത്തോടെ പ്രകാശിപ്പിക്കുകയാണ് ഗ്രന്ഥകാരൻ ചെയ്തിട്ടുള്ളതു. "പല ഭാഗങ്ങളിലും ഇതു വിശുദ്ധ ബൈബ്ളിന്റെ അഗാധതയിലേക്കു വെളിച്ചം വീശുന്ന ഒരു വ്യാഖ്യാനവുമാണ്" എന്നു അവതാരികാകാരൻ പറഞ്ഞിരിക്കുന്നതു പരമാർത്ഥംമാത്രമാണ്. അല്പമായ ആശയസ്ഖലിതങ്ങൾ കടന്നുകൂടിയിരിക്കുന്നതു അനവധാനതയാലായിരിക്കാനേ തരമുള്ളു. 36-ാം പേജിൽ യോഹന്നാൻ മാംദാനയുടെ പിതാവിന്റെ പേർ സ്കറിയ എന്നടിക്കുന്നതിനുപകരം "യോവാക്കിം" എന്നാണടിച്ചിരിക്കുന്നതു്. 41-ാം പേജിൽ "ഹറിസേയരും പ്രീശരും" എന്നു പറഞ്ഞിരിക്കുന്നിടത്തു "സദുച്ചേയരും പ്രീശരും" എന്നു പറയാനായിരിക്കും ഗ്രന്ഥകാരൻ ഉദ്ദേശിച്ചിരുന്നതു്. "ഫരീസേയരും പ്രീശരും" ഒരേ ശബ്ദത്തിന്റെ ഭിന്നരൂപങ്ങൾ മാത്രമാണല്ലോ. ഹേറോദേശ് മഹാക്രൂരനായിരുന്നെങ്കിലും, അയാളുടെ മരണാനന്തരവിധിയെപ്പററി നമുക്കു ഖണ്ഡിതമായൊന്നും അറിഞ്ഞുകൂടാത്ത സ്ഥിതിക്ക് "തന്റെ പ്രവൃത്തികളുടെ ശരിയായ പ്രതിഫലം വാങ്ങുന്നതിനു ദുഷ്ടതയുടെ ആ ദുർമ്മൂർത്തി നരകത്തിലേക്കു നടകൊണ്ടു" (പേജ് 24) എന്നു പറയേണ്ടിയില്ലായിരുന്നു വെന്നുതോന്നുന്നു.

എന്തുകൊണ്ടുനോക്കിയാലും, ജാതിമതഭേദമെന്യേ ഏവർക്കും വായിച്ചു രസിക്കാവുന്ന ഒരു കൃതിയാണ് "ലോകഗുരു" എന്നതിനു സംശയമില്ല. വിശിഷ്യ, ഹൈന്ദവർക്കുകൂടി ആസ്വാദ്യമായിരിക്കണം എന്ന നിഷ്കർഷയോടുകൂടെയാണ് ഗ്രന്ഥകാരൻ ഇതു രചിച്ചിട്ടുള്ളതു്. എല്ലാ വായനശാലകൾക്കും ഇതൊരു ഭൂഷണമായിരിക്കും; ക്രൈസ്തവഭവനങ്ങൾക്കു അഭിമാനാർഹമായ ഒരു നേട്ടവുമായിരിക്കും. സാഹിത്യാഭിരുചിയുള്ള ബാലികാബാലന്മാർ ഇതിലെ വാചകങ്ങൾ ഹൃദിസ്ഥമാക്കയും, ഇതിലെ ഭാഷാരീതി അനുകരിക്കയും ചെയ്യട്ടെ. കലാലോകത്തിലേക്കുള്ള കാൽവെപ്പിൽ അതു് അവർക്കൊരു പിന്തുണയായിരിക്കും. ഗ്രന്ഥത്തിനു പ്രചുരപ്രചാരവും ഗ്രന്ഥകാരനു സർവ്വവിജയവുമാശംസിച്ചുകൊണ്ടു്, ബ്രണ്ണൻ കോളെജ് മലയാളം പ്രൊഫസരും ഒരു തികഞ്ഞ ഭാഷാപണ്ഡിതനുമായ അവതാരികാകാരൻ മി. കരിമ്പുഴ രാമകൃഷ്ണൻ എം. എ. എൽ. ടി. യുടെ വാക്കുകളിൽ ഈ നിരൂപണം ഉപസംഹരിച്ചുകൊള്ളട്ടെ: "ലളിതമനോഹരമായ ഭാഷാരീതി, ഋജുവും ഉജ്ജ്വലവുമായ ശൈലി, എന്നിവയാൽ ഈ മഹച്ചരിതം നമ്മുടെ ഉള്ളം കവരുന്നു. ഇതൊരു പാഠ്യപുസ്തകമായിത്തീരുകയാണെങ്കിൽ വിദ്യാർത്ഥിലോകത്തിനു അതൊരു അനുഗ്രഹമായിരിക്കും."

(P. I. J.)

## കോമൺവെൽത്തു സമ്മേളനം

ജാനുവരി 4-ാംനു ലണ്ടനിൽവച്ചു് ആരംഭിക്കുന്ന കോമൺവെൽത്തു പ്രധാനമന്ത്രിമാരുടെ സമ്മേളനത്തിൽ സംബന്ധിക്കുവാനായി പ്രധാനമന്ത്രി പണ്ഡിററ് നെഹ്റു ജാനുവരി 2-ാംനു ഇൻഡ്യ വിടുന്നതാണ്.

## *മരിയൻ കോൺഗ്രസ് ഗാനം

(ജയ് ജയ് ശ്രീ ഗാന്ധി രാഷ്ട്രപിതാ. എ. മ.)

ജയ്! ജയ! ഓ! മേരി! ഈശസുതേ!
കൃപാപൂർണ്ണേ! വരദേ!
അമലമനോഹരി, വരഗുണവാരിധി
നരകപ്രപാതകി, സാഗരതാരകയേ!
മേരി! മാതേ! നാഥേ! വെൽക! തായേ!
കൃപാപൂർണ്ണേ! വരദേ!
രക്ഷകി ഭുവനശോഭനദീപം,
ശിക്ഷാവിധികൾ അകററിനഗേഹം,
പാദേ വന്നിടുമേവനുമവനി—
ശുഭഗതി അനുദിനം അരുളും ജനനീ!
ആദരവായി കർമ്മലനാഥേ! നീ—
ഏകിയ ഉത്തരീയം
മേരി! മാതേ! നാഥേ! സ്നേഹദാനം!!
കൃപാപൂർണ്ണേ! വരദേ!
അനിതരഭവികം—അപകടരഹിതം
ആകുലഹാരകമേ!
മാതൃസ്വരൂപം—ക്ഷേമനിദാനം
വരമഴ പൊഴിയും പാവനനാമമേ
അഖിലജനാവന കാരണമാമേ!
പരഗതി ദായകമേ!
രിപുസഞ്ചയസംഭ്രാന്തിദരൂപം
മേന്മേൽ ഞാൻ അന്നിയും നമോ!!

(ഫാദർ ജെയിക്കബ് കല്ലറയ്ക്കൽ)

* (വർക്കിങ്ങ് കമ്മിററിയിൽനിന്നു ഔദ്യോഗികമായി സ്വീകരിച്ചിട്ടുള്ളതു്.)

## ചരമവാർഷികം

എറണാകുളത്തെ പ്രഥമ വികാരി അപ്പസ്തോലിക്കയായിരുന്ന പഴേപറമ്പിൽ മാർ ളൂയിസ് തിരുമനസ്സിലെ ചരമവാർഷികം പ്രമാണിച്ചു് ഡിസംബർ



9-ാംനു മെത്രാപ്പോലീത്തൻപള്ളിയിൽ വികാരിജനറാൾ റൈററ് റവ. മോൺ. മാത്യു പോത്തനാമൂഴി അവർകളുടെ പ്രധാനകാർമ്മികത്വത്തിൽ റാസ നടത്തപ്പെട്ടു. തദനന്തരം മെത്രാപ്പോലീത്താ തിരുമനി പൊന്തിഫിക്കൽ ഒപ്പീസു പാടി. ഉച്ചയ്ക്കു അനേകം സാധുക്കൾക്കു് ധർമ്മം നല്കപ്പെട്ട കാര്യവും പ്രസ്താവ്യമാണ്.

## ദേവാലയാശീർവ്വാദം

എറണാകുളത്തിനടുത്തുള്ള എളംകുളത്തു് ഫാത്തിമാനാഥയുടെ നാമത്തിൽ പുതുതായി നിർമ്മിച്ചിരിക്കുന്ന ദേവാലയത്തിന്റെ ആശീർവ്വാദ ഡിസ. 8-ാംനു വരാപ്പുഴ മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു് സാഘോഷം നിർവ്വഹിച്ചിരിക്കുന്നു.

### ബിഷപ്പുതിരുമനസ്സിലെ സഹോദരൻ നിര്യാതനായി

കരാഞ്ചിറ: തൃശ്ശൂർ മെത്രാൻ റൈററ് റവ. ഡോക്ടർ ജോർജ്ജ് ആലപ്പാട്ടു തിരുമനസ്സിലെ സഹോദരൻ ശ്രീ ജോസഫ് ആലപ്പാട്ടു ഡിസംബർ 7-ാംനു 54-ാമത്തെ വയസ്സിൽ നിര്യാതനായിരിക്കുന്നു. പിറെറദിവസം കാലത്തു സ്ഥലം പള്ളിയിൽ മെത്രാൻ തിരുമനസ്സുകൊണ്ടു പൊന്തിഫിക്കൽ റാസ അപ്പിച്ചു വൈകുന്നേരം തിരുമനസ്സിലെ പ്രധാനകാർമ്മികത്വത്തിൽത്തന്നെ ശവസംസ്കാരവും നടത്തപ്പെട്ടു. വികാരി ജനറാൾ റൈററ് റവ. മോൺ. ആൻറണി പുതുശ്ശേരിയാണു ചരമപ്രഭാഷണം നടത്തിയതു്. പരേതനു് നിത്യശാന്തിനേരുകയും വന്ദ്യ തിരുമനസ്സിനോടും മററു ബന്ധുക്കളോടുമുള്ള അനുശോചനം രേഖപ്പെടുത്തുകയും ചെയ്തുകൊള്ളുന്നു.

R. I. P.

## അഖിലകേരള മരിയൻ കോൺഗ്രസ്സ്

കർമ്മലോത്തരീയത്തിന്റെ ഏഴാം ശതാബ്ദാഘോഷം പ്രമാണിച്ചു എറണാകുളത്തു ഹെർബെട്ട് ഗ്രൗണ്ടിൽവെച്ചു അത്യുന്നത അപ്പസ്തോലിക് ഇന്റർനൺഷിയോയുടെ അദ്ധ്യക്ഷതയിൽ ഡിസംബർ 28, 29, 30 എന്നീ തീയതികളിൽ സാഘോഷം സമ്മേളിക്കുന്ന അഖിലകേരള മരിയൻ കോൺഗ്രസ്സിനെക്കുറിച്ചു ഇതിനകം എല്ലാവരും അറിഞ്ഞിരിക്കുമല്ലോ.

കാര്യപരിപാടിയും, പൊതുജനങ്ങൾ പ്രത്യേകം അറിഞ്ഞിരിക്കേണ്ട മററു വസ്തുതകളും താഴെ ചേർക്കുന്നു:-

### കാര്യപരിപാടി

ഡിസംബർ

28-ാംനു 4-30 P. M. കോൺഗ്രസ്സിന്റെ ഉദ്ഘാടനചടങ്ങുകൾ

29-ാംനു 7 A. M. പൊന്തിഫിക്കൽ കുർബാന (സുറിയാനി റീത്തിൽ)

10 A. M. ഉപസമ്മേളനങ്ങൾ (particular sessions)

1. വി. വിൻസെൻറ് ഡി പോൾസംഘം (സെൻറു ആൽബട്ട്സ് കോളെജിൽ)
2. മരിയൻ സൊഡാലിററികൾ (കോൺഗ്രസ്സ് പന്തലിൽ)
3. മതപഠനസമ്മേളനം (സെ. ആൽബർട്ട്സ് കോളെജിൽ)
4. പുനരൈക്യപ്രസ്ഥാനസമ്മേളനം (സെ ആൽബർട്ട്സ് കോളെജിൽ)
5. വൈദികരും സന്യാസിമാരും (തേവര കോളെജിൽ)
6. കത്തോലിക്കാമാതൃസംഘം (സെ. തെരേസാസ് കോളെജിൽ)
7. വനിതാസമ്മേളനം (സെ. തെരേസാസ് കോളെജിൽ)
8. വേദപ്രചാരപ്രവർത്തനം (സെ. ആൽബർട്ട്സ് കോളെജിൽ)
9. കത്തോലിക്കാപ്രവർത്തനം (സെ. ആൽബർട്ട്സ് കോളെജിൽ)

3. P. M. മരിയഭക്തിപ്രകടനം (സൊഡാലിററി റാലി)

4. P. M. പൊതുസമ്മേളനം (കോൺഗ്രസ്സ് പന്തലിൽ)

30-ാംനു 7. A. M. പൊന്തിഫിക്കൽ കുർബാന (ലത്തീൻ റീത്തിൽ) കോൺ. പന്തലിൽ.

8. 30 A. M. പൊന്തിഫിക്കൽ കുർബാന (മലങ്കരറീത്തിൽ) കണ്ണങ്കുന്നത്തു്, വി. ത്രേസ്യാ ആശ്രമദേവാലയത്തിൽ.

10. A. M. ഉപസമ്മേളനങ്ങൾ

1. സ്കൂൾ അദ്ധ്യാപകന്മാരും മാനേജർമാരും (സെ. ആൽബട്ട്സ് കോളെജിൽ)
2. കത്തോലിക്കായുവാക്കന്മാർ (സെ. ആൽബർട്ട്സ് കോളെജിൽ)
3. തൊഴിലാളികൾ (സെ. ആൽബർട്ട്സ് കോളെജിൽ)
4. അൽമേയർ (സെ. ആൽബർട്ട്സ് കോളെജിൽ)
5. ലീജിയൻ ഓഫ് മേരി (സെ. തെരേസാസ് കോളെജിൽ)
6. ദിവ്യകാരുണ്യ ബാലസൈന്യം (കോൺ. പന്തലിൽ)
7. സന്യാസിനിമാർ (സെ. തെരേസാസ് കോളെജിൽ)
8. ഫ്രാൻസിസ്കൻ മൂ. സഭാംഗങ്ങൾ (സെ. ആൽബർട്ട്സ് കോളെജിൽ)
9. കർമ്മലീത്താ മൂ. സഭാംഗങ്ങൾ (സെ. ആൽബർട്ട്സ് കോളെജിൽ)

3 P. M. പ്രദക്ഷിണം കോൺ. പന്തലിൽനിന്നും പുറപ്പെട്ടു, 70 ഫീററ് റോഡ്, ബാനർജിറോഡ്, ബ്രോഡ്‌വേ, ഹോസ്പിററൽ റോഡ് എന്നീ റോഡുകളിൽക്കൂടി വീണ്ടും കോൺ. പന്തലിൽ വന്നുചേരുന്നു.

6 P. M. അപ്പസ്തോലിക ഇന്റർനൺഷിയോയുടെ ആദ്ധ്യക്ഷത്തിൽ പൊതുയോഗം, വി. കുർബാനയുടെ വാഴ്വു്.

N. B. കോൺഗ്രസ്സ് സമ്മേളനങ്ങളിൽ പ്രവേശനം സൗജന്യമാണ്. എന്നാൽ പൊതുസമ്മേളനങ്ങളിൽ ഇരിപ്പിടങ്ങൾ ആവശ്യമുള്ളവർക്കു് 10ക, 5ക, 3ക എന്നീ നിരക്കിലുള്ള ടിക്കററുകൾ നല്കപ്പെടുന്നതാണ്. ഒരു ടിക്കററു എല്ലാ സമ്മേളനങ്ങൾക്കും ഉപയോഗിക്കാവുന്നതാണ്. 10 രൂപായിൽ കൂടുതൽ ദാനം ചെയ്തിട്ടുള്ളവർക്കു് സൗജന്യമായി ടിക്കററു നൽകപ്പെടുന്നതാണ്.

കോൺഗ്രസ്സ് ദിവസങ്ങളിൽ എറണാകുളത്തു് താമസത്തിനുവേണ്ട സ്ഥലസൗകര്യം ഡിസംബർ 15-ാം തീയതിക്കു മുമ്പ് കോൺഗ്രസ്സ് ആപ്പീസിൽ അപേക്ഷിക്കുന്നവർക്കു് സൗജന്യമായി ചെയ്തുകൊടുക്കുന്നതാണ്.

മരിയൻ കോൺഗ്രസ്സ് സംബന്ധിച്ചുള്ള വിശദമായ വിവരങ്ങളോടുകൂടിയതും, എറണാകുളം നഗരത്തിന്റെയും പരിസരങ്ങളുടേയും ഗതാഗതമാർഗ്ഗങ്ങളുടേയും പൂർണ്ണവിവരം നൽകുന്നതുമായ "മലബാർ മരിയൻ കോൺഗ്രസ്സ് ഗൈഡ്" എന്ന പുസ്തകം 8 അണ വിലയ്ക്കു ലഭിക്കുന്നതാണ്. കോൺഗ്രസ്സ് സംബന്ധിച്ച എല്ലാ കാര്യവിവരങ്ങൾക്കും Marian Congress Office, St. Albert's Buildings (Phone No 182) Ernakulam എന്ന മേൽവിലാസത്തിൽ എഴുതുക.

President, Governing Council, Marian Congress.

## സമാധാനാർത്ഥം

അമലോത്ഭവമാതാവിന്റെ തിരുനാളിന്റെ തലേദിവസം പാതിരായ്ക്കു ദിവ്യബലി അർപ്പിക്കുന്നതിനു ഇററലിയിലെ 25000 ഇടവകവൈദികർക്കു പരിശുദ്ധപിതാവു് അനുമതി നല്കിയിരുന്നു. തിരുമനസ്സുകൊണ്ടും അർദ്ധരാത്രി ബലിയർപ്പിക്കുകയുണ്ടായി. മാത്രമല്ല, ക്രിസ്തുമസിനുമുമ്പുള്ള ഒമ്പതുദിവസവും ലോകസമാധാനാർത്ഥം പ്രത്യേകപ്രാർത്ഥനകൾ നടത്തുന്നതിനും എല്ലാ കത്തോലിക്കരേയും പരിശുദ്ധ പിതാവു് ആഹ്വാനം ചെയ്തിരിക്കുന്നു. തദനുസരണം എറണാകുളം മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു പുറപ്പെടുവിച്ചിരിക്കുന്ന ഇടയലേഖനത്തിൽ, അടുത്ത ശനിയാഴ്ചമുതൽ പിറവിത്തിരുനാൾവരെ എല്ലാദിവസവും പരസ്യാരാധനയും വാഴ്‌വും നടത്താൻ നിർദ്ദേശിച്ചിരിക്കുന്നു.

## നെല്ലിമൂട് ഹൈസ്കൂൾ

തിരുവനന്തപുരം അതിരൂപതവകയായി നെല്ലിമൂട് എന്ന സ്ഥലത്തുള്ള ഇംഗ്ലീഷ് ഹൈസ്കൂളിലെ അദ്ധ്യാപകർ, എ ടി. എസ്. എ. പണിമുടക്കു പിൻവലിച്ചതിനുശേഷവും, പണിമുടക്കു തുടർന്നുകൊണ്ടിരിക്കയാണ്. ഇപ്പോൾ അവിടെ ഒരു പുതിയ ഹൈസ്കൂൾ സ്ഥാപിക്കുവാൻ ഹിന്ദുമണ്ഡലംപാർട്ടിയിൽപെട്ട മി. എസ്. കുട്ടൻ എം. എൽ. എ. യുടെ നേതൃത്വത്തിലുള്ള ഒരു കമ്മിററിക്കു് ഗവമ്മെൻറ് അനുമതി നല്കിയിരിക്കുന്നു. ഇതിലേക്കു് വേണ്ട കെട്ടിടവും ഗവമ്മെൻറുതന്നെ ഏർപ്പാടുചെയ്തുകൊടുത്തതായറിയുന്നു.

## ട്രൂമൻ-ആററ്ലി കൂടിയാലോചന

കൊറിയൻപ്രശ്നം സംബന്ധിച്ചു് ബ്രിട്ടീഷ് പ്രധാനമന്ത്രി ആററ്ലിയും അമേരിക്കൻ പ്രസിഡണ്ടു ട്രൂമനും തമ്മിൽ വാഷിംഗ്ടണിൽവച്ചു് സുദീർഘമായ ഒരു കൂടിയാലോചന നടത്തിയിരിക്കുന്നു. അതിൽ അവർ അംഗീകരിച്ച പത്തു വ്യവസ്ഥകളടങ്ങിയ ഒരു രാജ്യരക്ഷാപദ്ധതി പ്രസിദ്ധീകൃതമായിരിക്കുന്നു. സമാധാനം പാലിക്കുക, പ്രജായത്തജീവിതരീതി പുരോഗമിപ്പിക്കുക, അക്രമത്തെ ചെറുക്കുക മുതലായ ലക്ഷ്യങ്ങൾക്കായി അമേരിക്കയും ബ്രിട്ടനും ഏകോപിച്ചുനില്ക്കുന്നതിനും ഇരുകക്ഷികളുടേയും ആയുധബലം കഴിയുന്നത്രവേഗത്തിൽ വർദ്ധിപ്പിക്കുന്നതിനും മററുമുള്ള വ്യവസ്ഥകൾ പ്രസ്തുത പദ്ധതിയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശ്ശേരി

റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ ഡി. ഡി., ബി. എ.

Vol. 24 || ERNAKULAM. DECEMBER 13 1950 || No. 17


## ജൂബിലിമംഗളം

സത്യദീപത്തിന്റെ ആരംഭം മുതൽ ദീർഘകാലത്തേക്കു പത്രാധിപസമിതിയിലെ ഒരംഗവും മാനേജരുമെന്ന നിലയിൽ പ്രശസ്തസേവനമനുഷ്ഠിക്കയും ഈ വാരികയുടെ ചരിത്രത്തിൽ മായാമുദ്ര പതിക്കയും ചെയ്തിട്ടുള്ള വെരി റവ. ഫാദർ



തോമസ് വട്ടോലി പുരോഹിതപട്ടം സ്വീകരിച്ചിട്ട് ഇപ്പോൾ 25 വർഷം തികയുന്നു. ഏതത്സംബന്ധമായ ജൂബിലി ഈ വൈദികസത്തമന്റെ ശിഷ്യരുടേയും സുഹൃത്തുക്കളുടേയും ആഭിമുഖ്യത്തിൽ കോതമംഗലത്തുവച്ച് ഡിസ. 4-ാംനു തിങ്കളാഴ്ച ആഘോഷിച്ച വിവരം അന്യത്ര ചേർത്തിരിക്കുന്ന റിപ്പോർട്ടിൽനിന്നും ഗ്രഹിക്കാവുന്നതാണു്. സത്യദീപത്തിനു് വെരി റവ. ഫാദർ തോമസ് വട്ടോലിയോടുള്ള കടപ്പാടിനെ രേഖപ്പെടുത്തുന്നതിനു് ഈ ശുഭാവസരം വിനിയോഗിച്ചുകൊള്ളട്ടെ. പണ്ഡിതനും പരിശ്രമശാലിയുമായ ഈ വന്ദ്യവൈദികന്റെ നിസ്തന്ദ്രയത്നങ്ങളും ത്യാഗസമ്പൂർണ്ണമായ സേവനവും വഴിയാണു് സത്യദീപത്തിനു് അതിന്റെ ബാല്യാരിഷ്ടതകളെല്ലാം വിജയപൂർവ്വം തരണംചെയ്യുവാൻ സാധിച്ചിട്ടുള്ളതു്. അന്നദ്ദേഹം സ്വകരങ്ങൾകൊണ്ടു ജലം പകർന്നു നനച്ച ചെടി ഇന്നൊരു വൻവൃക്ഷമായി തഴച്ചുവളരുന്നതിനെ കാണുന്നതിൽ അദ്ദേഹത്തിനു അഭിമാനംകൊള്ളാവുന്നതാണു്. ഇന്നത്തെ മാനേജരും പ്രസാധകരും ഫാദർ വട്ടോലിയുടെ പ്രിയ ശിഷ്യന്മാരാകയാൽ അദ്ദേഹം സത്യദീപവുമായുള്ള ബന്ധം അവിച്ഛിന്നം തുടർന്നുകൊണ്ടുപോകുന്നുണ്ടെന്നും പറയാം. ആകയാൽ കൃതജ്ഞതാനിർഭരമായ ഹൃദയത്തോടും പുത്രനിർവ്വിശേഷമായ സ്നേഹത്തോടുംകൂടിയാണു സത്യദീപം അദ്ദേഹത്തിനു ജൂബിലിമംഗളങ്ങൾ ആശംസിക്കുന്നതു്. മിശിഹായുടെ മുന്തിരിത്തോട്ടത്തിൽ അനേകകൊല്ലക്കാലം ഇനിയും വേലചെയ്യുന്നതിനും സ്വപൗരോഹിത്യത്തിന്റെ സുവർണ്ണജൂബിലിയും വജ്രജൂബിലിയും കൂടി ആഘോഷിക്കുന്നതിനിടവരുന്നതിനും വേണ്ട ആയുസ്സും ആരോഗ്യവും സർവ്വശക്തനായ ദൈവം ജൂബിലേറിയനു പ്രദാനംചെയ്യുമാറാകട്ടെ.

## പ്രൊ. മുണ്ടശ്ശേരിയുടെ കുയുക്തിവാദങ്ങൾ

പ്രൊഫസർ മുണ്ടശ്ശേരിയുടെ രണ്ടാമത്തെ ലേഖനം, ഫീസുപിരിവിന്റെ 80 ശതമാനം ട്രഷറിയിൽ അടയ്ക്കുന്നതിനേയും അതുവഴിയായി അദ്ധ്യാപകർക്കു ശമ്പളം കൊടുക്കാനുള്ള ചുമതല മാനേജരിൽനിന്നു മാററി സർക്കാർ ഏറെറടുക്കുന്നതിനേയും നീതീകരിക്കാനുള്ള ശ്രമമാണു്. "ഇരുപത്തഞ്ചോ മുപ്പതോ ലക്ഷം ഉറുപ്പിക അദ്ധ്യാപകശമ്പളച്ചെലവിലേക്കു മാനേജർമാരെ ഏല്പിച്ചു കൊച്ചിയിലെ പരീക്ഷണംകൊണ്ടു വിജയമല്ലെന്നു തെളിഞ്ഞിട്ടുള്ള ഗ്രാൻറ്—ഇൻ—എയ്ഡ് സിസ്റ്റത്തിൽത്തന്നെ അദ്ധ്യാപകന്മാരെ നിർത്തി കഷ്ടപ്പെടുത്തണമെന്നു വാദിക്കുന്നതു് അവരോടു ചെയ്യുന്ന വലിയ ഒരനീതിയായിരിക്കും. ഈ വസ്തുതകളെയെല്ലാം പരിഗണിച്ചാണു് പുതിയ പദ്ധതിയിൽ ശമ്പളം കൊടുക്കുവാനുള്ള മുഴുവൻ ചുമതലയും സർക്കാർ ഏറെറടുത്തിട്ടുള്ളതു. പക്ഷെ ശമ്പളം വിതരണം മാനേജർ മുഖാന്തിരം വേണം നിർവ്വഹിക്കുവാനെന്ന വ്യവസ്ഥ ചെയ്തിട്ടുമുണ്ടു്. ഈ നടപടിയിൽ യാതൊരു വിട്ടുവീഴ്ചയുംചെയ്യുവാൻ അദ്ധ്യാപകർക്കു തരമില്ല. സർക്കാരിൽനിന്നു് അത്രയും ഏറെറടുത്തതിൽ അവർക്കു കൃതജ്ഞതയുണ്ടു. ഈ ഭാഗം ത്രികക്ഷിസമ്മേളനത്തിൽ ഗാഢമായി ചർച്ചചെയ്തു തീരുമാനിച്ചതാണു്" എന്നു് മി. മുണ്ടശ്ശേരി വാദിക്കുന്നു.

ഇതിനു മറുപടിയും മാനേജർപക്ഷത്തുനിന്നു പലപ്പോഴും നൽകിയിട്ടുള്ളതാണു്. അവരുടെ പ്രസ്തുത മെമ്മോറാണ്ഡത്തിലും അതുൾക്കൊണ്ടിട്ടുണ്ടു്. ആ ഭാഗം പകർത്തുന്നു.

"വിദ്യാലയങ്ങളിന്മേലും ഫീസ് പിരിവിന്മേലും ഉള്ള ഉടമസ്ഥാവകാശത്തിനു് ഈ വ്യവസ്ഥ ബാധകമാകുമെന്നും, സ്റ്റാഫിനെ തെരഞ്ഞെടുക്കാനും നിയമിക്കാനും അവരെ സ്ഥലം മാററാനും ഉള്ള സ്വാതന്ത്ര്യത്തെ ഇതു നിയന്ത്രിക്കുമെന്നും ഞങ്ങൾക്കു ബോധ്യമായി. ഇപ്പോൾ സ്റ്റാഫിന്മേൽ മാനേജർക്കു നിയന്ത്രണമുണ്ടു്. അദ്ധ്യാപകർക്കു് ശമ്പളം അവർ നൽകുന്നു. പുതിയ പദ്ധതിയിൽ സ്റ്റാഫിന്മേലുള്ള നിയന്ത്രണം ഗവൺമെൻറിനാകാനും മാനേജർ നിയമിക്കുന്ന അദ്ധ്യാപകർക്കു ശമ്പളം നൽകാനുള്ള അധികാരം സ്വയം വഹിക്കാനും ഉപദേശിക്കപ്പെട്ടിരിക്കുന്നു. ഇതിനാൽ സ്റ്റാഫിന്റെ മേലുള്ള മാനേജരുടെ ഭരണപരമായ നിയന്ത്രണം എടുക്കപ്പെട്ടു ഗവൺമെൻറിൽ നിക്ഷേപിക്കപ്പെടുന്നു. ക്ലാർക്കന്മാരുടേയും മററു താഴ്ന്ന ജീവനക്കാരുടേയും മേലുള്ള നിയന്ത്രണം മാത്രം മാനേജർക്കു ശേഷിക്കും. അങ്ങനെ സ്ഥാപനത്തിന്മേൽ മാനേജർക്കുള്ള ഭരണനിയന്ത്രണം പ്രായേണ ഇല്ലാതാകും. ഫീസ് മുഴുവൻ ഏതെങ്കിലും അംഗീകൃതബാങ്കിൽ മാനേജർമാരുടെപേരിൽ അടച്ചു ചെക്കുമൂലം ശമ്പളം നൽകാൻ സന്നദ്ധമാണു്."

കൊച്ചിയിലെ പരീക്ഷണംകൊണ്ടു വിജയമല്ലെന്നു തെളിഞ്ഞിട്ടുള്ള സിസ്റ്റത്തിൽതന്നെ അദ്ധ്യാപകന്മാരെ നിർത്തി കഷ്ടപ്പെടുത്തണമെന്നാണു് മാനേജർമാർ വാദിക്കുന്നതെന്നുള്ള മുണ്ടശ്ശേരിയുടെ ആരോപണം "അവരോടു ചെയ്യുന്ന വലിയൊരു അനീതിയാണു്." കൊച്ചിയിലെ സിസ്റ്റത്തിൽനിന്നു ഭിന്നമായ സിസ്റ്റം സ്വീകരിക്കുവാൻ—ഫീസു മുഴുവൻ ഏതെങ്കിലും അംഗീകൃതബാങ്കിൽ മാനേജർമാരുടെ പേരിലടച്ചു ചെക്കുമൂലം ശമ്പളം നൽകാൻ—സന്നദ്ധരാണെന്നല്ലേ മാനേജർമാർ വാദിക്കുന്നുള്ളു. അദ്ധ്യാപകർക്കു യാതൊരു കുഴപ്പവും കൂടാതെ നിശ്ചിതശമ്പളം മുഴുവനും ലഭിക്കുവാൻ ഇതു വേണ്ടുവോളം പോരയോ?

പിന്നെ എന്തിനു് മാനേജരുടെ സ്ഥാനം സർക്കാർ ഏറെറടുക്കുന്നതും മാനേജരെ സർക്കാർ നൽകുന്ന ശമ്പളം വിതരണം ചെയ്യുന്ന പ്യൂണിന്റെ നിലയിലേക്കു തരം താഴ്ത്തുന്നതുമായ പുതിയ സിസ്റ്റം വേണമെന്നു മുണ്ടശ്ശേരി ഗവൺമെൻറുഭാഗത്തേക്കുവേണ്ടി വാദിക്കുന്നു?

### ഫീസ് പരോക്ഷനികുതിയല്ല

ആ വാദത്തിന്റെ അടിയിൽ ഒളിഞ്ഞുകിടക്കുന്ന നിഷിദ്ധതത്വം മി. മുണ്ടശ്ശേരിതന്നെ വെളിക്കു വിടുന്നുണ്ടു്. "ഫീസ് വിദ്യാഭ്യാസകാര്യത്തിനായി സർക്കാരിൽനിന്നും ഏല്പെടുത്തിയിട്ടുള്ള ഒരു പരോക്ഷനികുതി (Indirect tax)യാണു്. പ്രൈവററു് ബിസിനസിൽ പൊന്തിക്കിട്ടുന്ന ലാഭംപോലെ ഒന്നല്ലതു്. സെക്കൻററിസ്കൂളുകളിൽ പിരിക്കുന്ന ഫീസു് മാനേജരുടെ മുതലിറക്കിന്മേൽ കിട്ടുന്ന ആദായമല്ല." ഫീസ് ഇങ്ങനെയുള്ള ലാഭമോ ആദായമോ ആണെന്നു് മാനേജർമാരെന്നല്ല ഉത്തരവാദബോധമുള്ള ആരുംതന്നെ വാദിച്ചിട്ടില്ല.

ഫീസ് പരോക്ഷനികുതിയാണെന്നുള്ള വാദം നിലനില്ക്കത്തക്കതല്ല. സ്കൂളുകൾ വിദ്യാർത്ഥികൾക്കു നൽകുന്ന സർവ്വീസിനു്, ആ സർവ്വീസിന്റെ നടത്തിപ്പിനുവേണ്ട ചെലവുകൾക്കായി, വിദ്യാർത്ഥികൾ പണത്തിന്റെ രൂപത്തിൽ കൊടുക്കുന്ന പ്രതിഫലമാണു് യഥാർത്ഥത്തിൽ ഫീസു്. ആകയാൽ സർവ്വീസു് നൽകുന്ന സ്കൂളിനാണു് ഫീസിന്റെ ഉടമസ്ഥം കൈകാര്യകർതൃത്വത്തിനും അവകാശമുള്ളതു്. സർക്കാർ സ്കൂളിലെ ഫീസിനു് സർക്കാർ സ്കൂളിനും, പ്രൈവററു് സ്കൂളിലെ ഫീസിനു് പ്രൈവററു് സ്കൂളിനുമാണു് അവകാശം. വിദ്യാദാനമെന്ന സർവ്വീസിന്റെ പ്രതിഫലമായ ഫീസു് പരോക്ഷനികുതിയാണെങ്കിൽ ഏതു സർവ്വീസിന്റെ പ്രതിഫലത്തെപ്പററിയും അങ്ങനെ വാദിക്കാം. ആ വാദം പരോക്ഷനികുതിയെന്ന പദപ്രയോഗത്തിന്റെ വ്യഭിചരണമായിരിക്കും.

നികുതിയെന്നതു് പൗരന്മാർ, അവർക്കുവേണ്ടി പൊതുവിൽ സർക്കാർ വഹിക്കേണ്ട ചെലവിലേക്കായി, സർക്കാരിലേക്കു നിർബന്ധപൂർവ്വം അടയ്ക്കുന്ന പണമാണു്. ആ പണം അവർ അവരുടെ മടിശ്ശീലയിൽനിന്നുതന്നെയെടുത്തു്, പണത്തിന്റെ ഭാരം മുഴുവനും അവർതന്നെ വഹിച്ചു്, സർക്കാരിലേക്കു് അടയ്ക്കുമ്പോൾ അതു പ്രത്യക്ഷനികുതിയാകും. (Direct tax). നേരെ മറിച്ചു് പണം സ്വന്തം മടിശ്ശീലയിൽനിന്നെടുക്കാതെ അന്യന്റെ മടിശ്ശീലയിൽനിന്നെടുക്കുകയും, പണത്തിന്റെ ഭാരം താൻതന്നെ വഹിക്കാതെ അന്യരെക്കൊണ്ടു വഹിപ്പിക്കുകയും ചെയ്തു് സർക്കാരിലേക്കടയ്ക്കുമ്പോൾ അതു പരോക്ഷനികുതിയാകും. കച്ചവടക്കാർ വില്പനനികുതി സർക്കാരിലേക്കടയ്ക്കുന്നതു സ്വന്തം കൈയിൽനിന്നെടുത്തല്ല, സാമാനം വാങ്ങുന്നവരിൽനിന്നു പിരിച്ചെടുത്താണു്. ആകയാൽ അതു പരോക്ഷനികുതിയാണു്. സ്കൂളിലെ ഫീസുപിരിവും ഈ നികുതി അടയ്ക്കലും തമ്മിലുള്ള വ്യത്യാസം മേല്പറഞ്ഞതിൽനിന്നു സ്പഷ്ടമാണല്ലോ.

ഫീസു് പരോക്ഷനികുതിയാണെന്ന വാദംവഴി ഫീസു്പിരിവു് മററു നികുതിപിരിവുപോലെ ഗവൺമെൻറിന്റെ മുതലാക്കാനുള്ള ശ്രമമാണു് ഈ പുതിയ സിസ്റ്റത്തിൽ ഒളിഞ്ഞുകിടക്കുന്നതെന്നു കാണുന്നതിനാലാണു് മാനേജ്മെൻറുകൾ അതിനെ എതിർക്കുന്നതു്. ഇത്രയും സ്പഷ്ടമായി ത്രികക്ഷിസമ്മേളനത്തിൽ പ്രസ്തുതവാദം പുറപ്പെടുവിച്ചിരുന്നെങ്കിൽ മാനേജർമാർ അതു സ്പഷ്ടമായും എതിർക്കുമായിരുന്നു. അന്നു് എതിർത്തില്ലെങ്കിലും അവർക്കതിൽ സന്ദേഹമുണ്ടായിരുന്നു. അതുകൊണ്ടാണല്ലോ വൈദികാദ്ധ്യക്ഷന്മാരുടെ അനുമതിക്കുശേഷമേ സമ്മതം നല്കാൻ നിവൃത്തിയുള്ളുവെന്നു് കത്തോലിക്കാമാനേജർമാർ പ്രസ്താവിച്ചതു്. ഫീസുപിരിവു് അടയ്ക്കുകയും പൂൾ ചെയ്യുകയും ചെയ്യണമെന്നുള്ള നിർദ്ദേശം വൈദികാദ്ധ്യക്ഷന്മാരുടെ അഭിപ്രായമറിഞ്ഞശേഷം കത്തോലിക്കാ മാനേജുമെൻറുകൾ സമ്മതിച്ചാൽ മതിയെന്നു മന്ത്രി ഉറപ്പുനല്കിയതും മററും കഴിഞ്ഞ ലേഖനത്തിൽ വിവരിച്ചിരുന്നല്ലൊ. ആകയാൽ "ഈ ഭാഗം ത്രികക്ഷിസമ്മേളനത്തിൽ ചർച്ചചെയ്തു തീരുമാനിച്ചതാണു്" എന്ന പ്രസ്താവം വസ്തുതയ്ക്കു വിരുദ്ധമല്ലയോ?

കത്തോലിക്കാ വൈദികാദ്ധ്യക്ഷന്മാർ പ്രസ്തുത വിഷയത്തിൽ അഭിപ്രായം രൂപീകരിക്കുവാൻ സമ്മേളിക്കുകയും ആഗസ്റ്റ് 20-ാംനു പുറപ്പെടുവിച്ച പ്രസ്താവനയിൽ അതു് ഇപ്രകാരം പ്രകാശിപ്പിക്കുകയും ചെയ്തു: "ഫീസു പിരിവു് മുഴുവൻ ഗവൺമെൻറിനു വിട്ടുകൊടുത്താൽ മാത്രമേ അദ്ധ്യാപകന്മാർക്കു നിശ്ചിതതോതിൽ ശമ്പളം കൊടുക്കുകയുള്ളുവെന്നു ഗവൺമെൻറു ശഠിക്കുന്നതു അസാധാരണമായ വാദം" ആണു്..........."ഈ നിർദ്ദേശം മാനേജുമെൻറുകൾ സ്വീകരിക്കാതിരുന്നാൽ ആ തീരുമാനത്തിന്റെ ന്യായതയെ അദ്ധ്യാപകന്മാർ പരിഗണിക്കയില്ലെന്നുതന്നെയല്ല, ഗവൺമെൻറു് സർവ്വഥാ അവരെ സഹായിക്കുവാൻ തയാറായ ഒരുഘട്ടത്തിൽ മാനേജർമാർനിമിത്തം അവർ പ്രതീക്ഷിക്കുന്ന അനുഗ്രഹപ്രദമായ ഭാവി നഷ്ടപ്പെടുത്തിയെന്നൊരു വിരോധംപോലും അവർക്കു തോന്നാൻ ഇടയാകും. ഏതായാലും ഞങ്ങളുടെ നില വ്യക്തമാക്കുവാൻ ഞങ്ങളാഗ്രഹിക്കുന്നു" എന്നു പ്രസ്താവിച്ചശേഷം പ്രൈവററുസ്കൂളുകൾക്കു ഫീസ് വരവിലും മററുമുള്ള സാമാന്യാവകാശങ്ങളേയും കത്തോലിക്കാസ്കൂളുകൾക്കു് അവയിലുള്ള പ്രത്യേകാവകാശങ്ങളേയും സംബന്ധിച്ച തത്വങ്ങൾ പ്രസ്താവനയിൽ സംക്ഷിപ്തമായി കൊള്ളിച്ചിരിക്കുന്നു. എന്നിട്ടു് ആ ഭാഗം ഇങ്ങനെയാണു് അവസാനിപ്പിച്ചിരിക്കുന്നതു: "ആകയാൽ വിദ്യാലയങ്ങളിലെ അധികച്ചിലവു് ഗവൺമെൻറു വഹിക്കുവാൻ വിസമ്മതിക്കുകയോ, സ്കൂൾഫീസു് സർക്കാരിൽ അടയ്ക്കണമെന്നു ശഠിക്കുകയോ ചെയ്യുന്നുവെങ്കിൽ, അതു മൗലികാവകാശങ്ങളുടെ ലംഘനവും ക്രൈസ്തവവിദ്യാലയങ്ങളിന്മേൽ ക്രൈസ്തവർക്കുള്ള അവകാശത്തിന്റെ നിഷേധവുമായി തീരുന്നതാണു്. ......ഇപ്പോൾ ഗവൺമെൻറിൽനിന്നു ചെയ്തിട്ടുള്ള നിർദ്ദേശങ്ങൾ മേൽപ്പറഞ്ഞ അടിസ്ഥാനത്തിൽ ഞങ്ങൾ സൂക്ഷ്മമായി പരിശോധിച്ചുനോക്കിയതിൽ അവ "ന്യായമായ വ്യവസ്ഥകൾ" ആണെന്നു ഞങ്ങൾക്കു ബോദ്ധ്യമായിട്ടില്ല ...... എങ്കിലും മേൽപ്രസ്താവിച്ചിട്ടുള്ള തത്വങ്ങൾക്കും അഭിപ്രായങ്ങൾക്കും അനുയോജ്യമായി, കഴിയുമെങ്കിൽ, എന്തെങ്കിലും മാറ്റങ്ങൾ കണ്ടുപിടിക്കണമെന്നു കത്തോലിക്കാ മാനേജർമാരുടെ സംഘടനയെ ഈ ഘട്ടത്തിൽ ഉപദേശിക്കുകയും ചെയ്തുകൊള്ളുന്നു." ഈ പ്രസ്താവങ്ങളിൽനിന്നു സ്പഷ്ടമായികാണാം, കത്തോലിക്കാ വൈദികാദ്ധ്യക്ഷന്മാർ പദ്ധതിയിലുള്ള ഫീസിന്റെ കാര്യം താൽക്കാലികമായ ഒരു പ്രതിവിധിയായിട്ടു അംഗീകരിച്ചുള്ളുവെന്നു; ആ അംഗീകരണം നല്കിയതുതന്നെയും അദ്ധ്യാപകന്മാരുടെ അവശതകൾക്കു നിവാരണമുണ്ടാകണമെന്നുള്ള അത്യാകാംക്ഷകൊണ്ടാണെന്നു്. തങ്ങൾക്കു പ്രസ്തുത കാര്യം നിരുപാധികം അംഗീകരിക്കുവാൻ അധികാരമില്ലെന്നും, തങ്ങൾക്കു സ്വീകരിക്കാവുന്ന ന്യായമായ തീരുമാനങ്ങൾ അവസാനമായി ചെയ്യുന്ന വിഷയത്തിൽ "ഗവൺമെൻറിന്റെ ന്യായചിന്തയിലും ദീർഘദൃഷ്ടിയിലും തങ്ങളിനിയും വിശ്വസിക്കുന്നു" എന്നും പ്രസ്താവനയിൽ പറഞ്ഞിട്ടുണ്ടു്.

എന്നാൽ വിദ്യാഭ്യാസമന്ത്രി വൈദികാദ്ധ്യക്ഷന്മാരുടെ അഭിപ്രായം അറിയുന്നതിനുമുൻപു്, അവർ സമ്മേളിച്ചു പ്രസ്താവന പുറപ്പെടുവിക്കുന്നതിനുമുൻപു്, മാനേജ്മെൻറുകൾക്കു താൻ നല്കിയ ഉറപ്പിനു വിപരീതമായി, ഫീസുപിരിവിനെപ്പററിയുള്ള നിർദ്ദേശങ്ങൾ മാനേജ്മെൻറുകൾ സമ്മതിച്ചതായി ദുർവ്യാഖ്യാനം ചെയ്തോ, അവർ സമ്മതിച്ചാലും സമ്മതിച്ചില്ലെങ്കിലും അങ്ങനെതന്നെ വേണമെന്ന സ്വേച്ഛാധിപത്യപരമായ മനോഭാവത്തോടുകൂടിയോ, അക്കാര്യം തീരുമാനംചെയ്യപ്പെട്ടതായി പ്രൊസീഡിംഗ്സ് പുറപ്പെടുവിക്കുകയാണുണ്ടായതു്. "ഈ നടപടിയിൽ യാതൊരു വിട്ടുവീഴ്ചയും ചെയ്യുവാൻ അദ്ധ്യാപകർക്കു തരമില്ല" എന്നും, "സർക്കാരിൽനിന്നു് അത്രയും ഏറെറടുത്തതിൽ അവർക്കു കൃതജ്ഞതയുണ്ടു" എന്നുമാണു് മി. മുണ്ടശ്ശേരി ഉറപ്പിച്ചുപറയുന്നതു്. അദ്ദേഹത്തിന്റെ ഈ നില ഒരു യഥാർത്ഥകത്തോലിക്കനുണ്ടായിരിക്കേണ്ട മനോഭാവത്തിനെന്നല്ല, സാമാന്യമായ നീതിബോധത്തിനുപോലും ചേർന്നതല്ലെന്നു്

സവ്യസനം പ്രസ്താവിച്ചുകൊള്ളുന്നു.

## ഫീസ് വർദ്ധിപ്പിക്കുന്നതു്

"മാനേജർപക്ഷത്തുനിന്നു തീവ്രവാദം ചെയ്യുന്ന ചില വർഗ്ഗീയ സംഘടനാമൂപ്പന്മാർ സെക്കൻററി സ്കൂളുകളുടെ ഫീസ് വർദ്ധിപ്പിക്കുവാൻ എന്തുകൊണ്ടു പാടില്ലെന്നു ചോദിക്കുന്നതു ഫീസ് മുതലിറക്കിയതിന്മേൽ പൊന്തുന്ന ആദായമാണെന്നുള്ള ധാരണയിന്മേലാണെന്നു തോന്നുന്നു. മാത്രമല്ല ഫീസു് കൊടുക്കുവാൻ പ്രാപ്തിയുള്ളവർക്കുമാത്രമേ ഉയർന്ന വിദ്യാഭ്യാസം കിട്ടുവാനർഹതയുള്ളു എന്ന അഭിപ്രായവും ആ വാദത്തിന്റെ പിന്നിലുണ്ടു്. ആ ധാരണയും അഭിപ്രായവും മുരടിച്ച മുതലാളിത്തവ്യവസ്ഥിതിയുടെ വിശ്വാസപ്രമാണങ്ങളാണു്."

ഇതാണു് മി. മുണ്ടശ്ശേരിയുടെ വേറൊരാക്ഷേപം. ഇക്കാര്യം സംബന്ധിച്ചും മാനേജർമാരുടെ പ്രസ്തുത മെമ്മൊറാണ്ഡത്തിൽ പറഞ്ഞിട്ടുണ്ടു്. "ഇന്ത്യയുടെ ഇതരഭാഗങ്ങളിൽ ഏററവും കുറഞ്ഞ ഫീസു് നിരക്കുമാത്രം ക്ലിപ്തപ്പെടുത്തിയിട്ടുള്ളപ്പോൾ തിരു-കൊച്ചി സംസ്ഥാനത്തു് മറിച്ചൊരുവിധത്തിലാണു് സെക്കൻററി സ്കൂളുകളിൽ ഫീസു് ക്ലിപ്തപ്പെടുത്തിയിരിക്കുന്നതു്. ഇതിനുപുറമെ, ഒരു അഞ്ചുകൊല്ലത്തിനുമുൻപു് തിരുവിതാംകൂർ ഗവമ്മെൻറു് മിഡിൽസ്കൂളിലെ ഫീസു് ഒരു കുട്ടിക്കു് 1 ക യാക്കികുറച്ചു. അതുമൂലം നേരിടുന്ന ഫീസ്‌വരവിന്റെ കുറവിനെ പരിഹരിക്കാൻ യാതൊരു വ്യവസ്ഥയും ചെയ്തുമില്ല." ആകയാൽ ഇതുവരെ കേട്ടിട്ടില്ലാത്തവിധം ദുർവഹമായി ഫീസ വർദ്ധിപ്പിക്കണമെന്നല്ല, അകാരണമായി ഏകദേശം മൂന്നിൽ ഒന്നായി കുറച്ചതു് വർദ്ധിപ്പിച്ചു പഴയനിലയിൽ ആക്കണമെന്നാണു മാനേജർ പക്ഷത്തുനിന്നുള്ള നിവേദനം. ഈ വിഷയത്തെപ്പററി പ്രതിപാദിക്കയിൽ അഡ്വക്കേററു മി. കെ. പി. ഇട്ടീര ന്യൂനപക്ഷങ്ങളുടെ മൗലികാവകാശങ്ങളെ പുരസ്കരിച്ചെഴുതിയ പ്രബന്ധത്തിൽ പറഞ്ഞിട്ടുള്ളതു് ശ്രദ്ധേയമാണു്:—"ഓരോ മനുഷ്യനും തനിക്കു ലഭിക്കുന്ന സേവനത്തിന്റെ ചെലവിലേക്കുവേണ്ടി കൊടുക്കാൻ കഴിവുള്ളതു കൊടുക്കണം. അദ്ധ്യാപകന്മാരുടെ ശമ്പളവും അവശ്യാവശ്യകമായ മററു ചെലവുകളും പരിഗണിക്കുമ്പോൾ സെക്കൻററിസ്കൂളുകൾക്കു നിശ്ചയിച്ചിട്ടുള്ള ഫീസിന്റെ തോതു് ആവശ്യമൊന്നും കൂടാതെ കുറച്ചിരിക്കുകയാണു്. ലോവർ സെക്കൻററിക്ലാസുകളിലെ ഫീസിന്റെ മുമ്പിലത്തെ തോതു് വളരെ നീതിയുക്തമായിരുന്നു. എന്നാൽ സർ സി. പി. രാമസ്വാമി അയ്യർ ക്രിസ്ത്യൻ സ്കൂളുകൾക്കു് മാരകമായ അടികൊടുക്കുവാനുള്ള ഔൽസുക്യത്തിൽ മാനേജർമാരുടെ ഭാരം വർദ്ധിപ്പിക്കുവാൻ ആഗ്രഹിക്കുകയും അങ്ങനെ കേവലം നിരീഹിതമായി തോതു കുറയ്ക്കുകയും ചെയ്യുകയാണുണ്ടായതു. ഈ കുറവു ദരിദ്രന്മാർക്കുവേണ്ടിയുള്ള ആനുകൂല്യമായിരുന്നില്ല. എന്തുകൊണ്ടെന്നാൽ ദരിദ്രന്മാർക്കു ഉദാരമായ ധനസഹായങ്ങളാൽ ആനുകൂല്യങ്ങൾ നൽകാമായിരുന്നു. ധനവാന്മാർക്കുവേണ്ടിയുള്ള ആനുകൂല്യമായിരുന്നു അതു്. അതിന്റെ ഏകോദ്ദേശം മാനേജർമാരെ അവരുടെ സ്കൂൾ നടത്തിക്കൊണ്ടുപോകുവാൻ അശക്തരാക്കണമെന്നുമാത്രമേ ആയിരുന്നുള്ളു. ഫീസു കുറച്ചപ്പോൾ അദ്ധ്യാപകന്മാർക്കു മതിയായ ശമ്പളം നൽകാൻ അവർക്കു അസാദ്ധ്യമായിത്തീർന്നു. ഫീസിന്റെ തോതു പഴയതിലാക്കിയാൽ ഇപ്പോഴത്തെ പ്രശ്നം മുഴുവനും പരിഹരിക്കപ്പെടാം. ധനവാന്മാർ കൂടുതൽ ഫീസുകൊടുക്കുകയും അതുവഴിയായി ദരിദ്രന്മാർക്കു് സഹായം ലഭിക്കുകയും ചെയ്യട്ടെ." ഈ നിർദ്ദേശത്തിൽനിന്നു കാണാൻകഴിയും, ഫീസ് വർദ്ധിപ്പിക്കണമെന്നു പറയുന്നവരുടെ വാദത്തിന്റെ പിന്നിൽ "ഫീസു കൊടുക്കുവാൻ പ്രാപ്തിയുള്ളവർക്കുമാത്രമേ ഉയർന്നവിദ്യാഭ്യാസം കിട്ടുവാൻ അർഹതയുള്ളു എന്ന അഭിപ്രായം" അശേഷവും ഇല്ലെന്നു. ശ്രീ പൊട്ടംകുളം കെ. വി. തോമസു് ഡിസംബർ ആദ്യവാരത്തിൽ ദീപികയിലും മററും എഴുതിയലേഖനത്തിൽ ഫീസ് വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത സകാരണം ചൂണ്ടിക്കാണിച്ചിട്ടുണ്ടു. മുതലുള്ളവനാണു് മുതലാളിയെങ്കിൽ അദ്ദേഹം നമ്മുടെ ഇടയിലുള്ള ഒരു മുതലാളിതന്നെയാണു്. ഫീസ് വർദ്ധിപ്പിക്കണമെന്നു് വാദിക്കുന്ന ഈ മുതലാളിയുടെ "മുരടിച്ച മുതലാളിത്തവിശ്വാസപ്രമാണം" അദ്ദേഹത്തിന്റെ ലേഖനത്തിലെ ഈ വാക്കുകളിൽ മി. മുണ്ടശ്ശേരി കാണുമോ ആവോ? "16 കൊല്ലങ്ങളായി സ്വന്തകൈയിൽനിന്നു സാധുക്കളായ പല കുട്ടികൾക്കും ഫീസിനുള്ള സംഖ്യ കൊടുത്തുകൊണ്ടിരിക്കുന്നതിനു പുറമെ, അദ്ധ്യാപകന്മാരുടെ ശമ്പളം വകയ്ക്കായി വലിയൊരു സംഖ്യ ചിലവു ചെയ്തുകൊണ്ടു് ഒരു ഇംഗ്ലീഷ് സ്കൂൾ നടത്തിപ്പോരുന്ന എന്റെ എളിയ അഭിപ്രായം പുറപ്പെടുവിക്കുന്നതു അനുചിതമായിരിക്കുകയില്ലെന്നു വിശ്വസിക്കുന്നു." ഫീസു് കൂടുതൽവരവുള്ള സ്കൂളുകളിൽ മിച്ചംവരുന്ന പണം ദരിദ്രരായ കുട്ടികളെ ഫീസു് കൂടാതെ പഠിപ്പിക്കുവാൻ അതിനു മനസ്സുള്ളവർക്കു സാദ്ധ്യതനൽകുന്നുണ്ടല്ലോ. പല മാനേജ്മെൻറുകളും അങ്ങനെ ചെയ്യുന്നുമുണ്ടു്. ആ സ്കൂളുകളും 80 ശതമാനം ഖജനാവിൽ അടയ്ക്കണമെന്നു് നിർബന്ധിക്കുന്ന ഗവമ്മെൻറു് ആ ഉത്തരവുമൂലം ദരിദ്രവിദ്യാർത്ഥികൾക്കു മേൽപ്പറഞ്ഞവിധം ഫീസു് കൂടാതെ പഠിക്കുവാനുള്ള സാദ്ധ്യത ഇല്ലാതാക്കുകയാണു ചെയ്യുന്നതു്. തന്മൂലം "മുരടിച്ച മുതലാളിത്തവ്യവസ്ഥിതിയുടെ വിശ്വാസപ്രമാണങ്ങൾ" പ്രയോഗത്തെ സംബന്ധിച്ചിടത്തോളമെങ്കിലും പനമ്പിള്ളിപ്പദ്ധതിയിലാണു് മി: മുണ്ടശ്ശേരി കാണേണ്ടിയിരുന്നതു്.

## അദ്ധ്യാപകനിയമനം

മി: മുണ്ടശ്ശേരിയുടെ മൂന്നാമത്തെ ലേഖനം പ്രധാനമായി അദ്ധ്യാപകനിയമനത്തെ സംബന്ധിച്ചുള്ള പദ്ധതിയിലെ വ്യവസ്ഥ നീതീകരിക്കുവാൻ ശ്രമിക്കുന്നു. സ്ഥലച്ചുരുക്കത്താൽ അതു സംബന്ധിച്ചുള്ള ഞങ്ങളുടെ വിമർശം ദീർഘമാക്കാനുദ്ദേശിക്കുന്നില്ല. പനമ്പിള്ളിപ്പദ്ധതിയിലെ വ്യവസ്ഥയിൽനിന്നു് ഭിന്നമായ രൂപത്തിലാണു് മി: മുണ്ടശ്ശേരി അക്കാര്യത്തിനുവേണ്ടി വാദിക്കുന്നതു്. "പുതിയ പദ്ധതിയനുസരിച്ച അദ്ധ്യാപകശമ്പളത്തിനു് നേരിട്ടുത്തരവാദി സർക്കാരാണെന്നുവരുമ്പോൾ, പഴയ പോസ്റ്റു് ലൈസൻസിങ്ങിന്റെ സ്ഥാനത്തു പുതിയ ഫ്രീ ലൈസൻസിംഗു് നിർബന്ധിക്കേണ്ടിവരും." നിയമസഭയിൽ പദ്ധതി സംബന്ധിച്ചുണ്ടായ ചർച്ചയിൽ ഫ്രീ ലൈസൻസിംഗ് സിസ്റ്റം സ്വീകരിക്കണമെന്നു നിർദ്ദേശിച്ചതു്, ഞങ്ങൾ ഓർമ്മിക്കുന്നിടത്തോളം, മിസ്സു് ആനി ജോസഫാണു്. പല പത്രങ്ങൾ ആ നിർദ്ദേശത്തെപ്പററി പല തരത്തിൽ റിപ്പോർട്ടുചെയ്തിരുന്നു. അദ്ധ്യാപകന്മാരുടെ നിയമനസമ്പ്രദായത്തെ എന്തു പേരുവിളിച്ചാലും വിരോധമില്ല, നിയമനകാര്യത്തിൽ വിദ്യാഭ്യാസഡിപ്പാർട്ടുമെൻറു നിശ്ചയിച്ചിട്ടുള്ള ഏററവും കുറഞ്ഞ യോഗ്യതയുള്ള ആരേയും തിരഞ്ഞെടുത്തു നിയമിക്കുവാൻ തങ്ങൾക്കു പൂർണ്ണസ്വാതന്ത്ര്യം ഉണ്ടായിരിക്കണമെന്നും, അതിനുമുമ്പായി പബ്ലിക് സർവ്വീസു് കമ്മീഷൻ വഴിയായും മററുവേറൊരു തിരഞ്ഞെടുപ്പു നടത്തേണ്ട ആവശ്യമില്ലെന്നും, ആ തിരഞ്ഞെടുപ്പു തങ്ങളുടെ സ്വാതന്ത്ര്യത്തെ സ്കൂളിന്റെ ഉദ്ദേശപ്രാപ്തിക്കു ഹാനികരമാംവിധം നിയന്ത്രിക്കുമെന്നുമാണു് മാനേജമെൻറുകളുടെ പ്രതിഷേധം. ഒന്നാമതു്, ആഗസ്റ്റ് 12 ാംനു-യിലെ ത്രികക്ഷിസമ്മേളനത്തിൽ പദ്ധതിയിലെ ഈ വ്യവസ്ഥ അവതരിപ്പിക്കുകയോ ചർച്ചചെയ്യപ്പെടുകയോ പോലും ഉണ്ടായിട്ടില്ല. പ്രസ്തുത വ്യവസ്ഥയെപ്പററി ഒക്ടോബർ 16-ാംനു- പാർലമെൻററിപാർട്ടിയിൽ നടന്ന ചർച്ചയ്ക്കിടയിൽ മി. കെ. എം. ചാണ്ടി "ഈ നിയമനവ്യവസ്ഥ മാനേജരന്മാരെ അറിയിച്ചുവോ?" എന്നു ചോദിച്ചതിനു വിദ്യാഭ്യാസമന്ത്രി പറഞ്ഞമറുപടി "ഇല്ല, ഇന്നലെ മാത്രമാണിതു നിശ്ചയിച്ചതു" എന്നായിരുന്നു. ആകയാൽ ഈ വ്യവസ്ഥയുൾപ്പെടെയുള്ള പദ്ധതി "ത്രികക്ഷി കോൺഫറൻസിൽ വച്ചു.....ഐകകണ്ഠ്യേന തീരുമാനിച്ചതാണെന്നുള്ള മി. മുണ്ടശ്ശേരിയുടെ പ്രസ്താവം വാസ്തവവിരുദ്ധമാണെന്നു് വീണ്ടും പറയേണ്ടിയിരിക്കുന്നു. രണ്ടാമതു്, പ്രസ്തുത വ്യവസ്ഥ സ്വീകരിച്ചാലും അദ്ധ്യാപകനിയമനത്തിനുള്ള മാനേജമെൻറിന്റെ പൂർണ്ണമായ സ്വാതന്ത്ര്യത്തിനു കോട്ടമൊന്നുമില്ലെന്നു മന്ത്രി ഉറപ്പുപറയുന്നു, കോട്ടമുണ്ടാകുമെന്നു മാനേജമെൻറുകൾ വിശ്വസിക്കുന്നു. എന്നാൽപിന്നെ മന്ത്രി എന്തിനു് പ്രസ്തുത വ്യവസ്ഥ സ്വീകരിക്കണമെന്നു ശാഠ്യം പിടിക്കുന്നു? മി. എൻ. വി. ജോസഫ് ചോദിക്കുന്നപോലെ "മാനേജരന്മാർക്കു ഇന്നുള്ള സ്വാതന്ത്ര്യത്തിനു വാദ്ധ്യാന്മാരുടെ നിയമനക്കാര്യത്തിൽ ഒരു കുറവും ഈ പുതിയ വ്യവസ്ഥകൊണ്ടു വരുന്നില്ലെന്നുമന്ത്രിമാർ പറയുന്നു. മരിച്ചാലും ജീവിച്ചാലും ഒരേ മാതിരിയാണെങ്കിൽ ജീവിച്ചേതീരൂ എന്ന നിർബന്ധമെന്താണു്? ഈ വെറും നിഴലിനുവേണ്ടി ഒരു ഗവമ്മെൻറു് മുഷ്ടിപിടിക്കുകയോ?" മൂന്നാമതു്, പ്രസ്തുത വ്യവസ്ഥയുടെ പ്രായോഗികമായ വൈഷമ്യങ്ങളെപ്പററി റിട്ടയേഡു് ചീഫ് ജസ്റ്റിസു് ജോസഫ് തളിയത്തു് അവർകൾ പാലായോഗത്തിൽചെയ്ത പ്രസംഗത്തിൽ സവിസ്തരം പ്രതിപാദിച്ചിട്ടുണ്ടു്. "ഇപ്പോൾ അഭിമാനത്തെ ഉദ്ദേശിച്ചാണ ലിസ്റ്റിൽ ഗവമ്മെൻറു് പിടിച്ചിരിക്കുന്നതു് ഇതിന്റെ ദൂഷ്യം വിദ്യാഭ്യാസമന്ത്രിതന്നെ മനസ്സിലാക്കിയിട്ടില്ല. ഗവമ്മെൻറുകാര്യം എത്ര കുഴഞ്ഞരീതിയിൽ നടക്കുന്നുവെന്നു നമുക്കു് അറിയാം. കുറച്ചുകാലം ഒരു ഡിപ്പാർട്ടുമെൻറിന്റെ അദ്ധ്യക്ഷനായിരുന്ന എനിക്കു് അനുഭവജ്ഞാനമുണ്ടു്." "പുതിയ പദ്ധതിയനുസരിച്ചു് അദ്ധ്യാപകശമ്പളത്തിനു നേരിട്ടു് ഉത്തരവാദി സർക്കാരാണെന്ന" ന്യായത്തെ ആധാരമാക്കിയാണു് "പഴയ പോസ്റ്റു് ലൈസൻസിങ്ങിന്റെ സ്ഥാനത്തു പുതിയ ഫ്രീ ലൈസൻസിങ്ങ നിർബന്ധിക്കേണ്ടിവരും" എന്നു മി. മുണ്ടശ്ശേരി വാദിക്കുന്നതു്. എന്നാൽ പ്രസ്തുത ന്യായം അസ്വീകാര്യമാണെന്നാണു് മാനേജരന്മാരുടെ വാദം. പ്രൈവററു് സ്കൂൾ അദ്ധ്യാപകന്മാരുടെ നിയമനം നടത്തുന്നതു് മാനേജരന്മാരായതുകൊണ്ടു് അവരുടെ ശമ്പളത്തിനു നേരിട്ടു് ഉത്തരവാദികൾ മാനേജരന്മാർതന്നെയാണു്. ആ ഉത്തരവാദിത്വം അവരിൽനിന്നു ഗവമ്മെൻറു് ഈ പദ്ധതിമൂലം അപഹരിക്കുന്നതിനെയാണു് മാനേജരന്മാർ എതിർക്കുന്നതു്.

**FIXED DEPOSITS**
2 years 4½%
1 — 4%
6 months 3%
**The Bank of Cochin Ltd.**
ERNAKULAM
*Branches:*
CHALAKUDY, TRICHUR,
MATTANCHERY,
WILLINGDON ISLAND

## ക്രിസ്തുവിന്റെ ആദർശം

"വസ്തുസ്ഥിതികൾ ഇവയാണെന്നിരിക്കെ അവശരായ അദ്ധ്യാപകർക്കു രക്ഷ നൽകി നമ്മുടെ രാജ്യത്തെ വിദ്യാഭ്യാസത്തെ പൂർവ്വാധികം കാര്യക്ഷമമാക്കുവാൻ കൊണ്ടുവന്നിട്ടുള്ള ഈ പദ്ധതിയോടു് മാനേജരന്മാർ നിസ്സഹകരിക്കുന്നതു്" മി. മുണ്ടശ്ശേരിക്കു "ദുഃഖകരമായിരിക്കുന്നു." വസ്തുസ്ഥിതികൾ അദ്ദേഹം വിവരിച്ചപോലെയല്ലെന്നു നാം കണ്ടുവല്ലോ. അവശരായ അദ്ധ്യാപകന്മാർക്കു രക്ഷനൽകാൻ ഫീസ്‌പിരിവിന്റെ 80 ശതമാനം വിട്ടുകൊടുക്കുകയേ വേണ്ടു. അതിനു മാനേജരന്മാർ തയ്യാറാണു്. പദ്ധതിമൂലം പ്രൈവററു സ്കൂളുകൾക്കു ഇപ്പോഴുള്ള നില നഷ്ടപ്പെടുന്നതുകൊണ്ടു നമ്മുടെ രാജ്യത്തെ വിദ്യാഭ്യാസം പൂർവ്വാധികം മോശമാകുകയേയുള്ളു. അതുകൊണ്ടാണു് മാനേജരന്മാർ പദ്ധതിയോടു നിസ്സഹകരിക്കുന്നതു്. തന്മൂലം മി. മുണ്ടശ്ശേരിയുടെ ദുഃഖം അസ്ഥാനത്തും അകാരണവുമാണു്. "ദുസ്തർക്കങ്ങൾ ഉപേക്ഷിച്ച ഈ പദ്ധതിയെ സ്വാഗതംചെയ്യുവാൻ ക്രിസ്ത്യൻമാനേജരന്മാരെ ക്രിസ്തുവിന്റെ മഹനീയാദർശം പ്രേരിപ്പിക്കുമെന്നാണു്" മി. മുണ്ടശ്ശേരിയുടെ "വിശ്വാസം". ക്രിസ്തുവിന്റെ മഹനീയാദർശം "ദൈവത്തിന്റേതു് ദൈവത്തിനും കേസറിന്റേതു് കേസറിനും കൊടുക്കുക" എന്നാണല്ലോ. ആ മഹനീയാദർശം ദീക്ഷിച്ചാണു് പനമ്പിള്ളി പദ്ധതിയെ ക്രിസ്ത്യൻ മാനേജമെൻറുകൾ എതിർക്കുന്നതു. ക്രിസ്തീയവിദ്യാർത്ഥികൾക്കു ദൈവത്തോടുള്ള കത്തവ്യം നിർവഹിക്കുവാൻ സൗകര്യമുണ്ടാകത്തക്കവണ്ണം സ്റ്റേററിന്റെ ന്യായമായ നിയന്ത്രണത്തിനു വിധേയമായി സ്വന്തം സ്കൂളുകൾ സ്ഥാപിക്കുവാനുള്ള ദൈവദത്തവും പ്രകൃതിദത്തവുമായ അവകാശമാണു് ക്രിസ്ത്യൻ മാനേജമെൻറുകൾ ആവശ്യപ്പെടുന്നതു്. പ്രസ്തുതാവകാശത്തെ ഹനിക്കുവാൻ ഉതകുന്ന നടപടിയുടെ പ്രാരംഭപടിയാണു് പനമ്പിള്ളി പദ്ധതിയിലെ വിവാദവ്യവസ്ഥകളെന്നു മാനേജമെൻറുകൾക്കു് ബോദ്ധ്യമുണ്ടു്. ആ ബോദ്ധ്യം ശരിയാണെന്നു വൈദികാദ്ധ്യക്ഷന്മാർ സമ്മതിച്ചിട്ടുമുണ്ടു്. ആകയാൽ ക്രിസ്തുവിന്റെ മഹനീയാദർശത്തിനുവേണ്ടിയാണു് മി. മുണ്ടശ്ശേരി നില്ക്കുന്നതെങ്കിൽ പനമ്പിള്ളിപദ്ധതിയെ വൈദികാദ്ധ്യക്ഷന്മാരുടെ സുചിന്തിതമായ നിർദ്ദേശങ്ങളനുസരിച്ചു ശരിപ്പെടുത്തുവാൻ പ്രേരിപ്പിക്കുകയാണു് അദ്ദേഹത്തിന്റെ കത്തവ്യം. ഭരണഘടനയനുസരിച്ചുള്ള മൗലികാവകാശത്തെയല്ല ദൈവദത്തവും പ്രകൃതിദത്തവുമായ മൗലികാവകാശത്തെയാണു് പ്രധാനമായി മാനേജമെൻറുകൾ ആശ്രയിക്കുന്നതും വൈദികാദ്ധ്യക്ഷന്മാർ ഉന്നയിക്കുന്നതുമെന്നുള്ള വസ്തുത പ്രസ്താവയോഗ്യമാണു്.

## സത്യദീപം വരിസംഖ്യ

| | |
|---|---|
| പ്രതിവർഷം അഞ്ചൽ | ക. 6—0—0 |
| പ്രതിവർഷം തപാൽ | " 6—8—0 |
| ഇൻഡ്യക്കു പുറമെ | " 8—0—0 |
| ഒററപ്രതി | 0—2—0 |

മി. പോത്തൻജോസഫിന്റെ

## മറുപടിക്കു സ്വാഗതം!

ദേവമാതാവായ പരിശുദ്ധകന്യകമറിയത്തിന്റെ സ്വർഗ്ഗാരോഹണം പരി. പിതാവു് വിശ്വാസസത്യമായി പ്രഖ്യാപിക്കുന്നതുസംബന്ധിച്ചു "ഡക്കാൺ ഹെറാൾഡു" എന്ന ഇംഗ്ലീഷ് ദിനപ്പത്രത്തിന്റെ അധിപരായ മി: പോത്തൻ ജോസഫ് അതിലെഴുതിയിരുന്ന ഒരു ലേഖനം മലയാളമനോരമയിൽ "സ്വതന്ത്രവിവത്തനം" ചെയ്തു പ്രസിദ്ധീകരിച്ചിരുന്നതു് കാണാനിടയായപ്പോൾ ആ ലേഖനത്തിൽ കത്തോലിക്കരുടെ വിശ്വാസാനുഷ്ഠാനങ്ങളെ സ്പർശിക്കുന്നതായിക്കണ്ട ചില "പ്രമാദങ്ങൾ" ചൂണ്ടിക്കാണിച്ചു സത്യദീപത്തിലെ വിമർശനവീഥിയിൽ ഞങ്ങൾ നവംബർ 22, നവംബർ 29 ലക്കങ്ങളിലായി രണ്ടു ലേഖനങ്ങൾ എഴുതിയിരുന്നല്ലോ. മലയാളമനോരമയിലെ വിവത്തനം വായിച്ചപ്പോൾ അതിൽ മൂലലേഖകന്റെ ആശയം ശരിക്കു പ്രകാശിപ്പിച്ചിട്ടുണ്ടോയെന്നു ഞങ്ങൾക്കു ബലമായ സംശയമുണ്ടായി. പ്രകാശിപ്പിച്ചിട്ടില്ലെന്നു തെളിയിക്കുന്ന ഒരു ദൃഷ്ടാന്തം സ്പഷ്ടമായി കണ്ടതു് ഞങ്ങളുടെ ആദ്യത്തെ ലേഖനത്തിന്റെ പ്രാരംഭത്തിൽ ചൂണ്ടിക്കാണിക്കുകയും ചെയ്തിരുന്നു. "എങ്കിലും മൂലലേഖകന്റെ ആശയം മുഴുവനും ഏറെക്കുറെ വിവത്തനത്തിൽ നിന്നു മനസ്സിലായെന്ന ധാരണവച്ചുകൊണ്ടു് അതിനെ വിമർശിക്കുകയാണു" ഞങ്ങളുടെ ഉദ്ദേശമെന്നും ഞങ്ങൾ പറഞ്ഞിരുന്നു. ഇംഗ്ലീഷിൽ എഴുതിയ മൂലലേഖനം വിമർശനം തുടങ്ങുന്നതിനുമുൻപു് കാണണമെന്നു് ഞങ്ങൾക്കാഗ്രഹമുണ്ടായിരുന്നു. അന്വേഷിച്ചതിൽ ഞങ്ങൾക്കതു കണ്ടുകിട്ടിയില്ല. സത്യദീപത്തിലെ വിമർശം മി. പോത്തൻജോസഫിനു ഞങ്ങൾ നേരിട്ടയച്ചുകൊടുത്തു. വിമർശത്തിനു മറുപടിയെന്നോണം അദ്ദേഹം മൂലലേഖനത്തിന്റെ ടൈപ്പുചെയ്ത ഒരു പ്രതിയും, തന്റെ നിലയെ വിശദീകരിക്കുന്ന ഒരു കത്തും സദയം ഞങ്ങൾക്കയച്ചുതന്നു. അദ്ദേഹത്തിന്റെ ആഗ്രഹപ്രകാരം അവ രണ്ടും ഞങ്ങൾ സത്യദീപത്തിൽ സസന്തോഷം ചേർക്കുന്നതും അതിനെപ്പററി ഞങ്ങൾക്കുള്ള അഭിപ്രായം പ്രകാശിപ്പിക്കുന്നതുമാണു്. ഈ ലക്കത്തിൽ സ്ഥലമില്ലാത്തതുകൊണ്ടും അടുത്തലക്കം സ്പെഷ്യലായതുകൊണ്ടും ഇക്കാര്യം നീട്ടിവച്ചിരിക്കുന്നെന്നു മാത്രം.

## വൈദികർക്കു മഹറോൻ


"സഭാനിയമങ്ങൾ ലംഘിച്ചതിനും സ്വമെത്രാന്മാരുടെ ആജ്ഞകൾ അനുസരിക്കുവാൻ വിസമ്മതിച്ചതിനു"മായി യൂഗോസ്ലാവിയായിലെ മൂന്നു വൈദികർക്കു പരിശുദ്ധസിംഹാസനം മഹറോൻശിക്ഷ നല്കിയിരിക്കുന്നു.

## അഭിനവമെത്രാന്മാർക്ക് സ്വീകരണം

ചങ്ങനാശേരി പാലാ രൂപതകളുടെ അഭിനവമെത്രാൻ തിരുമേനിമാർ ഡിസംബർ 9-ാംനു ലണ്ടനിൽനിന്നു വിമാനമാർഗ്ഗം ബോംബെയിലെത്തുകയുണ്ടായി. 11-ാംനു തിരുമേനിമാർ ഡൽഹിയിലെത്തി ഇൻറർനൺഷ്യോ തിരുമേനിയെ സന്ദർശിച്ചു. ഇൻറർനൺഷ്യോ തിരുമനസ്സുകൊണ്ട് പുതിയ മെത്രാന്മാരുടെ ബഹുമാനാർത്ഥം ഒരു വിരുന്നുസൽക്കാരം നടത്തുകയുണ്ടായി. വന്ദ്യതിരുമേനിമാർ അടുത്ത ഞായറാഴ്ച എറണാകുളം അതിമെത്രാസനാരമനയിലെത്തി വിശ്രമിക്കുന്നതും അവിടെനിന്നു പിറേറദിവസം ഗവർമ്മെൻറുവക "പാർവ്വതി" ബോട്ടിൽ ചങ്ങനാശേരിയിലേക്ക് എഴുന്നള്ളുന്നതുമാണ്. ഞായറാഴ്ച വിമാനത്താവളത്തിൽനിന്നു സ്റ്റേറുകാറിലായിരിക്കും തിരുമേനിമാരെ അതിമെത്രാസനാരമനയിലേക്കു ആനയിക്കുന്നതു്. ഡിസംബർ 18-ാംനു തിങ്കളാഴ്ച ചങ്ങനാശേരിയിലും 20-ാംനു ബുധനാഴ്ച പാലായിലും തിരുമേനിമാർക്ക് ഗംഭീരമായ സ്വീകരണങ്ങൾ നൽകുന്നതാണ്.

---

## വിനോദവീഥി




"എന്താമ്മാവാ കണ്ണു കണ്ടൂടെ? എൻെറ കണ്ണിപ്പോൾ പൊട്ടുമായിരുന്നല്ലോ!"

"പരീക്ഷയാണന്നുംവച്ചു് റോഡിൽക്കൂടി വായിച്ചോണ്ടു നടക്കാതെ കുഞ്ഞെ! എൻെറ ഉരം തകർന്നല്ലോ ഒരു തട്ടുതന്നിട്ടു്!"

* * *

സാധാരണ അപ്പനാണു കാള വാങ്ങിക്കാൻ പോകാറുണ്ടായിരുന്നതു്. ഒരു ദിവസം മകൻ പോയി ഒന്നിനെയും കൊണ്ടുവന്നു. പക്ഷെ വീട്ടിലെത്തിയതിൽപ്പിന്നെ അതു തിന്നുകയും കുടിക്കുകയും മററും ചെയ്യുന്നതായി കണ്ടില്ല. ആകയാൽ അതീവ സാന്തൃപ്തിയോടെ മകൻ പറകയാണ്: "കാള നല്ലപോലെ പണിയെടുക്കുകകൂടി ചെയ്യുയാണെങ്കിൽ എൻെറ കച്ചവടം ഒന്നാന്തരമായിട്ടുണ്ടു്."

* * *




"എന്താ! മൂപ്പിലെ, കോളാമ്പിയും മാറും കഴുത്തിൽ തൂക്കി ബസ്സിൽ കയറാൻ ഒരുങ്ങിനിൽക്കുന്നതു്!"

"എൻെറപ്പനെ വണ്ടിക്കേറുമ്പോ ഞാൻ ഛർദ്ദിക്കും. മററുള്ളവർക്ക് ഉപദ്രവം ഉണ്ടാക്കണ്ട എന്നു വിചാരിച്ചു് കോളാമ്പികൂടി എടുത്തതാ".

* * *

ജ്വരബാധയിൽനിന്നു വിമുക്തനായ രോഗി നാലുപാടും ദൃഷ്ടികൾ പായിച്ചുകൊണ്ടു്: "ഞാനിപ്പോൾ എവിടെയാണു്? സ്വർഗ്ഗത്തിലായിരിക്കുമോ?"

ഭാര്യ: "ഞാനല്ലേ അടുത്തുള്ളതു്. പിന്നെ അങ്ങനെ സംശയിക്കേണ്ട ആവശ്യമുണ്ടോ?"

## ക്രൈസ്തവനിവേദനം

തിരു-കൊച്ചി ഗവർമ്മെണ്ടിൻെറ പുതിയ വിദ്യാഭ്യാസപദ്ധതിയെപ്പററി നിവേദനം നടത്തുവാൻ റവ. ഫാദർ ഫ്റാൻസിസ് സാലസ് സി ഡി, റവ ഡോക്ടർ തോമസ് മൂത്തേടൻ എം എ ഡി ഡി, ശ്രീ വി ഒ എബ്രഹാം ബി എ, ശ്രീ എ ജി മാത്യു ബി എ ബി എൽ എന്നിവർ ഡിസംബർ 4-ാം തീയതി വിമാനമാർഗ്ഗം ഡൽഹിയിലേക്കു പോകുകയുണ്ടായി. ഇൻറർനൺഷ്യോ, മന്ത്രി രാജകുമാരി അമൃത കൗർ, സ്റ്റേററ് സ്മിനിസ്ട്രി സെക്രട്ടറി ശ്രീ വി പി മേനോൻ, പാർലമെൻറ് മെമ്പർമാരായ റവ ഫാദർ ജറോം ഡിസൂസ, മി എച്ച് സി മുക്കർജി മുതലായവരെ സന്ദർശിച്ചു ഈ പദ്ധതിയുടെ ദൂഷ്യവശങ്ങളെപ്പററി അവർ സംഭാഷണം നടത്തി. എല്ലാ കേന്ദ്രങ്ങളും കാര്യങ്ങളുടെ യഥാർത്ഥനില മനസ്സിലായപ്പോൾ അത്യന്തം അനുഭാവം പ്രദർശിപ്പിക്കയുണ്ടായെന്നാണറിയുന്നതു്. നിവേദകസംഘം ഡിസംബർ 11-ാംനു തിരിച്ചെത്തിയിരിക്കുന്നു. പ്രസ്തുത നിവേദകസംഘം ഡൽഹിക്കു പോകുന്നതിനുമുമ്പ് തിരു-കൊച്ചി മന്ത്രിമാരായ ശ്രീ എ ജെ ജോണും ശ്രീ ജോൺ പീലിപ്പോസും ഡൽഹിയിലെത്തി വിദ്യാഭ്യാസപ്രശ്നം സംബന്ധിച്ചു് പ്രമുഖകേന്ദ്രങ്ങളിൽ നിവേദനം നടത്തിയ കാര്യവും പ്രസ്താവ്യമാണ്.

## അടിസ്ഥാനരഹിതം

കോട്ടാർ രൂപതയിലെ സ്കൂളുകളിലെ ഫീസുപിരിവു ട്രഷറിയിൽ കെട്ടിവച്ചിരിക്കുന്നുവെന്ന വാർത്തയെ അധികൃതമായി നിഷേധിച്ചിരിക്കുന്നു. മന്ത്രിമാരുടെ ഈ പ്രസ്താവന അടിസ്ഥാനരഹിതമാണെന്നും അതിനാൽ അതു പത്രപ്രസ്താവനമൂലം നിഷേധിക്കേണ്ടതാണെന്നും വികാരിജനറാൾ അവർകൾ കത്തോലിക്കാസ്കൂൾ മാനേജേഴ്സ് അസോസിയേഷൻ പ്രസിഡൻറിനോടു് ആവശ്യപ്പെടുകയും ചെയ്തിരിക്കുന്നു. കോട്ടാർ രൂപതയിൽ വിവിധ കേന്ദ്രങ്ങളിൽവച്ചു് പദ്ധതിയെ പ്രതിഷേധിച്ചു് തുടർച്ചയായി യോഗങ്ങൾ കൂടിക്കൊണ്ടിരിക്കുകയാണെന്നും പ്രസ്താവിക്കപ്പെട്ടു.

## പ്രതിഷേധയോഗം

തൃപ്പൂണിത്തുറ ഫൊറോനപ്പള്ളി പരിസരങ്ങളിൽവച്ചു 12 പള്ളിക്കാരുടെ ആഭിമുഖ്യത്തിൽ പുതിയ വിദ്യാഭ്യാസപദ്ധതിയെ പ്രതിഷേധിക്കുന്നതിനായി ഡിസംബർ 17-ാംനു ഞായറാഴ്ച 4 മണിക്ക് ശ്രീ കെ. ടി. തോമസ് ബി. എ. ബി. എൽ. അവർകളുടെ അദ്ധ്യക്ഷതയിൽ ഒരു പൗരമഹായോഗം കൂടുന്നതാണ്.

## പരിപൂർണ്ണസ്വാതന്ത്ര്യം പിന്നോക്കമടിച്ചോ?

മി. പനമ്പിള്ളി തൃശ്ശിവപേരൂർ മെത്രാൻ തിരുമേനിയെ സന്ദർശിച്ചു സംഭാഷണം നടത്തിയ അവസരത്തിൽ, വിദ്യാഭ്യാസപദ്ധതിക്കുഴപ്പം അവസാനിപ്പിക്കുന്നതിനു ഒരു ഒത്തുതീർപ്പെന്ന ഭാവേന "അദ്ധ്യാപകനിയമനം 75 ശതമാനം മാനേജർക്കു വിട്ടുകൊടുക്കാമെന്നും 25 ശതമാനംകൊണ്ടു ഗവമ്മെണ്ടു തൃപ്തിപ്പെട്ടുകൊള്ളാമെന്നും ഉള്ള ബഹു വിചിത്രമായ ഒരഭിപ്രായം മന്ത്രി പുറപ്പെടുവിച്ചതായി" ദീപിക റിപ്പോർട്ടു ചെയ്തിരിക്കുന്നു. ഒത്തുതീർപ്പിൻെറ സാധ്യതയിലേക്കു് ഗവമ്മെൻറു് ചെയ്യാമെന്നു പറയുന്ന കൂടുതൽ ആനുകൂല്യം 75 ശതമാനം സ്വാതന്ത്ര്യമാണെങ്കിൽ, അതിനുമുൻപു കൊടുക്കുവാനുദ്ദേശിച്ചിരുന്ന നിയമനസ്വാതന്ത്ര്യം അതിൽ കുറവാണെന്നു വരുന്നുണ്ടല്ലോ. അങ്ങനെയെങ്കിൽ ലിസ്റ്റ് ഉണ്ടെങ്കിലും മാനേജർമാർക്കു അദ്ധ്യാപകനിയമനകാര്യത്തിൽ പരിപൂർണ്ണസ്വാതന്ത്ര്യമുണ്ടായിരിക്കുന്നതാണ് എന്നു മന്ത്രി അടുത്തു പലതവണയും ചെയ്തുകാണുന്ന പ്രസ്താവനകളുടെ അർത്ഥമെന്താണു്? ആനുകൂല്യം കൂടുന്തോറും സ്വാതന്ത്ര്യം കുറയുകയാണോ? ഇതെന്തൊരു മെരട്ടുവിദ്യ! ചിത്രം, വിചിത്രംതന്നെ!

(മ മെ.)

## കാഞ്ഞൂർ

കാഞ്ഞൂർ ഫൊറോനാപള്ളിയിൽ നടത്തുന്ന നാല്പതുമണിയാരാധനയിലും വികാരി വെരി റവ ഡോക്ടർ ടി കെ നമ്പ്യാപറമ്പിൽ അവർകളുടെ പൗരോഹിത്യ രജതജൂബിലിയിലും സംബന്ധിക്കുന്നതിനായി എറണാകുളം മെത്രാപ്പോലീത്താ തിരുമേനി ഡിസംബർ 19-ാം തീയതി ചൊവ്വാഴ്ച സായാഹ്നത്തിൽ കാഞ്ഞൂർക്കു എഴുന്നള്ളുന്നതാണ്. അഭിവന്ദ്യതിരുമേനിക്കു് സെൻറ് സെബാസ്റ്റ്യൻസ് സ്കൂൾ അങ്കണത്തിൽവച്ചു് ഇടവകജനങ്ങളുടെ വകയായി ഗംഭീരമായ ഒരു സ്വീകരണം നൽകുന്നതും മംഗളപത്രം സമർപ്പിക്കുന്നതുമാണ്. ജൂബിലിസ്മാരകമായി വെരി റവ ഡോക്ടർ നമ്പ്യാപറമ്പിൽ സ്കൂൾ അങ്കണത്തിൽ സ്ഥാപിക്കുന്ന ക്രിസ്തുരാജപ്രതിമയുടെ ആശീർവ്വാദം തദവസരത്തിൽ മെത്രാപ്പോലീത്താ തിരുമേനി നിർവ്വഹിക്കുന്നതായിരിക്കും. ആരാധനയുടെ അവസാനദിവസമായ ബുധനാഴ്ചകാലത്തു തിരുമനസ്സുകൊണ്ടു് കാഞ്ഞൂർപള്ളിയിൽ ദിവ്യബലി അർപ്പിക്കുന്നതാണ്.

21-ാം തീയതി വ്യാഴാഴ്ച നടക്കുന്ന ജൂബിലിയാഘോഷത്തിൻെറ പരിപാടി താഴെ ചേർക്കുന്നു:— 5 30നു സ്തപസ്സുകുർബ്ബാന (ജൂബിലേറിയൻ) 6-30നു ജൂബിലേറിയനും അദ്ദേഹത്തിൻെറ ശിഷ്യരായ വൈദികരും മററു വൈദികരുമൊരുമിച്ചുള്ള ഗ്രൂപ്പുഫോട്ടോ; 7-30നു ഹൈസ്കൂളിൻെറ മുമ്പിലുള്ള പന്തലിൽ വച്ചു് പൊന്തിഫിക്കൽ കുർബ്ബാന (തൃശ്ശൂർ മെത്രാൻ തിരുമനസ്സുകൊണ്ടു്); 9നു പ്രസംഗം (റവ ഫാ. മാത്യു മങ്കുഴിക്കരി); വാഴ്വ് ലാക്ആലാഹാ; 10 മണിക്കു് വൈദികമേലദ്ധ്യക്ഷന്മാരും വൈദികരും അതിഥികളുമൊരുമിച്ചു് ഗ്രൂപ്പുഫോട്ടോ. 10-30നു പൊതുയോഗം (ഉൽഘാടനം എറണാകുളം മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു്. അദ്ധ്യക്ഷൻ: തൃശ്ശൂർ മെത്രാൻ തിരുമേനി). 12-30നു ഉച്ചഭക്ഷണം. പാനോപചാരപ്രസംഗം റവ ഫാദർ തോമസ് മൂത്തേടൻ.

---

In loving memory of



Dr. Varghese C. Manjuran
M. B., B. S., Cherai
Died, 12 th December 1932
Merciful Jesus, grant him eternal rest.

---

## ഒല്ലൂർ ഉപതിരഞ്ഞെടുപ്പ്

ഒല്ലൂർ നിയോജകമണ്ഡലത്തിലെ ഉപതിരഞ്ഞെടുപ്പ് ഡിസംബർ 13-ാംനു നടത്തപ്പെടുന്നതാണ്. അവിടെ കോൺഗ്രസ് പാർട്ടി സ്ഥാനാർത്ഥിയായി മി. വി. ആർ. കൃഷ്ണനെഴുത്തച്ഛനും സോഷ്യലിസ്റ്റ് പാർട്ടി സ്ഥാനാർത്ഥിയായി മി എ. പി. നമ്പ്യാരും തിരഞ്ഞെടുപ്പിൽ മത്സരിക്കുന്നതാണ്.

## കൊറിയൻസമരം

ഉത്തരകൊറിയയിൽ വിജയകരമായി പുരോഗമിച്ചുകൊണ്ടിരുന്ന ഐക്യരാഷ്ട്രസമിതിസേനക്കു്, ചൈനീസ് കമ്മ്യൂണിസ്റ്റ് സേനകളുടെ ആഗമനത്തോടുകൂടി ശക്തിയായ എതിർപ്പുകൾ നേരിട്ടുകൊണ്ടിരിക്കുന്നു. പല കേന്ദ്രങ്ങളിൽ നിന്നും ഐക്യരാഷ്ട്രസേനക്കു് പിൻവാങ്ങേണ്ടതായി വന്നിട്ടുണ്ടു്. ഉത്തരകൊറിയൻ തലസ്ഥാനമായിരുന്ന പ്യോങ്‌യാങ്ങ് അധീനമാക്കിയ ശേഷം കമ്മ്യൂണിസ്റ്റ് സേന തെക്കോട്ടു നീങ്ങിക്കൊണ്ടിരിക്കുന്നതായി റിപ്പോർട്ടുകളിൽ കാണുന്നു.

## എഴുത്തുപെട്ടി

Bangalore
4-12-50

Dear and Rev. Father,

14-ാം ലക്കത്തിലും 15-ാം ലക്കത്തിലും തുടർച്ചയായി പ്രസിദ്ധംചെയ്ത "ക്രിസ്റ്റോഫേഴ്സ്" എന്ന ലേഖനം വളരെ സന്തോഷപൂർവ്വം വായിച്ചു. സത്യദീപം മുഖേന മലയാളികൾക്കു് ഇതു മനസ്സിലാക്കാൻ സാധിച്ചതിൽ വളരെ കൃതാർത്ഥതയുണ്ടു്.

ഫാദർ കെല്ലർ സ്ഥാപിച്ച ക്രിസ്റ്റോഫർ കേന്ദ്രത്തിൽനിന്നും ഞങ്ങൾ പല പ്രസിദ്ധീകരണങ്ങളും വരുത്തിവായിച്ചതിനാൽ ഇതിൻെറ മാഹാത്മ്യം മനസ്സിലാക്കിയിട്ടുണ്ടു്. ഭാരതത്തിലും ഇതുപോലെ ഒന്നു തുടങ്ങണമെന്നുള്ള ആഗ്രഹത്താൽ, അവരുടെ സമ്മതപ്രകാരം പ്രസിദ്ധീകരണങ്ങൾ ഇവിടെ വീണ്ടും മുദ്രണംചെയ്തു വിതരണം നടത്തുകയാണ്. ഇൻഡ്യയുടെ പല ഭാഗത്തുനിന്നും പലർ ഇതിൽ സഹകരിച്ചുപ്രവർത്തിക്കുന്നുണ്ടു്. കേരളത്തിലും പലർ ഇതിൽ ചേർന്നിട്ടുള്ളതു് സന്തോഷം തന്നെ. ഫാ. കെല്ലർ എഴുതിയ പുസ്തകങ്ങളും ഞങ്ങളുടെ പക്കൽ വില്പനയ്ക്കുണ്ടു്.

ക്രിസ്റ്റോഫേഴ്സ് ആകണമെന്നുദ്ദേശിക്കുന്നവർക്കും കൂടുതൽ അറിയണമെന്നാഗ്രഹിക്കുന്നവർക്കും, തൽസംബന്ധമായ പ്രസിദ്ധീകരണങ്ങൾ സൗജന്യമായി അയച്ചുകൊടുക്കുന്നതാണ്. നേരിട്ടു് വരുത്തണമെന്നാഗ്രഹിക്കുന്നവർ: The Christophers, 18 East 48 th Street, NEW YORK 17, N. Y., എന്നെഴുതിയാൽ മതി. പ്രസിദ്ധീകരണങ്ങൾ ഇംഗ്ലീഷിൽ ആണു്. നേരിട്ടുവരുത്തുന്നതു് പ്രയാസമാണെന്നുള്ളതിനാൽ താഴെക്കാണുന്ന മേൽവിലാസത്തിൽ എഴുതിയാൽ ഞങ്ങൾ അയച്ചുകൊടുക്കുന്നതാണ്.

K. P. Mathew
22 Car Street, Ulsoor,
Bangalore.

---

"സ്വർഗ്ഗത്തിലേക്കു് എടുക്കപ്പെട്ട രാജ്ഞി! ഞങ്ങൾക്കുവേണ്ടി അപേക്ഷിക്ക!"

ദൈവമാതാവിൻെറ അമലോത്ഭവം 1854-ൽ വിശ്വാസസത്യമായി പ്രഖ്യാപിച്ചുശേഷം ലുത്തനിയായിൽ "അമലോത്ഭവയായ രാജ്ഞീ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്ക" എന്ന ഭാഗം കൂട്ടിച്ചേർക്കുകയുണ്ടായല്ലോ. ദൈവമാതാവിൻെറ സ്വർഗ്ഗാരോപണം വിശ്വാസസത്യമായി പ്രഖ്യാപിക്കപ്പെട്ടതിനെ തുടർന്നു്, "സ്വർഗ്ഗത്തിലേക്കു എടുക്കപ്പെട്ട രാജ്ഞീ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്ക" (Regina in Coelum assumpta, ora pro nobis) എന്ന പ്രാർത്ഥനയും കൂട്ടിച്ചേർത്തിരിക്കുന്നതായി മാർപ്പാപ്പാ നവംബർ 4-ാംനു പുറപ്പെടുവിച്ച കല്പനയിൽ പ്രസ്താവിച്ചിരിക്കുന്നു.

## കത്തോലിക്കാ വിദ്യാലയങ്ങൾക്കു ധനസഹായം

ബെൽജിയത്തിലെ മന്ത്രിസഭ അവതരിപ്പിച്ചതും നിയമസഭ പാസാക്കിയതുമായ 1950-ലെ ബഡ്ജററനുസരിച്ചു് കത്തോലിക്കാവിദ്യാലയങ്ങൾക്കു സ്റ്റേററു നിയന്ത്രണത്തിലുള്ള മററു വിദ്യാലയങ്ങളോടൊപ്പം സഹായധനം അനുവദിച്ചിരിക്കുന്നു. "മതം പഠിപ്പിക്കേണ്ടതു പള്ളികളിൽ മാത്രമാണെ"ന്നും പറഞ്ഞു, ലിബറൽ, സോഷ്യലിസ്റ്റ്, കമ്മ്യൂണിസ്റ്റ് എന്നീ കക്ഷികൾ ബഡ്ജററിനെ ശക്തിയായി എതിർത്തെങ്കിലും ഫലമുണ്ടായില്ല.

## ക്രിസ്ത്യൻതൊഴിൽശാല

"ക്രിസ്ത്യൻതൊഴിൽശാല" (Cristian Factory) എന്ന പേരിലുള്ള പുതിയ ഒരു ചലച്ചിത്രം നവംബർ 24-ാംനു ഡബ്ലിനിൽ പ്രദർശിപ്പിച്ചിരിക്കുന്നു. കത്തോലിക്കാസഭയുടെ സിദ്ധാന്തങ്ങളുടെ വെളിച്ചത്തിൽ തൊഴിലാളി മുതലാളി ബന്ധം എപ്രകാരമാണു സംരക്ഷിക്കപ്പെടേണ്ടതെന്നു പഠിപ്പിക്കുകയാണു പ്രസ്തുത ഫിലിമിൻെറ ലക്ഷ്യം. നോട്ടിംഹാമിലെ മെത്രാൻ അതിനു് "ഇംപ്രിമാത്തൂർ" നൽകിയിട്ടുണ്ടു്.

ചെറുകഥ

# വേണ്ടതു് ഇല്ല

(ജെ. എം.)

മറിയക്കുട്ടി നല്ല മതതീക്ഷ്ണതയുള്ള കൂട്ടത്തിലാണ്. ഭക്തസഖ്യങ്ങളിലെല്ലാം ചേർന്ന് നിയമങ്ങൾ കണിശമായി കാത്തിരുന്നു. മാതൃസംഘത്തിലെ കാര്യദർശിയും മറിയക്കുട്ടിയാണ്. അവർ ഏല്ക്കുന്ന കാര്യങ്ങൾ ശുഷ്കാന്തിയോടുകൂടി നോക്കും. ആ ഇടവകയിലെ സ്ത്രീജനങ്ങളുടെ നേതൃത്വം മറിയക്കുട്ടിക്കാണ്. എന്നാൽ ഗൃഹഭരണത്തിൽ പിറകോട്ടല്ല. അവിടേയും കാര്യങ്ങൾ കണിശം തന്നെ. ശിശുസംരക്ഷണത്തിൽ പ്രത്യേക പാടവമുണ്ടു്. അഭ്യസ്തവിദ്യയുമാണ്. എത്ര പെരുമാരി ചൊരിഞ്ഞാലും മറിയക്കുട്ടി ഒരു ദിവസവും ദിവ്യപൂജ കാണാതിരിക്കുകയില്ല. അമ്പതുനോയമ്പും ഇരുപത്തഞ്ചുനോയമ്പും മറിയക്കുട്ടിക്കു മുഴുവൻ നോയമ്പുതന്നെ.

ഗൃഹനായകനു് കുടുംബനായികയുടെ മതതീക്ഷ്ണതയും ഭക്താനുഷ്ഠാനങ്ങളും വളരെ സന്തോഷമാണ്. പക്ഷെ, ഒരു കാര്യത്തിൽ അദ്ദേഹം വിഷമിക്കുന്നുണ്ടു്. മറിയക്കുട്ടിയുടെ നിർബന്ധപ്രകൃതി. ഒരു മയമില്ല. വിട്ടുവീഴ്ചകൾക്കു സന്നദ്ധയല്ല. നയചതുരനും അഭിമാനിയുമായ കുഞ്ഞച്ചൻ ക്ഷമയുടെ അമോഘമായ മഹത്വത്തെപ്പററി സമുചിതമായി സംസാരിക്കും. എന്നാൽ ഫലമില്ല. മറിയക്കുട്ടിയുടെ ഭക്താചാരങ്ങളെല്ലാം ഫരിസ്യരുടെ മതനിഷ്ഠപോലെയായിത്തീരുന്നില്ലേ എന്നു് ചിലപ്പോഴൊക്കെ കുഞ്ഞച്ചൻ സൂചിപ്പിക്കാറുണ്ടു്. താദൃശഘട്ടങ്ങൾ വലിയവക്കാണത്തിൽ കലാശിക്കാത്തതു് കുഞ്ഞച്ചന്റെ വിജയകരമായ പിൻമാററങ്ങൾ കൊണ്ടാണ്. എന്നാലും അദ്ദേഹത്തിന്റെ ബുദ്ധിപൂർവ്വമായ നയവൈശിഷ്ട്യംകൊണ്ടു് സംഗതികൾ ഒതുങ്ങി അന്യകണ്ണുകളിൽ പെടാതെ കഴിഞ്ഞുപോകുന്നു.

എട്ടു നോയമ്പു തുടങ്ങി. മറിയക്കുട്ടിയെപ്പോലെ ആരും ആ ഇടവകയിൽ അത്ര കണിശമായി നോയമ്പു ആചരിച്ചു കാണുകയില്ല. എട്ടു ദിവസവും ഒരുനേരംതന്നെ. ദിവസവും ദിവ്യകാരുണ്യം സ്വീകരിച്ചു. തിരുനാളിനു് വച്ചൂർ പള്ളിയിൽ പോയി ദിവ്യകാരുണ്യംസ്വീകരിക്കുക പത്തുകൊല്ലമായി മറിയക്കുട്ടി മുടക്കാക്കൂടാതെ അനുഷ്ഠിച്ചുവരുന്ന പതിവാണ്. പോകുവാനുള്ള ഒരുക്കമാണന്നും. നേർച്ചക്കെട്ടുകളുമെടുത്തുകൊണ്ടു് കുട്ടികൾ ഇറങ്ങിക്കഴിഞ്ഞു. കുഞ്ഞച്ചനും തയാറായി. കുടുംബനായികകൂടി ഇറങ്ങിയാൽ മതി. എന്നാൽ നോക്കണേ സ്വർഗ്ഗത്തിൽ ഒരു കട്ടുറുമ്പു്! കുഞ്ഞച്ചൻ മേശയിൽനിന്നും എടുത്തുകൊടുത്ത മാല മറിയക്കുട്ടി മുററത്തേക്കു് വലിച്ചെറിഞ്ഞു !! അനന്തരമവർ മുറിക്കകത്തു കയറി കലമ്പൽ തുടങ്ങി.

ഒരു അത്യാവശ്യത്തിനുവേണ്ടി മറിയക്കുട്ടിയുടെ വലിയ മാല പണയംവച്ചു. തിരുനാളിനുമുമ്പു് എടുപ്പിക്കാമെന്നും ദൃഢമായി കരുതിയിരുന്നു. പണം ഉദ്ദേശിച്ചപോലെ സമയത്തു ലഭിച്ചില്ല. ഈ ദൃശം ഒരു കുഴപ്പം സംഭവിക്കുന്നതു് കുഞ്ഞച്ചനു് ഇദംപ്രഥമമാണ്. എന്നാൽ ആ ജാതി ഒരു മാല അദ്ദേഹം ഇരവു വാങ്ങിവച്ചിരുന്നു കാര്യം നടന്നാൽ മതിയല്ലോ. പക്ഷെ മക്കടമുഷ്ടിയായ മറിയക്കുട്ടിയുണ്ടോ വിട്ടുവീഴ്ചയ്ക്കു സന്നദ്ധയാകുന്നു?

ഒരുസ്തംഭനം. വലിയ ഒരു വാക്ശരവർഷംതന്നെ അവിടെ നടന്നു. എന്നാൽ പ്രത്യസ്ത്രങ്ങൾ പ്രതിഭാഗത്തുനിന്നു ഉണ്ടായതേയില്ല. പിന്നീടൊരു മഹാമൗനം. അന്തിക്കതിരവന്റെ കതിരുകൾ പ്രശാന്തമായി ആ ഗൃഹപരിസരങ്ങളിൽ പ്രസരിച്ചു തുടങ്ങി. അന്നവിടെ തീയുടെ പുകകാണാൻ കൊതിച്ചു കുഞ്ഞുങ്ങൾ പരവശരായിച്ചമഞ്ഞു. കുട്ടികളുടെ അല്പിൽ കേട്ടു് പ്രതിവിധി നിർദ്ദേശിച്ചാലുണ്ടാകാവുന്ന പ്രത്യാഘാതങ്ങൾ മുന്നമേ കണ്ടു് മാനധനനായ ഗൃഹനായകൻ കൂട്ടിൽ പെട്ട വെരുവിനെപ്പോലെ കിടന്നു നീറുകയാണ്. കുഞ്ഞച്ചന്റെ ക്ഷമയുടെ നെല്ലിപ്പലക തട്ടിത്തകരുമെന്നായി. ഭാഗ്യവശാൽ ദൂരയാത്ര ചെയ്തു് തിരുനാൾകൂടി, പ്രിയ പുത്രിയുടെ സൗഭാഗ്യംകണ്ടു് ആമോദിക്കുവാനും ആശ്വസിക്കുവാനുമായി വേണ്ടപ്പെട്ട വിഭവങ്ങളോടുകൂടി മറിയക്കുട്ടിയുടെ പിതാവു് ഒരു വള്ളത്തിൽ അവിടെ വന്നുചേർന്നു.

പരിസരങ്ങളെല്ലാം പിതാവു വിശദമായി ഗ്രഹിച്ചു. തന്റെ ജാമാതാവിനെപ്പററി അദ്ദേഹത്തിനുണ്ടായിരുന്ന സ്നേഹവിശ്വാസങ്ങൾ ഈ അവസരത്തിൽ ശതഗുണീഭവിച്ചു. പിതാവു് പുത്രിയോടു് വളരെ ശാന്തമായി പറഞ്ഞു:—കുഞ്ഞേ! എല്ലാം എനിക്കു മനസ്സിലായി. നീ നിമിത്തം കുഞ്ഞച്ചന്റടുക്കൽ ഞാൻ വളരെ ലജ്ജിതനാകേണ്ടിവന്നിരിക്കുന്നു. കുഞ്ഞച്ചന്റെ സൗശീല്യാദിഗുണഗണങ്ങൾ ഏതു ചെറുപ്പക്കാരനും അനുകരണാർഹമാണ്. ഇത്രമാത്രം ക്ഷമയും ശാന്തതയും ദീർഘവീക്ഷണവുമുള്ള ഒരു ഭർത്താവിനെ ലഭിച്ച നീ അതിന്റെ വില വേണ്ടവണ്ണം അറിയുന്നില്ല. ചന്ദനത്തിന്റെകൂടെ നില്ക്കുന്ന അകിലുപോലെ ഇത്രനാളുകളായിട്ടും കുഞ്ഞച്ചന്റെ ക്ഷമയും ശാന്തതയും കുറച്ചെങ്കിലും അനുകരിക്കുവാൻ നിനക്കു കഴിയാതെ പോയതിൽ എനിക്കു വളരെ മനസ്താപമുണ്ടു്. ഫരിസേയന്റെ പ്രാർത്ഥന കർത്തൃസന്നിധിയിൽ വിലപ്പെടാതെ പോയപോലെ നിന്റെ ഭക്താനുഷ്ഠാനങ്ങളും മതതീക്ഷ്ണതയും വെറും ജലരേഖപോലെ കലാശിച്ചിരിക്കുന്നു. ദിവ്യകാരുണ്യസ്വീകരണത്തിൽ പ്രത്യേകം നിഷ്ഠ പ്രദർശിപ്പിക്കുന്ന പലരിലും സ്നേഹനാഥന്റെ ക്ഷമയും ശാന്തതയും കണികാണാനില്ലല്ലോ എന്നുകണ്ടു് ഞാൻ പലപ്പോഴും സന്തപിക്കാറുണ്ടു്. ആ കൂട്ടർ കർത്താവിനെ നിന്ദിക്കുകയാണ് വാസ്തവത്തിൽ ചെയ്യുന്നതു്. ആ കൂട്ടരെക്കൂടി മുന്നമേ കണ്ടുകൊണ്ടുതന്നെയാണ് കർത്താവു് അന്നു് വെള്ളക്കുഴിമാടങ്ങളേ എന്നു് പ്രത്യേകം സംബോധനചെയ്തിട്ടുള്ളതെന്നാണ് ന്യായമായി വിചാരിക്കേണ്ടതു്. ഈ അവസരത്തിൽ, ചരിത്രം ആവർത്തിക്കുന്നതായി തോന്നിപ്പോകുന്നു. ഒരു സംഗതി ഈ അവസരത്തിൽ തുറന്നുപറയാൻതന്നെ ഞാൻ ഉദ്ദേശിക്കുന്നു. അന്നൊരിക്കൽ ഇതുപോലൊരു സംഭവം വീട്ടിലുണ്ടായി. മിക്കവാറും ഇതേ ചുററുപാടുകൾതന്നെ. അന്നു കുഞ്ഞച്ചനോളംതന്നെ ഞാൻ ക്ഷമിച്ചില്ലെന്നുമാത്രം. യാത്രാമദ്ധ്യേ ബ: വികാരി അച്ചൻ യാദൃച്ഛികമായ ഞങ്ങളുടെ കലമ്പൽകേട്ടു് കയറിവന്നു. മറിയക്കുട്ടിയുടെ അമ്മയുടെ പ്രകൃതം ആദ്യം ഇതുതന്നെയായിരുന്നു. വിദ്യാഭ്യാസമില്ലാത്തതുകൊണ്ടു് കുറേക്കൂടി കർക്കശമായിരുന്നുവെന്നു വേണം പറയാൻ. പക്ഷെ നല്ലമനസ്സിനു കുറവുണ്ടായിരുന്നില്ലല്ലോ. പിന്നെ മരിക്കുന്നതുവരെ, അവക്കു ആ സംഭവം പറയുന്നതോ പോകട്ടെ, ഓക്കുന്നതുതന്നെ നാണമായിരുന്നു. അനന്തരകാലങ്ങളിൽ കളിയായി ഞാൻ അക്കാര്യം പറഞ്ഞുപോയാൽ വയസ്സുകാലത്തുപോലും കരഞ്ഞുകളയും. അത്ര പരിവർത്തനമാണു് നിന്റെ അമ്മയ്ക്കുണ്ടായതു്. എന്റെ മകളേ! വന്നതുവന്നു. തെററുപററുന്നതു് മാനുഷികവും തെററിൽ നില്ക്കുന്നതു് പൈശാചികവുമാണല്ലോ. എല്ലാം നമുക്കു മറക്കാം. പൊന്നു മറിയക്കുട്ടീ! നീ നിന്റെ ഭർത്താവിനും കുഞ്ഞുങ്ങൾക്കും വരുത്തിവച്ച കളങ്കം എത്ര ഭയങ്കരമാണെന്നു് ശാന്തമായി ചിന്തിച്ചുനോക്കുക. ഇനി ഇങ്ങനെ സംഭവിക്കുകയില്ലെന്നു് ഞാൻ സർവ്വാത്മനാ വിശ്വസിക്കുന്നു. നിന്റെ അമ്മയെ തിന്മയിൽ നീ അനുകരിച്ചതുപോലെ നന്മയിലും അനുകരിക്കുക. കഴിഞ്ഞകാര്യങ്ങൾ സ്മരിച്ചു് കണ്ണോടെ കരഞ്ഞു് കർത്താവിനോടും ഭർത്താവിനോടും മാപ്പിരക്കുക. ഇതാ ഞാൻ പരസ്യമായിത്തന്നെ എന്റെ കടമ നിർവഹിക്കുകയാണ്. പ്രിയമകനേ! കുഞ്ഞച്ചാ! എന്റെ പ്രിയപുത്രിക്കുവേണ്ടി നിന്നോടു ഞാനും ക്ഷമായാചനം ചെയ്യുന്നു. എല്ലാം മറന്നു് അവളെ അനുഗ്രഹിക്കുമല്ലോ."

"വേണ്ട അപ്പച്ചാ! എന്നെ കൊല്ലരുതു്. ഞാൻ ദഹിക്കുകയാണ്. എനിക്കുവേണ്ടി എന്റെ പൊന്നപ്പച്ചൻ മാപ്പു ചോദിക്കുന്നുവോ? അയ്യോ! ഇവൾ ചോദിക്കാം" എന്നു വിമ്മിട്ടി പറയുകയും കരയുകയും ചെയ്തുകൊണ്ടു് മറിയക്കുട്ടി കുഞ്ഞച്ചന്റെ പാദങ്ങളിൽ പ്രണമിച്ചു.


# അനുഭവസാക്ഷ്യം No. 73.

കാളത്തു് പാവുണ്ണി ഔസേപ്പു് വൈദ്യൻ അവർകൾക്കു്, നെല്ലായി P. O.

പ്രിയ വൈദ്യരെ!

ആദ്യമായി താങ്കളോടുള്ള എന്റെ അകൈതവമായ നന്ദിയെ അറിയിച്ചുകൊള്ളട്ടെ.

1123 മിഥുനമാസം മുതൽ ഞാൻ ഒരു രോഗി എന്നനിലയിൽ നാട്ടിൽതന്നെ ഇംഗ്ലീഷ് വൈദ്യങ്ങൾ ചെയ്യുവാൻ തുടങ്ങി. അതു് രണ്ടു മൂന്നു മാസം ചെയ്തിട്ടും എനിക്കു് യാതൊരു സുഖവും തോന്നാഞ്ഞതിനാൽ ഞാൻ കോയമ്പത്തൂർപോയി താമസിപ്പാൻ നിർബന്ധിതനായി. 1124 കന്നിമാസത്തിലാണ് അങ്ങോട്ടുപോയതു്. അവിടെച്ചെന്നു് ഒരു പ്രത്യേകഡാക്കിട്ടരുടെ ചികിത്സയിൽ നാലുമാസം താമസിച്ചു് ഇംഗ്ലീഷ് മരുന്നുകൾ പലതും കുത്തിവെയ്ക്കുകയും കാററു് കയററുകയും മററും ചെയ്തു. നാലുമാസമാകാറായപ്പോഴെക്കും എന്റെ ദേഹം കണക്കിലേറെ പുണ്ണിച്ചു എന്നല്ലാതെ എനിക്കു് ദേഹത്തിനു യാതൊരു സുഖവും ഉണ്ടായിരുന്നില്ലാ. ഇങ്ങിനെയുള്ള നിലയിൽ അവിടെനിന്നും മടങ്ങിപോന്നു. മാസത്തിലൊരിക്കൽ കാററുകയററുവാൻ അങ്ങോട്ടു ചെല്ലേണ്ടതായും വന്നു. ഇങ്ങിനെ രണ്ടു നാലുമാസത്തിനുശേഷം വീണ്ടും രണ്ടു മാസംകൂടി അവിടെനിന്നു്, ഒരു പുതിയ ഇംഗ്ലീഷ് മരുന്നു കുത്തിവയ്ക്കുവാൻ നിർബന്ധിതനായി രണ്ടുമാസം അതും ചെയ്തിട്ടും യാതൊരു ദേഹസുഖവും പ്രാപിക്കാതെ 1124 കർക്കിടകമാസത്തിൽ മടങ്ങിവന്നു വീട്ടിൽ ഇരിപ്പായി. ചുരുക്കിപ്പറഞ്ഞാൽ എന്റെ ജീവിതം നിരാശയിലായി.

ഈ സന്ദർഭത്തിൽ എനിക്കുണ്ടായിരുന്ന അലട്ടുകൾ എന്തെന്നാൽ, രാവുപകൽ നീർവീഴ്ച, സദാസമയവും വയർകത്തിയാളിച്ചു, ശോധന വളരെ കുറവു്, പുളിച്ചുതികട്ടുക, നെഞ്ചു് എരിച്ചൽ, നെഞ്ചു് പള്ളവേദന, വയർസ്തംഭനം, വിശപ്പില്ലായ്മ, രാവിലെ സമയം കഠിനമായി ചുമച്ചു് ഓക്കാനിക്കുകയും ഛർദ്ദിക്കുകയും ചെയ്യുക, രക്തക്കുറവു്, പെരടികഴപ്പു് ഇവയാണ് പ്രധാനമായി ഉണ്ടായിരുന്നതു്. ഇങ്ങിനെ ജീവിതം നിരാശപ്പെട്ടുകൊണ്ടിരിക്കുന്ന സന്ദർഭത്തിലാണു് ഒന്നു രണ്ടു സ്നേഹിതന്മാർ ഉപദേശിക്കുകയും വൈദ്യരുടെ പരസ്യങ്ങൾ കാണുകയും ചെയ്തതു്. എന്നാൽ അതുംകൂടി പരീക്ഷിച്ചുകളയാം എന്നുള്ള നിലയിൽ 1125 കന്നിമാസത്തിലാണ് ഞാൻ ആദ്യമായി നെല്ലായിയിൽവന്നു് വൈദ്യരെ കണ്ടതു്. അന്നു് വൈദ്യർ എന്റെ ദേഹസ്ഥിതി കണ്ടതിലും രോഗസ്ഥിതി കേട്ടതിലും കുറച്ചുപത്ഥ്യത്തോടുകൂടി നിംബാസവം, ദ്രാക്ഷാഘൃതം, ശാരിബാതൈലം ഈ മരുന്നുകൾ കുറച്ചുകാലം തുടർന്നു ഉപയോഗിക്കേണ്ടിവരുമെന്നു പറയുകയുണ്ടായി. അങ്ങിനെ വൈദ്യർ നിശ്ചയിച്ചപത്ഥ്യത്തോടും വളരെ ക്ഷമയോടുംകൂടി ആറുമാസക്കാലം തുടർച്ചയായി മരുന്നുകൾ ഉപയോഗിച്ചു. അങ്ങിനെ സാക്ഷാൽ ഈശ്വരന്റെ കടാക്ഷത്താലും താങ്കളുടെ മരുന്നിന്റെ ദിവ്യഫലത്താലും ക്രമേണ മേൽപറഞ്ഞ ലക്ഷണങ്ങൾ ഓരോന്നും കുറഞ്ഞു് മുക്കാൽ ഭാഗവും സുഖത്തിലായി. അതിനുശേഷം വൈദ്യർ ഉപദേശിച്ചപ്രകാരം ആറുമാസകാലം ഇടവിട്ടു് ഓരൊ സെററു് മരുന്നുകൾ ഉപയോഗിച്ചു. ഇപ്പോൾ നീർവീഴ്ച അല്പം ഉണ്ടെന്നല്ലാതെ ബാക്കി ലക്ഷണങ്ങൾ നിശ്ശേഷം വിട്ടുമാറിട്ടുണ്ടു്. ദേഹമാണെങ്കിൽ പുണ്ണിപ്പിൽനിന്നു കുറഞ്ഞു് ആരോഗ്യത്തോടുകൂടി പാകത്തിനായിത്തീരുകയും ചെയ്തു. ഇപ്പോൾ ഞാൻ "ശാരിബാതൈലം" മാത്രമെ ഉപയോഗിക്കുന്നുള്ളു.

ഇങ്ങിനെയുള്ള ത്രിവിധൗഷധങ്ങൾ പൊതുജനങ്ങൾക്കുവേണ്ടിയും പ്രത്യേകിച്ചു് യുവജനങ്ങൾക്കുവേണ്ടിയും കണ്ടുപിടിച്ച താങ്കളേയും താങ്കളുടെ കുടുംബാദികളേയും ആയുരാരോഗ്യസമ്പൽസമൃദ്ധിയോടുകൂടി ജഗദീശ്വരൻ കാത്തുരക്ഷിക്കുമാറാകട്ടെ.

ഈ പരമാർത്ഥം പൊതുജനങ്ങളുടെ അറിവിന്നായി പരസ്യപ്പെടുത്തുന്നതിനു പ്രത്യേകം താല്പര്യപ്പെട്ടുകൊള്ളുന്നു.

താങ്കൾക്കു് വീണ്ടും എന്റെ നന്ദി

കാഞ്ഞാണി
3—12—1950

K. K. Sankara Panicker (Sd.)
Kunnathully House, Kanjany
P. O. Manalur, (Via) Trichur. (U. S. T. C.)

# നീർവീഴ്ച—തുമ്മൽ

(നീരിറക്കം)

(തുടർച്ച)

18 ഇംഗ്ലീഷ് ചികിത്സാക്രമം അനുസരിച്ചു് മീനെണ്ണ, മുട്ടസൂപ്പു് തുടങ്ങിയവകൾ ഉപയോഗിച്ചു് ദേഹത്തിലെ കഫമേദസ്സുകൾ വർദ്ധിപ്പിച്ചു് ദേഹത്തെ അമിതമായി പുണ്ണിപ്പിച്ചതുകൊണ്ടുമാത്രം നീർവീഴ്ച തുടങ്ങിയ ഉപദ്രവങ്ങൾക്കു് പറയത്തക്കഫലം കിട്ടാറില്ലാ എന്നുള്ളതിനെ ഈ പരസ്യത്തിന്റെ 8-ാംനമ്പ്രിൽ വിവരിച്ചിട്ടുണ്ടായിരുന്നതിന്റെ ഒരു ദൃഷ്ടാന്തമായി 73-ാംനമ്പ്ര് അനുഭവസാക്ഷ്യത്തെ പരിഗണിക്കാവുന്നതാണ്.

19 മീനെണ്ണ തുടങ്ങിയ ഉഷ്ണദ്രവ്യങ്ങൾ ഉപയോഗിച്ചതിനാൽ ദേഹത്തിലെ അഗ്ന്യാംശം പൂർവ്വാധികം വർദ്ധിച്ചതുമൂലമാണ് മുൻ 13-ാംനമ്പ്രിൽ വിവരിച്ചിരിക്കുന്നതുപോലെയുള്ള വയററിലും നെഞ്ചിലും ഉള്ള കത്തിയെരിച്ചൽ, പുളിച്ചുതികട്ടൽ, ഛർദ്ദി തുടങ്ങിയ ലക്ഷണങ്ങൾ 73-ാംനമ്പ്ര് അനുഭവസാക്ഷ്യത്തിൽ വിവരിച്ചുകാണുന്നതു്. ദേഹത്തിലെ അഗ്ന്യാംശം (ചൂടു് or cid) വർദ്ധിച്ചതുമൂലം ശിരസ്സിൽനിന്നു കഫം ഉരുകി രാവു് പകൽ പെരടികഴപ്പോടെ നീർവീഴ്ച ഉണ്ടായിക്കൊണ്ടിരുന്നു എന്നും ഇപ്രകാരം ഇറങ്ങിക്കൊണ്ടിരുന്ന നീരു് രാത്രികാലങ്ങളിൽ ആമാശയത്തിലും ശ്വാസനാളങ്ങളിലും തടഞ്ഞുനിന്നതുകൊണ്ടാണ് കാലത്തെനേരം ചുമ, ഓക്കാനം, ഛർദ്ദി തുടങ്ങിയവകളെ ഉണ്ടാക്കിക്കൊണ്ടിരുന്നതെന്നും, മേൽപ്രകാരം ഇറങ്ങിക്കൊണ്ടിരുന്ന നീരിൽ ഒരു ഭാഗം കുടലുകളിൽ വ്യാപിച്ചു് അവിടെ തടിപ്പു് ഉണ്ടാക്കിയിരുന്നതിനാലാണ് ശോധനകുറവു് ഉണ്ടായതെന്നും, തുടർച്ചയായ നീർവീഴ്ചമൂലം രക്തകുറവും വിശപ്പില്ലായ്മയും സംഭവിക്കുമെന്നുള്ളതും 73-ാംനമ്പ്ര് അനുഭവസാക്ഷ്യത്തിൽനിന്നും വ്യക്തമാകുന്നുണ്ടു്.

20 അമിതമായി ദേഹം പുണ്ണിച്ചിട്ടുള്ളവർ നിംബാസവം തുടങ്ങിയ മൂന്നു് ഔഷധങ്ങൾ ഉപയോഗിച്ചാൽ അവരുടെ ദേഹം ക്രമേണ മിതദേഹമായി തീരുമെന്നുള്ളതും രോഗബാധയാൽ ശരീരം മെലിഞ്ഞിട്ടുള്ളവർ ഇവ ഉപയോഗിച്ചാൽ ദേഹം പുഷ്ടിമപ്പെടുമെന്നുള്ളതും ഞങ്ങൾ പ്രസിദ്ധപ്പെടുത്തിക്കൊണ്ടിരിക്കുന്ന അനുഭവസാക്ഷ്യങ്ങൾ പരിശോധിക്കുന്നവർക്കു് ബോദ്ധ്യമാവുന്നതാണ്.

(തുടരും)

PROP: കാളത്ത് പാവുണ്ണി ഔസേപ്പ് വൈദ്യൻ,
കാളൻ ആയുർവ്വേദിക് ഫാർമസി, (റെയിൽവെ സ്റ്റേഷനു സമീപം) നെല്ലായി P.O.
TELE: 'KALAN', TRICHUR.

ഫാത്തിമാബാലസമിതി

# വിവേകമുള്ളവരായിരിപ്പിൻ

പ്രിയകുഞ്ഞുങ്ങളേ,

തിരു-കൊച്ചിയിലെ വിദ്യാർത്ഥികൾ വളരെ അപകടപൂർണ്ണമായ ഒരു ഘട്ടത്തിലാണു് ഇന്നു് എത്തിച്ചേർന്നിരിക്കുന്നതു *. പല വഴിക്കും അപകടങ്ങൾ അവരുടെ നേരെ പാഞ്ഞുവരുന്നുണ്ടു്. അദ്ധ്യാപകന്മാർ സട്രൈക്കു നടത്തുന്ന വിദ്യാലയങ്ങളിലെ വിദ്യാർത്ഥികൾ ജോലിയില്ലാതെ അനാഥരായി നടക്കുന്നതുകൊണ്ടു് അവർ പല തിന്മകളുടേയും കേളീരംഗമാകാനിടയുണ്ടു്. പഠിക്കുന്നതിനു് ആഗ്രഹമുള്ള കുട്ടികളെ, പാഠം നഷ്ടപ്പെടുന്നു എന്ന വിചാരം അക്ഷമരാക്കിത്തീർക്കുന്നു. മാത്രമല്ല "ഇക്കൊല്ലം" നഷ്ടപ്പെടുത്തുകയോ എന്ന ഭയം, ഇന്നത്തെ സ്തംഭനാവസ്ഥയ്ക്കു് അവസാനമുണ്ടാക്കാമെന്നു പറഞ്ഞുവരുന്ന ആരുടെയുംകൂടെ ചേർന്നു എന്തും ചെയ്യുന്നതിനു അവരെ പ്രേരിപ്പിച്ചുകൊണ്ടിരിക്കുന്നു. അദ്ധ്യാപകരോടു സഹതാപം എല്ലാ വിദ്യാർത്ഥികൾക്കുമുണ്ടു്. എങ്കിലും നമ്മുടെ അഭിവന്ദ്യമെത്രാപ്പോലീത്താമാരുടെയും മെത്രാന്മാരുടെയും മറ്റും സംയുക്തപ്രസ്താവനയിൽനിന്നു് പലർക്കുമറിയാം സട്രൈക്കു് നടത്തുന്ന അദ്ധ്യാപകന്മാരുടെ ഗതി വഴിപിഴച്ചതാണെന്നു്. ഈ വാസ്തവം മനസ്സിലാക്കാത്ത കുട്ടികൾ ചില അദ്ധ്യാപകന്മാരുടെ ദുഷ്പ്രേരണയ്ക്കു് വിധേയരായി പല സാഹസകൃത്യങ്ങൾക്കും മുതിരുന്നുണ്ടു്. പഠിക്കുവാൻ ആഗ്രഹമില്ലാത്തവരും വിപ്ലവബുദ്ധികളുമായ കുട്ടികൾ ബഹളമുണ്ടാക്കുവാൻ ഇതൊരവസരമായി പരിഗണിച്ചെന്നും വരാം. കുളം എങ്ങനെയെങ്കിലും ഒന്നു കലങ്ങിക്കിട്ടിയാൽ മതി എന്നു കരുതിയിരിക്കുന്ന ഒരു പക്ഷിയാണു പൊന്മാൻ. എന്തുകൊണ്ടെന്നാൽ അതിനു ഭക്ഷണം അപ്പോഴേ സുലഭമായി കിട്ടുകയുള്ളു. ഏതാണ്ടു ഈ പൊന്മാന്റെ പ്രകൃതിയാണു് കമ്മ്യൂണിസ്റ്റുകാർക്കുള്ളതു. സ്കൂളുകളിലെ ഇപ്പോഴത്തെ ബഹളം കണ്ടുകൊണ്ടു് അവരിൽ പലരും വിദ്യാർത്ഥികളോടു അടുത്തുകൂടിയിട്ടുണ്ടു്. അദ്ധ്യാപകന്മാരുടെ ആവശ്യങ്ങൾ പരിഹരിക്കുന്നതിനും മറ്റുമായി വിപ്ലവമുണ്ടാക്കണമെന്നതാണു് അവർ കുട്ടികൾക്കു ആവർത്തിച്ചാവർത്തിച്ചു പഠിപ്പിക്കുന്ന പല്ലവി. ഇവയുടെ എല്ലാം ദുഷ്ഫലങ്ങൾ അനുഭവിക്കേണ്ടിവരുന്നതു് നിങ്ങളോ രാരുതരമാണു്.

നമ്മുടെ ഇവിടത്തെ വിദ്യാർത്ഥിലോകത്തെ ഒന്നാകെ അധഃപതിപ്പിക്കാനിടയുള്ള ഇദ്ദുശ്ചേഷ്ടിതക്കാരിൽപെടാതിരിക്കുന്നതിനു നിങ്ങൾ എന്തു ചെയ്യണം എന്നു അറിഞ്ഞിരിക്കേണ്ടതു് ആവശ്യമാണല്ലോ. ഇതിനു് ആദ്യമായി നിങ്ങൾ ചെയ്യേണ്ടതു കാര്യങ്ങളുടെ വാസ്തവാവസ്ഥ അറിയുകയെന്നുള്ളതാണു്. കാര്യങ്ങൾ ശരിക്കു മനസ്സിലാക്കാത്തതുകൊണ്ടാണു് പലരും അപകടത്തിൽ ചെന്നു ചാടുന്നതു്.

ഇന്നത്തെ ഈ പ്രശ്നത്തിന്റെ വിവിധവശങ്ങളെക്കുറിച്ചു് പല കത്തോലിക്കാ പത്രങ്ങളിൽനിന്നും പ്രത്യേകിച്ചു വൈദികമേലദ്ധ്യക്ഷന്മാരുടെ സംയുക്തപ്രസ്താവനയിൽനിന്നും ഇടയലേഖനങ്ങളിൽനിന്നും നിങ്ങളിൽ പലരും അറിഞ്ഞിട്ടുണ്ടായിരിക്കണം. എന്നുവരികിലും ചുരുക്കം ചില സംഗതികൾ ഇവിടെ പ്രസ്താവിക്കാം.

ഇന്നത്തെ നമ്മുടെ അദ്ധ്യാപകന്മാരിൽ പലർക്കും അവരുടെ ജീവിതാവശ്യങ്ങൾക്കു മതിയായ ശമ്പളം ലഭിക്കുന്നില്ല. എന്നാൽ ശമ്പളത്തിലുള്ള ഈ കുറവു പരിഹരിക്കേണ്ടതാരാണു? കത്തോലിക്കാ മാനേജുമെന്റിൽനിന്നും നടത്തുന്ന പല സ്കൂളുകളെയും സംബന്ധിച്ചു പറയുകയാണെങ്കിൽ കുട്ടികളിൽനിന്നും പിരിഞ്ഞുകിട്ടുന്ന ഫീസുകൊണ്ടു് ഇന്നത്തെ ചിലവുകൾ വളരെ കഷ്ടപ്പെട്ടാണു് നടത്തിക്കൊണ്ടുപോകുന്നതു. അദ്ധ്യാപകന്മാർക്കു ശമ്പളം കൊടുക്കുന്നതിനു് ആവശ്യമായ പണം അതാതു കൊല്ലത്തെ ഫീസിനത്തിൽനിന്നും ലഭിക്കാത്തതുകൊണ്ടു് കടംവാങ്ങിയോ മറ്റേതെങ്കിലും പ്രകാരത്തിലോ പണം ഉണ്ടാക്കി അവക്കു കൊടുത്തുകൊണ്ടിരിക്കുന്ന ചില സ്കൂളുകളും ഇപ്പോൾ ഉണ്ടു്. കുട്ടികളുടെ ഫീസു വർദ്ധിപ്പിക്കുവാൻ ഗവമെന്റു സമ്മതിക്കുകയുമില്ല. മാനേജർമാർ പിന്നെ എന്തു ചെയ്യും?

ഒരു രാജ്യത്തെ വ്യക്തികൾ അഥവാ സംഘടനകൾ, പൊതുജനത്തെ ലാക്കാക്കി ചെയ്യുന്ന പ്രവർത്തനങ്ങളെ പ്രത്യേകിച്ചും, ഉദാഹരണമായി വ്യവസായം, വിദ്യാഭ്യാസം മുതലായവയെ സഹായിച്ചു വിജയിപ്പിക്കുവാനുള്ള ചുമതല രാഷ്ട്രത്തിന്റേതാണു്. തന്മൂലം ഇവരു മാനേജരന്മാരെ സഹായിച്ചു അദ്ധ്യാപകന്മാരുടെ അവശതകൾ പരിഹരിക്കേണ്ടതു് ഗവമെന്റാണു്. ഇതിനു് സന്നദ്ധമാണെന്ന വിധത്തിലാണു് ഇന്നു് ഗവമെന്റു മുമ്പോട്ടു വന്നിരിക്കുന്നതു. പക്ഷെ ഈ ചുമതലാനിർവഹണത്തിന്റെ മറപിടിച്ചു ഗവമെന്റു് ഭഗീരഥപ്രയത്നം ചെയ്യുന്നതു മാനേജുമെന്റു സ്കൂളുകൾ ഗവമെന്റിന്റേതാക്കിത്തീർക്കുന്നതിനാണു്. ഈ കാര്യസാദ്ധ്യത്തിനു വേണ്ടി ഗവമെന്റു ഉപകരണമാക്കിയിരിക്കുന്നതു് അദ്ധ്യാപകന്മാരെയാണു്. അവരെക്കൊണ്ടു് നിർബന്ധിപ്പിച്ചു് ഉദ്ദേശിച്ചിരിക്കുന്ന കാര്യം എങ്ങനെയെങ്കിലും സാധിക്കുക എന്നതാണു് ഗവമെന്റിന്റെ ഉദ്ദേശമെന്നു് ഇന്നത്തെ സ്ഥിതിഗതികൾ വിളിച്ചുപറയുന്നു. ഇങ്ങനെ നമ്മുടെ സ്കൂളുകൾ ക്രമേണ ഗവമെന്റധീനമായിൽ ചെന്നുചേർന്നാൽ നമ്മുടെ സഭയ്ക്കും സമുദായത്തിനും വന്നുകൂടുവാൻ പോകുന്ന നാശം വളരെ വലുതാണു്. ദുർമ്മാർഗ്ഗികളും, കമ്മ്യൂണിസ്റ്റുകാരും, നിരീശ്വരന്മാരുമായ അദ്ധ്യാപകന്മാർ നമ്മുടെ സ്കൂളുകളിൽ നിയമിക്കപ്പെടും. ഇതിന്റെ ദുഷ്ഫലങ്ങൾ എത്ര ഭയങ്കരതരമായിരിക്കുമെന്നു് കുഞ്ഞുമക്കൾക്കു ഏറെക്കുറെ മനസ്സിലാക്കാമല്ലോ. ഈ നാശം നിങ്ങൾക്കും സമുദായത്തിനും സംഭവിക്കാതിരിക്കുവാൻ വേണ്ടിയാണു് ക്രിസ്ത്യൻ മാനേജുമെന്റു് പുതിയ വിദ്യാഭ്യാസപദ്ധതിയെ അതേപടി സ്വീകരിക്കാത്തതു്. അദ്ധ്യാപകന്മാർക്കു ഏതെങ്കിലും ഉപദ്രവം വരുത്തുവാൻ വേണ്ടിയല്ല. അദ്ധ്യാപകശമ്പളത്തിനായി ഫീസുപിരിവിന്റെ 80 ശതമാനം നീക്കിവയ്ക്കാമെന്നു അഭിവന്ദ്യ പിതാക്കന്മാർ സമ്മതിച്ചിട്ടുണ്ടു്. പക്ഷെ നമ്മുടെ സർവ്വപ്രധാനമായ ഒരവകാശം അതായതു നമുക്കു പറ്റിയ ഉത്തമന്മാരായ അദ്ധ്യാപകന്മാരെ നിയമിക്കുന്നതിനുള്ള സമ്പൂർണ്ണസ്വാതന്ത്ര്യം നമുക്കുണ്ടായിരിക്കണമെന്നാണു് അവർ വാദിക്കുന്നതു. ഈ വാദം സ്വീകാര്യമല്ലെന്നു് നിങ്ങളിൽ ആരും പറയുമെന്നു തോന്നുന്നില്ല.

വസ്തുതകളുടെ യാഥാർത്ഥ്യം ഇതായിരിക്കെ, ക്രൈസ്തവാദ്ധ്യാപകന്മാർ പണിമുടക്കു നടത്തുന്നതും, അതുവഴി അവർ അറിഞ്ഞോ അറിയാതെയോ നമ്മുടെ സ്കൂളുകളെ രാഷ്ട്രത്തിനു് ഒറ്റിക്കൊടുക്കുവാൻ പരിശ്രമിക്കുന്നതും സാക്ഷാൽ നിർഭാഗ്യകരമാണു്. ഇത്തരുണത്തിൽ കുഞ്ഞുമക്കൾ പ്രത്യേകം കരുതലുള്ളവരായിരിക്കണം. അദ്ധ്യാപകരെന്ന നാമത്തിനു സാക്ഷാൽ അർഹതയില്ലാത്ത ചില അദ്ധ്യാപകന്മാരും, കലഹപ്രിയന്മാരായ നിങ്ങളുടെ ചില സഹപാഠികളും, മറ്റു പലതരം കുഞ്ഞാടുകളുടെ വേഷം ധരിച്ചു് നിങ്ങളെ സമീപിക്കും. അവർ നങ്ങൾക്കു് നൽകുന്ന നിർദ്ദേശങ്ങളിൽനിന്നും അവർ സാക്ഷാൽ ആടുകളാണോ അഥവാ ചെന്നായ്ക്കളാണോ എന്നു നിങ്ങൾക്കു് നിഷ്പ്രയാസം ഗ്രഹിക്കാൻ സാധിക്കും. സ്ട്രൈക്കിനും ബഹളത്തിനും അധികാരവിരോധത്തിനും പ്രേരിപ്പിക്കുന്നവാക്കുകളാണു് അവരുടെ അധരങ്ങളിൽനിന്നും നിർഗ്ഗമിക്കുന്നതെങ്കിൽ അവർ സാക്ഷാൽ ചെന്നായ്ക്കളാണെന്നു ധരിച്ചുകൊള്ളുക. അവരെ നിങ്ങൾ ശ്രവിക്കരുതു. അവരിൽനിന്നും അതീവശ്രദ്ധയോടുകൂടി ഒഴിഞ്ഞുമാറിക്കൊള്ളുക. അവർ വിളിച്ചുകൂട്ടുന്ന മീറ്റിംഗുകളിൽ നിങ്ങൾ സംബന്ധിക്കരുതു. ക്ലാസിലും സ്കൂൾപരിസരങ്ങളിലും അവർ കാട്ടിക്കൂട്ടിയേക്കാവുന്ന ബഹളങ്ങളിലും മറ്റും യാതൊരു സഹകരണവും നിങ്ങൾ നൽകരുതു്. അടുത്തദിവസങ്ങളിൽ ചില സ്ഥലങ്ങളിലുണ്ടായ അനിഷ്ടസംഭവങ്ങളെ ആസ്പദമാക്കിയാണു് ഈ നിർദ്ദേശം വല്യച്ചൻ നിങ്ങൾക്കു നൽകുന്നതു്. സ്കൂളിൽ ബഹളം ഉണ്ടാക്കുന്നവരോടു സഹകരിക്കാതിരുന്നാൽ മാത്രം പോരാ, നിങ്ങളുടെ കഴിവനുസരിച്ചു്, ഉത്തമകത്തോലിക്കാ വിദ്യാർത്ഥികൾക്കുണ്ടാകേണ്ടതായ ചുമതലാബോധവും സദാചാരനിഷ്ഠയും മുൻനിറുത്തി സമാധാനപരമായ ഒരന്തരീക്ഷം സൃഷ്ടിക്കുവാനും സംരക്ഷിക്കുവാനും നിങ്ങൾ പരിശ്രമിക്കണം.

ഒരു സംഗതികൂടി വല്യച്ചനു് ഈ അവസരത്തിൽ നിങ്ങളെ അനുസ്മരിപ്പിക്കുവാനുണ്ടു്. നിങ്ങളെല്ലാവരും പ്രാർത്ഥനയും പ്രായശ്ചിത്തവും അനുഷ്ഠിച്ചുകൊണ്ടു ഫാത്തിമാബാലസമിതിയിലെ സജീവ അംഗങ്ങളായിവർത്തിക്കുന്നവരാണല്ലോ. ലോകത്തിൽ ഇതുവരെ കണ്ടുപിടിച്ചിട്ടുള്ളവയും ഇനിയും കണ്ടുപിടിക്കുവാൻ പോകുന്നവയുമായ സകല ബോംബുകളെക്കാൾ ശക്തിയുള്ളവയാണു് നിങ്ങളുടെ കൈവശത്തിലുള്ള പ്രസ്തുത രണ്ടായുധങ്ങളും. പ്രാർത്ഥനയും പ്രായശ്ചിത്തവും വഴി ഇന്നത്തെ നമ്മുടെ അവശതകൾക്കു് പരിഹാരം ഉണ്ടാകുന്നതിനുവേണ്ടി ഒരു കുരിശുയുദ്ധം നടത്തുവാൻ നിങ്ങൾ അണിനിരക്കണം. ജപമാലയുടെ സമയം മുഴുവനുമോ, അല്ലെങ്കിൽ നിങ്ങളുടെ പ്രാപ്തിയനുസരിച്ചു ചില മണിക്കൂറുകളുടെ സമയമെങ്കിലുമോ കൈ കുരിശിന്റെ ഭാഷയിൽ പിടിക്കുന്നതു് നമ്മുടെ ശത്രുക്കളെ തോല്പിച്ചു് വിജയം കൈവരിക്കുവാൻ പറ്റിയ ഒരു നല്ല യുദ്ധാഭ്യാസമാണു്. മറ്റു പ്രാർത്ഥനകളും ത്യാഗാഭ്യാസങ്ങളുംകൂടി നിങ്ങൾ ചെയ്യുമെന്നു് പ്രതീക്ഷിക്കുന്നു.

നമുക്കു് സാധിക്കേണ്ട പ്രധാനസംഗതികൾ രണ്ടാണു്. അദ്ധ്യാപകർക്കു് ശരിയായരീതിയിൽ ശമ്പളം കൊടുക്കുന്നതിനു് വേണ്ട പണം ഗവമെന്റിൽനിന്നും ഗ്രാന്റായി ലഭിക്കുക. രണ്ടാമതായി കുട്ടികളുടെ ശരിയായ ശിക്ഷണത്തിനാവശ്യമായ നമ്മുടെ സകല മൗലികാവകാശങ്ങളും സംരക്ഷിക്കപ്പെടുക. ഇക്കാര്യങ്ങൾ രണ്ടും സാധിക്കുന്നതുവരെ ആയുധങ്ങൾ താഴെവയ്ക്കാതെ കുഞ്ഞുമക്കൾ തീക്ഷ്ണതയോടെ യുദ്ധം തുടർന്നുകൊണ്ടുപോകണം. നിങ്ങളുടെ യുദ്ധം ശുഭപര്യവസായിയായിത്തീരുന്നതിനു് ഫാത്തിമാനാഥ നിങ്ങളെ എല്ലാവരേയും അനുഗ്രഹിക്കട്ടെ.

എന്നു സ്വന്തം വല്യച്ചൻ

* അദ്ധ്യാപകസമരം അവസാനിക്കുന്നതിനുമുമ്പു എഴുതിയതാണു്.


**കോമൺവെൽത്തു് ബാങ്ക് (ക്ലിപ്തം)**

H. O. കാഞ്ഞിരപ്പള്ളി

**ബ്രാഞ്ചുകൾ:—**

കാഞ്ഞിരപ്പള്ളി എരുമേലി
മുണ്ടക്കയം കോട്ടയം.

**ഡയറക്ടറന്മാർ**

മെസ്സേഴ്സ്

കെ. വി. മാത്യു കൊല്ലംകുളം.
തൊമ്മൻ ജോസഫ് കരുവിനാക്കുന്നേൽ.
കെ. വി. സഖറിയാ, പൊട്ടൻകുളം.
ഹാജി വി. എം. മെയ്തുമഹമ്മദറാവുത്തർ.
കെ. എം. ഡോമിനിക്ക് ബി. എ. എൽ. ടി.
കെ. ജോസഫ ഇട്ടിയവിര, പള്ളിവാതുക്കൽ.
കെ. റ്റി. ജോസഫ്, കല്ലറയ്ക്കൽ.
പി. എൻ. പരമേശ്വരൻ പിള്ള ബി. എ.
കെ. ഡോമിനിക്ക ജോസഫ് ബി. എ. ബി. എൽ. (സെക്രട്ടറി).

ഡിപ്പോസിറ്റുകൾ സ്വീകരിക്കുകയും എല്ലാവിധ ബാങ്ക പ്രവർത്തനങ്ങളും സൗകര്യപ്രദമായവിധത്തിൽ നടത്തിക്കൊടുക്കുകയും ചെയ്യുന്നു.

സെക്രട്ടറി

കെ ഡോമിനിക്ക ജോസഫ

ബി. എ. ബി എൽ.


## നിങ്ങൾക്കറിയാമോ?

താഴെപറയുന്ന പുസ്തകങ്ങളുടെ കർത്താക്കൾ ആരെല്ലാമാണു്? (1) ഗീതാഞ്ജലി (2) ഡോൺ കിഹോട്ടേ (3) അർത്ഥശാസ്ത്രം (4) റോബിൻസൻ ക്രൂസോ (5) ഗള്ളിവറിന്റെ സഞ്ചാരകഥകൾ (6) യൂട്ടോപ്പിയ.

(ഉത്തരം)

(1) രവീന്ദ്രനാഥ ടാഗോർ (2) സെർവാന്റസ് (3) കൗടില്യൻ (4) ഡാനിയൽ ഡിഫോ (5) ജൊനാഥൻ സ്വിഫ്റ്റ് (6) തോമസ് മോർ.

## ലഘുപ്രശ്നം

5 കൊല്ലത്തിനുമുമ്പു ഒരു പിതാവിന്റെ വയസ്സു് പുത്രന്റെ വയസ്സിന്റെ നാലിരട്ടിയായിരുന്നു. ഇപ്പോൾ പിതാവിന്റെ വയസ്സു് പുത്രന്റെ വയസ്സിന്റെ മൂന്നിരട്ടിമാത്രമാണു്. എന്നാൽ 5 കൊല്ലത്തിനുമുമ്പു പിതാവിന്റെയും പുത്രന്റെയും വയസ്സു് എത്ര വീതമായിരുന്നു. (ഉത്തരം അടുത്തതിൽ)

---

## പൗരോഹിത്യ രജതജൂബിലി

കോതമംഗലം, ഡി. 4- കോതമംഗലം പള്ളിവികാരി വെരി റവ. ഫാദർ തോമസ് വട്ടാച്ചി അവർകളുടെ പൗരോഹിത്യരജതജൂബിലി ഇന്നു ശിഷ്യന്മാരും സുഹൃത്തുക്കളുമായ ഒട്ടനേകം വൈദികരുടെയും ശെമ്മാശന്മാരുടെയും ആഭിമുഖ്യത്തിൽ കൊണ്ടാടിയിരിക്കുന്നു.

എറണാകുളം മാർ ലൂയിസ് മെമ്മോറിയൽ പ്രസ് മാനേജർ, സേക്രഡ് ഹാർട്ട് പെറ്റിസെമിനാരി വൈസ് റെക്ടർ, സത്യദീപപത്രാധിപർ, ആലുവാ സെന്റു് മേരീസ് ഹൈസ്കൂൾ മാനേജർ, കറുകുറ്റി, കൊരട്ടി, കുഴുപ്പിള്ളി, കോതമംഗലം മുതലായ പല പള്ളികളുടെ വികാരി എന്നീ വിവിധനിലകളിൽ ഈ വന്ദ്യവൈദികൻ കഴിഞ്ഞ കാൽനൂറ്റാണ്ടായി പ്രശസ്തസേവനം നടത്തുകയുണ്ടായിട്ടുണ്ടു.

വൈദികരും ശെമ്മാശന്മാരും ഉൾപ്പെടെ അൻപതോളംപേർ ജൂബിലി ആഘോഷങ്ങളിൽ പങ്കെടുത്തിരുന്നു.

ആദ്യമായി ജൂബിലേറിയന്റെ പ്രധാനകാർമ്മികത്വത്തിൽ നടന്ന ഉയിരവരുടെ റാസക്കു ശേഷം റവ. ഫാദർ പോൾ കുഴിക്കാട്ടു ബി. എ. പൗരോഹിത്യത്തിന്റെ വൈശിഷ്ട്യത്തെയും ജൂബിലേറിയന്റെ സേവനപ്രാഗത്ഭ്യത്തെയും സ്വഭാവനൈർമ്മല്യത്തെയും ഗുണനൈപുണിയെയും കേന്ദ്രീകരിച്ചുകൊണ്ടു ഒരു പ്രസംഗം ചെയ്തു. തദനന്തരം ലാക്കുമാറാ എന്ന സ്തോത്രഗീതവും ദിവ്യകാരുണ്യവാഴ്വും നടന്നു.

ഉച്ചയ്ക്കു നടന്ന ഡിന്നർസല്ക്കാരത്തിൽ റവ. ഫാദർ മാത്യു മങ്കുഴിക്കരി ചെയ്ത പാനോപചാരപ്രസംഗത്തിൽ ജൂബിലേറിയനിൽ വിളങ്ങുന്ന വിനയശീലം, സ്നേഹം, ആർദ്രത മുതലായ ഗുണവിശേഷങ്ങളെപ്പറ്റി കൃതജ്ഞതാപൂർവ്വം അനുസ്മരിക്കുകയുണ്ടായി. ഒരദ്ധ്യാപകനെന്ന നിലയിൽ അദ്ദേഹത്തിന്റെ പ്രാപ്തിവിശേഷങ്ങൾ അനിതരസാധാരണമായിരുന്നുവെന്നും ജൂബിലേറിയന്റെ ശിഷ്യഗണത്തിൽപ്പെട്ട പല പ്രശസ്തന്മാരുടെയും സേവനവിശേഷങ്ങൾക്കു പ്രചോദനം നല്കിയതു് ഈ വന്ദ്യഗുരുഭൂതന്റെ ഉൽകൃഷ്ടമാതൃകയാണെന്നും പ്രസ്താവിക്കുകയുണ്ടായി. അനന്തരം റവ. ഫാദർ ജോസഫ് കവലക്കാട്ട്, വെരി റവ. ഫാദർ ടി. കെ. നമ്പ്യാപറമ്പിൽ പി. എച്ച്. ഡി. ഡി. ഡി. എന്നിവരും ഓരോ അനുമോദനപ്രസംഗം ചെയ്തു. അനന്തരം ശിഷ്യഗണങ്ങളുടെ വകയായി ഒരു കാസയും പീലാസയും സമർപ്പിക്കപ്പെടുകയുമുണ്ടായി. അനുമോദനാശംസകൾക്കു കൃതജ്ഞതപ്രകാശിപ്പിച്ചുകൊണ്ടു ജൂബിലേറിയൻ സമുചിതമായ മറുപടിപ്രസംഗംചെയ്തു. ഒരു ഗ്രൂപ്പ് ഫോട്ടോയുമുണ്ടായിരുന്നു. ജൂബിലേറിയനു സർവ്വമംഗളങ്ങളും ഹൃദയപൂർവ്വം ആശംസിച്ചുകൊള്ളുന്നു.



# പ്രഭാഷണം

## സത്യം മാത്രം

നീ ആരാകുന്നു എന്നു് യോഹന്നാനോടു ചോദിക്കുവാൻ യഹൂദന്മാർ ആചാര്യന്മാരേയും ലേവ്യരേയും ഓർശലത്തുനിന്നയച്ചപ്പോൾ അവൻ നൽകിയ മറുപടി ഇതാകുന്നു. അവൻ യാതൊന്നും മറച്ചുവെക്കാതെ സത്യം സമ്മതിച്ചു പറഞ്ഞു. താൻ ക്രീസ്തു അല്ലെന്നു അവൻ ഏററുപറഞ്ഞു. പിന്നെ നീ ആരാണു്? ഏലിയായോ? എന്നു അവർ വീണ്ടും ചോദിച്ചു. ഏലിയാ അല്ല എന്നു അവൻ മറുപടി പറഞ്ഞു. നീ ഒരു പ്രവാചകനാണോ? അല്ല എന്നു് അതിനും അവൻ മറുപടി പറഞ്ഞു. ഞങ്ങളെ അയച്ചവർക്കു മറുപടി കൊടുക്കേണ്ടതിനായി, നീ ആരാകുന്നുവെന്നു് ഞങ്ങളോടു പറയുക; നിന്നെക്കുറിച്ചു നീ എന്തു പറയുന്നു? എന്നു അവർ ചോദിച്ചു; അപ്പോൾ അവൻ അവരോടു മറുപടി പറഞ്ഞതായതു്: കർത്താവിൻെറ വഴിയെ ചൊവ്വാക്കുവിൻ എന്നു മരുഭൂമിയിൽ വിളിച്ചുപറയുന്ന ഒരുവൻെറ സ്വരം എന്നു് ഏശായ ദീർഘദർശി പറഞ്ഞിരിക്കുന്നവനാകുന്നു ഞാൻ. ഉടനെ പ്രീശന്മാർ (ദൗത്യവുമായി വന്ന ഇവർ പ്രീശന്മാരായിരുന്നു) അങ്ങനെയാണെങ്കിൽ, നീ ക്രിസ്തുവോ, ഏലിയായൊ, ഒരു പ്രവാചകനൊ അല്ലാതിരിക്കെ നീ സ്നാപനം നൽകുന്നതെന്തുകൊണ്ടു? എന്നു അവനോടു ചോദിച്ചു. ഞാൻ നിങ്ങളെ വെള്ളംകൊണ്ടു സ്നാപനം ചെയ്യുന്നു. എന്നാൽ നിങ്ങൾ അവനെക്കുറിച്ചു ഒന്നും അറിയാത്ത ഒരുവൻ നിങ്ങളുടെ മദ്ധ്യേ നിൽക്കുന്നുണ്ടു്. എൻെറ പിന്നാലെ വരുന്നവനെങ്കിലും എൻെറ മുമ്പനാകുന്നു ഇവൻ. ഇവൻെറ ചെരിപ്പുകളുടെ ചരടഴിക്കുവാൻപോലും ഞാൻ യോഗ്യനല്ല. യോർദ്ദാനക്കരെ യോഹന്നാൻ സ്നാപനം നൽകിക്കൊണ്ടിരുന്ന ബെഥാന്യായിലാണു് ഇവയെല്ലാം സംഭവിച്ചതു്. (ആഗമനകാലം 3-ാം ഞായർ; സുവിശേഷം: യോഹ. I 19—28)

ഇക്കഴിഞ്ഞ അഖിലേന്ത്യാ പത്രാധിപസമ്മേളനത്തെ അഭിമുഖീകരിച്ചുകൊണ്ടു ഇൻഡ്യൻ പ്രസിഡൻറു് രാജേന്ദ്രപ്രസാദ് ഉയർന്നിപ്പറയുകയുണ്ടായി സത്യം പറയുകയെന്നതായിരിക്കണം പത്രധർമ്മമെന്നു. പൊതുജനാഭിപ്രായം രൂപവൽക്കരിക്കുന്നതിൽ പ്രധാന പങ്കു വഹിക്കുന്ന പത്രങ്ങൾ സത്യം ദീക്ഷിക്കുന്നില്ലെങ്കിൽ—അസത്യവും അർദ്ധസത്യവുമാണു് പ്രചരിപ്പിക്കുന്നതെങ്കിൽ—രാജ്യത്തിൻെറ ഭാവി ഇരുളടഞ്ഞതായിരിക്കും. എന്നാൽ സത്യം മാത്രം പറയണമെന്നുള്ള ധാർമ്മികതത്വം പത്രപ്രവർത്തകന്മാർ മാത്രം അനുവർത്തിക്കേണ്ട ഒന്നല്ലെന്നും സകല മനുഷ്യരും സ്വകൃത്യപദ്ധതികളിൽ പ്രതിഫലിപ്പിക്കേണ്ട ഒന്നാണെന്നും എല്ലാവർക്കും അറിയാവുന്നതാണ്. എന്നാൽ ഒരു കവി പറയുംപോലെ, ജഗത്തു മുഴുവൻ പരന്നുകിടന്നിരുന്ന "നേര്" എന്നു പേരായ വസ്തു ഇപ്പോൾക്രമേണ ചുരുങ്ങിച്ചുരുങ്ങി ഒരു പണത്തോളം മാത്രം വലുപ്പമുള്ളതായിത്തീർന്നിരിക്കുന്നതു് ശോചനീയംതന്നെ. നിത്യസത്യമായ ക്രിസ്തുനാഥനും പഴയനിയമത്തിലെ ഗ്രന്ഥങ്ങളും സത്യത്തിൻെറ ആവശ്യകതയെപ്പററി ധാരാളം വ്യക്തമായിത്തന്നെ പറഞ്ഞിട്ടുണ്ടു്. "നുണ പറയുന്ന ചുണ്ടുകൾ കർത്താവിൻെറ സന്നിധിയിൽ മ്ലേച്ഛതയാകുന്നു."(Prov. XII-22) "നീ കള്ളം പറയരുതു്; നിൻെറ അയൽക്കാരനെ ചതിക്കയുമരുതു്." (Levit XIX-11) "കള്ളം പറയുന്ന വായ് ആത്മാവിനെ കൊല്ലുന്നു"(Wisd. I-11) എലീസെവൂസിൻെറ ഭൃത്യനായിരുന്ന ഗിയാസി ഒരു നുണ പറഞ്ഞതുനിമിത്തം നാമാൻെറ കുഷ്ഠരോഗം അവനിലേക്കും അവൻെറ സന്താനപരമ്പരകളിലേക്കും പകർന്നതായി നാം പഴയനിയമത്തിൽ വായിക്കുന്നുണ്ടു്. (IV Kings V-25 27) പുതിയ നിയമത്തിൽ അനനിയാസും സഫീറയും വി. പത്രോസിൻെറ മുമ്പാകെ മരിച്ചുവീണതും നുണ പറഞ്ഞതുകൊണ്ടായിരുന്നല്ലോ. പ്രീശന്മാരുടെ വക്രതയും കാപട്യവും ക്രിസ്തുനാഥൻെറ നിശിതമായ വിമർശനത്തിനു പാത്രമായില്ലേ?

ദൈവം സത്യത്തിൻെറ മൂർത്തീകരണമാണു്; പോരാ, ദൈവവും സത്യവും പര്യായപദങ്ങളാണു്. മനുഷ്യനു് ഇതിൽ ഒരംശം ദൈവം ദാനമായി നൽകിയിട്ടുണ്ടു്. ഈ ദാനത്തെ സംരക്ഷിച്ചുപോരുന്നവനിൽ ആത്മാർത്ഥതയും സത്യവും നിഷ്കാപട്യവും സദാ കുടികൊള്ളുന്നുണ്ടായിരിക്കും. മനസ്സിലുള്ളതിനു വിപരീതമായി പറയുന്നതാണല്ലൊ നുണ. സ്വന്തം മനസ്സിലുള്ളതിനെ ഇതരന്മാർക്കു ശരിയായി മനസ്സിലാക്കിക്കൊടുക്കുവാനുള്ള ഒരുപാധിയാണു് സംസാരം. പ്രകൃതിതന്നെ നിശ്ചയിച്ചിട്ടുള്ളതാണിതു്. എന്നാൽ ഉള്ളിൽ ഒന്നും സംസാരം അതിനെതിരും ആകുമ്പോൾ അതു പ്രകൃതിവിരുദ്ധമായിത്തീരുന്നു. ദൈവം മനുഷ്യപ്രകൃതിയിൽ നിക്ഷേപിച്ചിട്ടുള്ള ഒരു വിശിഷ്ടദാനത്തെ മുറിപ്പെടുത്തുകയും നശിപ്പിക്കയും ചെയ്യുന്നതു നിമിത്തവും ഇതു പ്രകൃതിവിരുദ്ധമായ ഒരു പാപമായിത്തീരുന്നു.

സത്യം, അഹിംസ, അക്രമരാഹിത്യം എന്നെല്ലാം പ്രസംഗവേദികളിൽനിന്നു കൊണ്ടു തട്ടിമൂളിക്കുന്ന നമ്മുടെ ഭാരതീയനേതാക്കന്മാരുടേയും അവരെ കണ്ണുംപൂട്ടി അനുകരിക്കുന്ന പൗരസഞ്ചയത്തിൻെറയും സത്യദീക്ഷയും മററും എത്രമാത്രമുണ്ടെന്നുള്ളതിനെപ്പററി ഇവിടെ പ്രസ്താവിക്കേണ്ട ആവശ്യമില്ല; അത്രമാത്രം അസത്യത്തിലേക്കും വഞ്ചനയിലേക്കും കാപട്യത്തിലേക്കും അവർ ആണ്ടുപോയിട്ടുണ്ടെന്നു് ചുരുക്കിപ്പറയുവാനേ നിവൃത്തിയുള്ളു. എന്നാൽ ക്രിസ്തുവിൻെറ അനുഗാമികളെന്നഭിമാനിക്കുന്ന ക്രിസ്ത്യാനികൾ സത്യപരിപാലനത്തിൽ അക്രൈസ്തവർക്കു മാതൃകാദീപം കൊളുത്തുന്നുണ്ടോ എന്നു പരിശോധിച്ചുനോക്കുമ്പോൾ പ്രശംസാർഹമല്ലാത്ത ഒരു ചിത്രമായിരിക്കും നാം ദർശിക്കുക. വെള്ളം ചേർക്കാത്ത പാൽ. കലപ്പില്ലാത്ത വെണ്ണ, കൂട്ടുകൂട്ടാത്ത നെയ്യ്, ചതികൂടാതെ വിധിയനുസരിച്ചു് പാകപ്പെടുത്തിയ ഔഷധങ്ങൾ ആദിയ ശുദ്ധപദാർത്ഥങ്ങൾ നമ്മുടെയിടയിൽ വിരളമല്ലേ? വിലയിലും, തരത്തിലും, അളവിലും, തൂക്കത്തിലും തട്ടിപ്പുകളും തട്ടിപ്പറികളും അത്രകുറവാണോ? രേഖകളും ആധാരങ്ങളും കളവായി നിർമ്മിക്കുക, കള്ളസാക്ഷിയും കള്ളസത്യവും പറയുക, അതിരുതിക്കുക, മററുള്ളവരെപ്പററി ദൂഷ്യപ്രവാദങ്ങൾ പറഞ്ഞുപരത്തുക, നാരദവേഷം കെട്ടുക, വാക്കു പാലിക്കാതിരിക്കുക, വാക്കു മാറുക—എന്നിങ്ങനെയുള്ള സത്യലംഘനങ്ങളിൽ ക്രിസ്ത്യാനികൾ ഇതരന്മാരെയും കവച്ചുവെക്കുന്നുണ്ടോ?

ഇന്നത്തെ സുവിശേഷത്തിൽ "നീ ആരാണു്" എന്നുള്ള ചോദ്യത്തിനു് വി. യോഹന്നാൻ "ഞാൻ ക്രിസ്തുവല്ല" എന്നു മറുപടി നൽകി. ഒരുപക്ഷെ താൻ ക്രിസ്തുവാണെന്നു പറഞ്ഞാലും അദ്ദേഹത്തെ സ്വീകരിക്കാനും അനുകരിപ്പാനും വലിയൊരു ശിഷ്യസഞ്ചയം തീർച്ചയായും ഉണ്ടാകുമായിരുന്നു; സ്ഥലകാലസാഹചര്യങ്ങളും വ്യക്തിപരമായ തൻെറ അന്യാദൃശഗുണഗണങ്ങളും അതിനു് അത്യനുകൂലമായിരുന്നു. എന്നിട്ടും അദ്ദേഹം സത്യംമാത്രം പറഞ്ഞു. അതിൻ ശേഷം താൻ ഏലിയായോ മററതെങ്കിലും പ്രവാചകനോ അല്ലെന്നും അദ്ദേഹം തുറന്നുപറയുന്നു. യഥാർത്ഥത്തിൽ ക്രിസ്തുനാഥൻതന്നെ "ഒരു പ്രവാചകനെക്കാൾ വലിയവൻ" എന്നു വി. യോഹന്നാനെക്കുറിച്ചു് പറയുന്നുണ്ടെങ്കിലും, തെററിധാരണകൾ ഉണ്ടാകാതിരിപ്പാൻവേണ്ടി അദ്ദേഹം അതു സമ്മതിക്കുന്നില്ല. ഒടുവിൽ, ഏശയാ പ്രവചിച്ചിട്ടുള്ള "മരുഭൂമിയിൽ വിളിച്ചുപറയുന്ന സ്വര"മാണു് താനെന്നുള്ള സത്യാവസ്ഥ വെളിപ്പെടുത്തിക്കൊണ്ടു് അഹംഭാവത്തിൻെറ കണികപോലുമില്ലാത്തവനായി പ്രത്യക്ഷപ്പെടുന്നു. നിങ്ങൾ ശിശുക്കളെ നോക്കുക: അവർക്കു സുഖമുള്ളപ്പോൾ ചിരിക്കയും കൈകാലുകൾ കുടഞ്ഞു കളിക്കയും ചെയ്യുന്നു; എന്തെങ്കിലും വേദനയോ അസുഖമോ ഉണ്ടാകുമ്പോൾ അവർ കരയുന്നു. ഉള്ളിലെ വികാരങ്ങളുടെ ഒരു യഥാതഥപ്രകടനമാണു് അവരുടെ ബാഹ്യചേഷ്ടകൾ. ഇപ്രകാരംതന്നെ യുവാവോ, വൃദ്ധനോ ആരായാലും നിഷ്കളങ്കശിശുക്കളെപ്പോലെ ദൈവദത്തമായ സത്യം അവരിൽ കുടികൊള്ളുന്നുണ്ടെങ്കിൽ അവരുടെ സംസാരം ഉള്ളിലെ വിചാരങ്ങളുടേയും വികാരങ്ങളുടേയും പ്രതിഫലനമായിരിക്കും. അവർ സത്യംമാത്രം സംസാരിക്കും, ഉപകാരമോ ഉപദ്രവമോ എന്തുതന്നെ വന്നാലും. വി. തോമസ് അക്വിനാസിനോടു ഒരു സ്നേഹിതൻ തട്ടിമൂളിച്ചു. "ഇതാ നോക്കു, ഒരു കാള ആകാശത്തിൽ പറക്കുന്നു." പരമാർത്ഥിയായിരുന്ന അക്വിനാസ് ആകാശത്തിലേക്കു നോക്കി പറക്കുന്ന കാളയെ കാണ്മാൻ! അപ്പോൾ ആ സ്നേഹിതൻ ഒരു കാളക്കു പറക്കുവാൻ സാദ്ധ്യമാണെന്നു് വിചാരിച്ച അക്വിനാസിനെ പരിഹസിച്ചു. അതിനു അദ്ദേഹം നൽകിയ മറുപടി ഇപ്രകാരമായിരുന്നു: "ഒരു ക്രൈസ്തവനു നുണ പറയുവാൻ കഴിയുമെന്നതിനെക്കാൾ എളുപ്പമാണു് ഒരു കാളക്കു പറക്കുവാൻ കഴിയുമെന്നതെന്നാണു് ഞാൻ വിചാരിച്ചതു."

കളവായും ന്യായരഹിതമായും മററുള്ളവരുടെമേൽ അപരാധങ്ങൾ ആരോപിക്കുന്നതും അയാൾക്കു ഉപദ്രവം വരുവാൻ മനഃപൂർവ്വം സത്യത്തെ നിഷേധിക്കുന്നതും ഗൗരവമേറിയ പാപങ്ങളാണു്. അന്യരുടെ കുററങ്ങളെ അതിവർണ്ണനം ചെയ്യുക, സൽപ്രവൃത്തികളെ ദുർവ്യാഖ്യാനിക്കുക, അപരനിലുള്ള നന്മകളെ നിഷേധിക്കുക, അവയെ ലഘൂകരിക്കുക. മുതലായ പ്രവൃത്തികൾ സർവ്വഥാ പരിവർജ്ജ്യങ്ങളാണു്. ഊഹങ്ങളേയും സംശയങ്ങളേയും അടിസ്ഥാനമാക്കുവാനോ അതിവർണ്ണനംചെയ്യാനോ പാടില്ല. എവിടെയെങ്കിലും ഒരെലിയുടെ വാലു കാണുമ്പോഴേക്കും,"ഇതാ പുലി വന്നേ!" എന്നു പറഞ്ഞു പരത്തുന്നവർ ഇക്കൂട്ടത്തിൽ പെടുന്നു. ഇണങ്ങിക്കഴിയുന്ന രണ്ടു കക്ഷികളെ നുണകൾ പറഞ്ഞു പിടിപ്പിച്ചുകൊണ്ടു തമ്മിൽ പിണക്കുന്ന നാരദവേഷക്കാരും അസത്യത്തിൻെറയും കാപട്യത്തിൻെറയും മൂർത്തീകരണങ്ങളാണു്. പുത്തിഫാറിൻെറ ഭാര്യ യൗസേപ്പിൻെറമേൽ കളവായി കുററമാരോപിച്ചുകൊണ്ടു കാരാഗൃഹത്തിലാക്കിയില്ലേ? പ്രലോഭകരായ രണ്ടു വൃദ്ധന്മാരുടെ കളവായ കുററാരോപണംകൊണ്ടു് നിഷ്കളങ്കയായ സൂസന്ന കല്ലേറിഞ്ഞു വധിക്കപ്പെടുമെന്ന നിലയിൽ എത്തിച്ചേർന്നില്ലേ? ഇങ്ങനെ കളവായി കുററാരോപണം ചെയ്യുന്നവർക്കു പാപപ്പൊറുതി ലഭിക്കണമെങ്കിൽ തങ്ങൾ ഇതരന്മാർക്കു വരുത്തിക്കൂട്ടുന്ന അപമാനത്തിനു കഴിവുള്ളിടത്തോളം പരിഹാരംചെയ്യാതെ ഗത്യന്തരമില്ലെന്നുള്ളതും പ്രത്യേകം ഓർക്കേണ്ടതാണു്.

മററുള്ളവരെ ആപത്തിൽനിന്നു രക്ഷിക്കുവാനോ അവർക്കു ഒരു സേവനം എന്നുള്ള നിലയിലോ അസത്യം അനുവദനീയമല്ല. ദൈവസ്നേഹത്തിലാണല്ലോ പരസ്നേഹം അധിഷ്ഠിതമായിരിക്കുന്നതു്. തന്നിമിത്തം പരസ്നേഹത്തിനുവേണ്ടി ഒരുവൻ ദൈവസ്നേഹത്തെ അവഗണിക്കുന്നതു് നിരർത്ഥകമായിരിക്കും. തന്നിമിത്തം സ്നേഹിതനുവേണ്ടി—അയാളെ അപകടത്തിൽനിന്നു രക്ഷിക്കുവാൻ വേണ്ടി—കള്ളസാക്ഷി പറയുവാൻ പാടില്ല. സ്വാർത്ഥലാഭത്തിനു വേണ്ടി നുണപറയുവാൻ മക്കളെ മാതാപിതാക്കന്മാർ പരിശീലിപ്പിക്കരുതു്. വെറും തമാശയ്ക്കുവേണ്ടി നുണപറയുന്നതു ഗൗരവമുള്ള കുററമാകയില്ലയെന്നു വരികിലും, കളിയായിപ്പറയുന്ന വാക്കുകൾക്കുകൂടി വിധിദിവസത്തിൽ കണക്കുപറയേണ്ടി വരുമെന്നു ദിവ്യനാഥൻ അരുളിച്ചെയ്തിട്ടുണ്ടു്. സത്യംമാത്രം പറയുവാൻ എല്ലാവരും ശ്രമിക്കട്ടെ. അസൗകര്യങ്ങളും ഉപദ്രവങ്ങളും നേരിട്ടാലും സത്യത്തിൽനിന്നു വ്യതിചലിക്കാതിരിപ്പാൻ കുട്ടികളേയും പരിശീലിപ്പിക്കണം. "സ്വർഗ്ഗത്തിലുള്ള നിങ്ങളുടെ പിതാവിനെപ്പോലെ നിങ്ങളും പരിപൂർണ്ണരായിരിപ്പിൻ!" ഇതിനു സത്യദീക്ഷ കൂടിയേ കഴിയൂ; കാരണം, ദൈവം സത്യമാകുന്നു. അസത്യം കഥിക്കുന്നവൻ പിശാചിനു തുല്യനാണു; കാരണം, പിശാചു് നുണകളുടെ പിതാവാണു്. "കർത്താവേ, അങ്ങേ കൂടാരത്തിൽ ആരു വസിക്കും?......ഹൃദയത്തിൽ സത്യം സംസാരിക്കുന്നവനും നാവിൽ വഞ്ചനയില്ലാത്തവനും" (Ps. XIV). വി. പൗലോസിൻെറ ഒരു വാക്യവും നമ്മുടെ ചിന്തക്കു വിഷയമാകട്ടെ: "ആകയാൽ അസത്യം നിങ്ങളിൽനിന്നു നീക്കിക്കളയുകയും ഓരോരുത്തനും തൻെറ അയൽക്കാരനോടു് സത്യം സംസാരിക്കയും ചെയ്യുവിൻ. നാം പരസ്പരം അവയവങ്ങളാകുന്നുവല്ലൊ." (Eph. IV—25). (ജെ. ചെമ്മണൂർ)

---

വിശുദ്ധ ചെറുപുഷ്പത്തിൻേറയും, റവ. സിസ്റ്റർ അൽഫോൻസായുടേയും കുര്യാളശ്ശേരിൽ മാർ തോമ്മാമെത്രാൻേറയും സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു് ഉപകാരസ്മരണ. A.K.S.

---

## ക്രിസ്റ്റോഫേഴ്സ്

(12-ാം പേജു് തുടർച്ച)

നെ രക്ഷിക്കുവാൻ നിങ്ങളുടെ മതത്തിനു കഴിയുമായിരുന്നു. ഞാൻ നിങ്ങളെ കുററപ്പെടുത്തുന്നു; എന്തെന്നാൽ, കത്തോലിക്കരായ നിങ്ങൾക്കു സത്യം കരഗതമാണു്; എങ്കിലും 80,000,000 പേരോളം വരുന്ന ഞങ്ങളുടെ ജനങ്ങൾക്കു ആ സത്യത്തെ നൽകുന്നതിനു ഒരു ആംഗ്യത്തിൽ കൂടെലായി നിങ്ങൾ ഒന്നും ചെയ്തിട്ടില്ല. നിങ്ങൾ ഞങ്ങളെ ചതിച്ചുവെന്നു ഞാൻ വിചാരിക്കുന്നു," ഈ പ്രസ്താവന അയാൾ വളരെ കരുതലോടെയത്രെ പുറപ്പെടുവിച്ചതു്. "എന്നാൽ ഇനിമേൽ ലോകത്തിൽ മറെറാരിടത്തും ഈ അബദ്ധം നിങ്ങൾ ആവർത്തിക്കയില്ലെന്നു ഞാൻ ശരണപ്പെടുന്നു."
("Priest and the World Vision," Page XI—XIV)

കേരളീയ കത്തോലിക്കരായ നാമും ഇപ്രകാരമൊരു ശകാരത്തിനു അർഹരാണെന്നു സമ്മതിക്കാതെ തരമില്ല. ക്രിസ്തുവിനോടുള്ള സ്നേഹത്താൽ മാത്രം ക്രിസ്ത്യാനിയാകയും അനേകം ഹൈന്ദവസഹോദരന്മാരെ മാനസാന്തരപ്പെടുത്തുകയും, ഇന്നും തീക്ഷ്ണതയോടെ സുവിശേഷവേല ചെയ്യുകയും ചെയ്യുന്ന ഒരു "പുതുക്രിസ്ത്യാനി" ഏതാണ്ടു പ്രസ്തുത ജപ്പാൻപണ്ഡിതനെപ്പോലെതന്നെ സംസാരിക്കുന്നതു കേൾക്കാൻ ഈ ലേഖകനു ഇടയായിട്ടുണ്ടു്.

ഒരു ക്രിസ്ത്യാനിയുടെ പ്രഥമവും പ്രധാനവുമായ ചുമതല ക്രിസ്തുവിനെ മററുള്ളവർക്കു കൊടുക്കുകയാണു്. ക്രിസ്തുവിനെ മററുള്ളവർക്കു കൊടുക്കാത്തവൻ ക്രിസ്ത്യാനിയേ അല്ല. ക്രിസ്തുവിനെ മററുള്ളവർക്കു കൊടുക്കുവാൻ നാംതന്നെ ആദ്യം ക്രിസ്തുവിനെ വഹിക്കണം. പോകുന്നിടത്തൊക്കെ നാം ക്രിസ്തുവിനെയും വഹിച്ചുകൊണ്ടു പോകണം; നാം ക്രിസ്റ്റോഫേഴ്സ് ആകണം. പക്ഷേ, ക്രിസ്തുവിനെ വഹിക്കുവാൻ നാം ക്രിസ്തുവിനെ ധരിക്കേണ്ടിയിരിക്കുന്നു. സ്നേഹിക്കാത്തതിനെ ആരാണു ധരിക്കുക? അറിയാത്തതിനെ ആരാണു സ്നേഹിക്കുക? ക്രിസ്തു ആരാണെന്നു അറിയാതിരുന്നാൽ ഒരു പത്രോസിൻെറയോ ജോണിൻെറയോ പുത്രി കത്തോലിക്കാമതം ഉപേക്ഷിച്ചു ഒരു കൃഷ്ണൻനായരെയൊ രാമൻനായരെയൊ വിവാഹംചെയ്തെന്നു വരാവുന്നതാണു്. അതിനാൽ ക്രിസ്റ്റോഫർ പദ്ധതിയുടെ പ്രാരംഭപാഠം ക്രിസ്തുവിനേയും ക്രിസ്തുവിൻെറ സിദ്ധാന്തങ്ങളേയും അറിയുകയാണു്. അറിഞ്ഞാൽ നാം ക്രിസ്തുവിനെ സ്നേഹിക്കും. സ്നേഹിച്ചാൽ നാം ക്രിസ്തുവിനെധരിക്കും. ധരിച്ചാൽ നാം ക്രിസ്തുവിനെ വഹിക്കും; നാം ക്രിസ്തുവാഹകരാകും; ക്രിസ്റ്റോഫേഴ്സ് ആകും.

---

*Permissu Ecclesiastico*
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam

Sathya Deepam
Vol. 24 Ernakulam December 13, 1950 No. 17

# ക്രിസ്റ്റോഫേഴ്സ്

(ഫാദർ ജോസഫ് മാവുങ്കൽ)

നേട്ടങ്ങൾ

ഈ പദ്ധതിയുടെ നേട്ടങ്ങൾ നമ്മുടെ ഊഹാപോഹങ്ങളെ എല്ലാം അതിശയിക്കുന്നവിധത്തിൽ അത്രയ്ക്കു ബൃഹത്താണു്. ക്രിസ്റ്റോഫർ ആശയത്തെ പ്രചരിപ്പിക്കാൻ "You Can Change the World" എന്ന ഒരു ഫിലിം ഈയിടെ നിർമ്മിക്കപ്പെട്ടു. ഹോളിവുഡിലെ പ്രഥമഗണനീയന്മാരായ Bing Crosby മുതൽപേരാണു് അതഭിനയിച്ചതു്. ഇതിന്റെ നിർമ്മാണത്തിനു തന്നെ 150,000 ക ചിലവായി. ഇനിയും രണ്ടു ഫിലിംകൂടെ തയ്യാറായിവരുന്നുണ്ടു്. ക്രിസ്റ്റോഫർ വാർത്താവിതരണത്തിനായി പ്രതിമാസം ഒരു ലേഖ കേന്ദ്രത്തിൽനിന്നു പ്രസിദ്ധപ്പെടുത്തുന്നുണ്ടു്. 200 000 പേക്ക സൗജന്യമായി വിതരണംചെയ്യപ്പെടുന്ന ഈ ലഘുലേഖയ്ക്കു ആണ്ടിനാൽ Rs 1,000,000 ചിലവുണ്ടു്. ഇതിനും പുറമേ, സ്വന്തം വായനശാലകളും, റേഡിയോ, ടെലെവിഷൻ മുതലായവയും രൂപപ്പെടുത്തുവരുന്നു. ഇവയ്ക്കെല്ലാംവേണ്ടി വരുന്ന വമ്പിച്ച ചിലവൊക്കെ വെറും ദാനങ്ങൾകൊണ്ടാണു് നിർവ്വഹിക്കുന്നതെന്നു അറിയുമ്പോളാണു്, ഈ പദ്ധതി ഈ യുഗത്തിലെ ജനതയ്ക്കു എത്രമാത്രം ഇഷ്ടപ്പെടുന്നുവെന്നു നമുക്കു ബോദ്ധ്യപ്പെടുന്നതു്. നിർബന്ധ വരിസംഖ്യയായി യാതൊന്നും ഈടാക്കാതെ, സൗജന്യദാനംകൊണ്ടു ഇത്ര ബൃഹത്തായ ഒരു പദ്ധതി വളർന്നു വരുന്നുവെങ്കിൽ ക്രിസ്തു അതിൽ വർത്തിക്കുന്നുണ്ടെന്നുള്ളതു തീർച്ചയാണു്. തന്റെ പദ്ധതിയുടെ നടത്തിപ്പിനുവേണ്ടുന്ന പണം എവിടെ നിന്നുകിട്ടുന്നുവെന്നു Fr. Keller തന്നെ വിവരിക്കുന്നതു ശ്രദ്ധേയമാണു്: "ക്രിസ്റ്റോഫർപദ്ധതിയുടെ കാര്യനിർവ്വഹണത്തിനു ആവശ്യമായിരിക്കുന്ന പണത്തെപ്പററി ഞങ്ങൾ സ്വീകരിച്ചിരിക്കുന്ന മുദ്രാവാക്യം അമേരിക്കൻ നാണയത്തിൽ കാണുന്ന "In God We Trust" "ദൈവത്തിൽ ഞങ്ങൾ ശരണപ്പെടുന്നു" എന്നതാണു്. സാധാരണ ചിലവിനുതന്നെ പ്രതിമാസം 60,000 രൂപാ വേണ്ടിയിരിക്കുന്നു. ഈ സംഖ്യയത്രയും, ഈ പദ്ധതിയെ സഹായിക്കുന്നതു നല്ലതാണെന്നു ബോദ്ധ്യപ്പെട്ടവരുടെ സൗജന്യദാനങ്ങളായി ലഭിച്ചുകൊണ്ടിരിക്കുന്നു." അദ്ദേഹം തുടർന്നുപറയുന്നു: "ദൈവം തിരുമനസ്സാകുന്നുവെങ്കിൽ, ഈ തീപ്പൊരി ഒരു ദിവസം പന്തമായി കത്തുപിടിക്കും. ഭാഗ്യവശാൽ, ഞങ്ങൾക്കിവിടെ ഒന്നും നിർമ്മിച്ചു പ്രദർശിപ്പിക്കേണ്ടതില്ല. ഞങ്ങളുടെ പ്രവർത്തനങ്ങളുടെ ഫലമൊക്കെ സ്വർഗ്ഗത്തിലാണു് സംഭരിക്കപ്പെടുന്നതു്. ആകപ്പാടെ ഞങ്ങൾക്കു ചെയ്യുവാനുള്ളതു്, മാറിക്കൊണ്ടിരിക്കുന്ന ഇക്കാലത്തു്, മാറാത്ത സത്യത്തിന്റെ വിതരണക്കാരാകുകമാത്രമാണു്. എന്തുകൊണ്ടെന്നാൽ, "നിങ്ങളെ സ്വതന്ത്രരാക്കുന്ന" ആ സത്യത്തെക്കൂടാതെ, നമുക്കു സമാധാനമോ സ്വാതന്ത്ര്യമോ ലഭിക്കയില്ലെന്നുള്ളതു തീർച്ചയാണു്. സർവ്വോപരി, ഞങ്ങളോരുംതന്നെ തനിച്ചല്ല പ്രവർത്തിക്കുന്നതെന്ന ഒരു ഉത്തമബോദ്ധ്യം ഞങ്ങളെ ധൈര്യപ്പെടുത്തുന്നുണ്ടു്. ഒരു ക്രിസ്റ്റോഫർ ആകുവാൻ രംഗപ്രവേശംചെയ്യുന്ന ഓരോരുത്തരോടുകൂടിയും, ഓരോരുത്തൻ വഴിയായും, ക്രിസ്തു പ്രവർത്തിക്കുന്നു. ജീവിതത്തിന്റെ പ്രധാനനിർച്ചാലിലെ നമ്മുടെ സജീവസാന്നിദ്ധ്യംമൂലം, ദൈവസഹായത്തോടുകൂടി, ഭൂമുഖത്തെ നവീകരിക്കുന്നതിനു സഹായിക്കാൻ നമുക്കു സാധിക്കും!"

ക്രിസ്റ്റോഫേഴ്സിനുവേണ്ടി ഫാദർ കെല്ലർ എഴുതിയ "Three Minutes a Day" എന്ന രണ്ടാമത്തെ പുസ്തകവും, വൈദികർക്കുവേണ്ടി എഴുതിയ "The Priest and the World Vision" എന്ന മൂന്നാമത്തെ പുസ്തകവും, "You Can change the World" എന്ന ഒന്നാംപുസ്തകംപോലെതന്നെ ലക്ഷക്കണക്കിനാണു് പ്രചരിക്കുന്നതു്. തൂലികത്തുമ്പുകൊണ്ടു മാത്രമല്ല അദ്ദേഹം പ്രവർത്തിക്കുന്നതു്. ക്രിസ്റ്റോഫർ ആശയം പ്രചരിപ്പിക്കാൻ അദ്ദേഹം അമേരിക്കൻ വൻകരയിൽ പര്യടനം നടത്തിക്കൊണ്ടിരിക്കയാണു്.

ഈയിടെ പരിശുദ്ധ പിതാവു 12-ാം പീയൂസ് തിരുമേനി അമേരിക്കയെപ്പററി ഇപ്രകാരം പ്രസ്താവിക്കയുണ്ടായി: "ആ രാജ്യം നിസ്തുലമായ അതിന്റെ വ്യവസായശക്തിയിൽ മഹത്താണു്...... കൂടുതൽ മഹത്താണു്, ആത്മാർത്ഥവും നിസ്വാർത്ഥവുമായ അതിന്റെ ജനത്തിന്റെ ഔദാര്യത്തിൽ......ദൈവം അവർക്കായി നിശ്ചയിച്ചിരിക്കുന്ന ഉന്നതമായ അന്ത്യത്തിലും അവർ മഹത്താണെന്നു ഗ്രഹിക്കാതിരിക്കാൻ ആർക്കും കഴികയില്ല. എന്തുകൊണ്ടെന്നാൽ, ധനവും ശക്തിയും സുകൃതവും യോജിക്കുന്നിടത്തു നേതൃത്വത്തിന്റെ ഭാരമേറിയ ചുമതലയും ഉണ്ടാകാതെ തരമില്ല." അതെ, ലൗകികത്തിൽ എന്നപോലെതന്നെ അമേരിക്ക ഇന്നു ആത്മീയത്തിലും ലോകനേതൃത്വം വഹിക്കുന്നുവെന്നാണല്ലോ ഈ പ്രസ്താവനയുടെ അർത്ഥം. വ്യവസായത്തിലും, കച്ചവടത്തിലും, രാഷ്ട്രീയത്തിലും മററും അമേരിക്കരുടെ നേതൃത്വം ലോകം സമ്മതിക്കുന്നുവെങ്കിൽ, ആത്മീയകാര്യങ്ങളിലും അമേരിക്കരെ നാം പിൻചെല്ലുന്നതിൽ ആക്ഷേപമൊന്നുമില്ല. ഏതാനും കൊല്ലങ്ങൾക്കുമുമ്പു ലോകമാസകലം നടത്തിയ തന്റെ സുവിശേഷപര്യടനത്തിൽ നമ്മുടെ കേരളത്തെയും സന്ദർശിച്ച തിരുഹൃദയപ്രേഷിതനായ ഫാദർ മത്തേയോ ക്രൗളി ഒരമേരിക്കനാണല്ലോ. ഫാദർ കെല്ലരുടെ ക്രിസ്റ്റോഫർപദ്ധതി നാം സ്വീകരിക്കുന്നതിൽ ആക്ഷേപമൊന്നുമില്ല.

നമ്മുടെ രക്തത്തിന്റെ രക്തവും മാംസത്തിന്റെ മാംസവുമായ ഹിന്ദുസഹോദരന്മാർ സംഘടിക്കയാണല്ലോ. അവരിൽ ചിലർ ഹിന്ദുമതത്തിലും ഹിന്ദുദേവന്മാരിലും പരിപൂർണ്ണസംതൃപ്തരായിക്കൊണ്ടു ക്രിസ്ത്യാനികളേയും ക്രിസ്തുമതത്തേയും ക്രിസ്തുവിനേയും പരിതാപകരമായ ശത്രുതയോടെ വെറുക്കുന്നു. മതത്തേയും ദൈവത്തേയും മററും പററി അവരുടെ നേതാക്കന്മാർതന്നെ പുറപ്പെടുവിക്കുന്ന അത്യന്തം യുക്തിവിരുദ്ധവും പരസ്പരവിരുദ്ധവുമായ പ്രസ്താവനകൾ കേട്ടു നാം വിസ്മയിക്കയും സങ്കടപ്പെടുകയും ചെയ്യുന്നു. 2000 കൊല്ലമായി ക്രിസ്തുവിനെ അവിടുത്തെ ശിഷ്യന്മാരിൽ ധീരനെന്ന പേരിനു അർഹനായ വി. തോമ്മാ നമുക്കു തന്നിട്ടു്. എന്നാൽ തോമ്മാ നമുക്കുതന്ന ക്രിസ്തുവിനെ നാം നമ്മുടെ സഹോദരന്മാർക്കു കൊടുത്തില്ല. നാം ക്രിസ്തുവിനെ കൊടുത്തിരുന്നുവെങ്കിൽ തീർച്ചയായും അവർതന്നെ സ്വീകരിക്കുമായിരുന്നു. എന്തുകൊണ്ടെന്നാൽ ക്രിസ്തു ആർക്കും അത്രയ്ക്കു സ്വീകാര്യനും അഭികാമ്യനുമാണു്. ക്രിസ്തുവിനെ വഹിച്ചുംകൊണ്ടു്, ക്രിസ്റ്റോഫർ ആയി അവരുടെ പക്കലേക്കു ചെല്ലുന്നതിനുപകരം, ക്രിസ്തുവിനെ എവിടെയോ ഉപേക്ഷിച്ചുകൊണ്ടത്രെ നാം അവരുടെ ഇടയിലേക്കുചെന്നതു്. നാം ക്രിസ്തുവിനെ ധരിക്കാഞ്ഞതിനാൽ അവിടുത്തെ വഹിച്ചിരുന്നില്ല. ഫലമോ? ഹിന്ദുക്കൾ നമ്മെ വീണ്ടും ഹിന്ദുമതത്തിലേക്കു പരിവർത്തനംചെയ്യുവാൻ തുടങ്ങിയിരിക്കുന്നു. പുതുക്രിസ്ത്യാനികൾ മാത്രമല്ല, പഴയ ക്രിസ്ത്യാനികൾപോലും ക്രിസ്തുവിനെ ഉപേക്ഷിക്കുന്ന പരിതാപകരമായ സംഭവങ്ങൾക്കു നാം സാക്ഷികളാണു്. ഈ കഴിഞ്ഞ ഒരു പത്തുകൊല്ലത്തിനകം, തിരുവിതാംകൂർ കൊച്ചി ഐക്യസംസ്ഥാനത്തുനിന്നു ക്രിസ്തുമതം ഉപേക്ഷിച്ചു ഹിന്ദുക്കളായിട്ടുള്ള യുവതീയുവാക്കന്മാരുടെ എണ്ണം ശരിയായി എടുത്താൽ നാം തീർച്ചയായും ലജ്ജിക്കയും ഭയപ്പെടുകയും സങ്കടപ്പെടുകയും ചെയ്യും. നമ്മുടെ തിരുസഭാപാത്രത്തിൽനിന്നുള്ള ചോർച്ച ഭയങ്കരമാണു്. അതേസമയം ക്രിസ്തുമതത്തിലേക്കുള്ള ഹൈന്ദവമതപരിവർത്തനം മിക്കവാറും നിലയ്ക്കുകയും ചെയ്തിരിക്കുന്നു. തെററിദ്ധരിപ്പായ ഒരു ക്രിസ്തീയയുവാവു് ഒരിക്കൽ ഇപ്രകാരം ചോദിച്ചതായി കേട്ടു: "ക്രിസ്തുവും കൃഷ്ണനും തമ്മിൽ എന്താണു് വ്യത്യാസം?" നോക്കുക. പരിതാപകരമായ അജ്ഞത! അവൻ ക്രിസ്തുവിനെ അറിഞ്ഞിട്ടില്ലായിരുന്നു. അവന്റെ മാതാപിതാക്കന്മാർ അവനു് ക്രിസ്തുവിനെ നൽകിയിട്ടില്ലായിരുന്നു. ക്രിസ്തുവിനെ അവൻ അറിഞ്ഞിരുന്നുവെങ്കിൽ, അവിടുത്തെ അവൻ ഉപേക്ഷിക്കയില്ലായിരുന്നു. ഒരു വി. സെബാസ്റ്റ്യനെപ്പോലെ അവൻ മിശിഹായെപ്രതി മരണംപോലും കൈവരിക്കുമായിരുന്നു.

ഒരു ക്രിസ്ത്വേതരന്റെ ആക്ഷേപം

കഴിഞ്ഞ രണ്ടാം ലോക മഹായുദ്ധകാലത്തു് ജപ്പാനിൽനിന്നു അമേരിക്കയിലേക്കു കപ്പൽകയറിയ ഒരമേരിക്കൻ കത്തോലിക്കാ മിഷണറി വൈദികനോടു ജപ്പാൻകാരനായ ഒരു പ്രൊഫസർ പറഞ്ഞ വാക്കുകൾ ഭയങ്കരങ്ങളാണു്: "ഞാൻ നിങ്ങളുടെ മതം പഠിച്ചുവരികയായിരുന്നു. അതിന്റെ തത്വശാസ്ത്രം എല്ലാദേശക്കാർക്കും ശാശ്വതസമാധാനം നൽകുവാൻ പോരുന്നതാണെന്നു എനിക്കു ബോദ്ധ്യപ്പെടുകയും ചെയ്തിരിക്കുന്നു. എന്നാൽ നിങ്ങൾ നിങ്ങളുടെ സ്ഥാപകനായ യേശുക്രിസ്തുവിന്റെ ആജ്ഞയെ നിർവ്വഹിച്ചില്ല. തന്റെ സിദ്ധാന്തങ്ങൾ, തന്റെ സുവിശേഷം എല്ലാ ജനങ്ങൾക്കും നൽകുവാൻ അദ്ദേഹം ആജ്ഞാപിച്ചു. കത്തോലിക്കരായ നിങ്ങൾ അതു ചെയ്തില്ല. ഇപ്പോൾ എങ്കിലും അതു ചെയ്യുവാൻ നിങ്ങൾ ഗൗരവാവഹമായ ഒരു ഉദ്യമത്തിനുപോലും തയ്യാറില്ല."

"ഈ കഴിഞ്ഞ മുപ്പതു കൊല്ലങ്ങളോളം," അയാൾ തുടർന്നു, "ഒരു പുതിയ ജീവിതമാർഗ്ഗം ഞങ്ങൾ—ജപ്പാൻകാർ—അന്വേഷിക്കയായിരുന്നു. ഞങ്ങൾ അമേരിക്കയിൽ ചെന്നു. ഞങ്ങൾക്കു അവിടെനിന്നു എന്താണു കിട്ടിയതു? മോട്ടോർകാറും യന്ത്രങ്ങളും സിനിമായും റേഡിയോയും. ഞങ്ങൾ ഇംഗ്ലണ്ടിനെ സമീപിച്ചു. ഞങ്ങൾക്കു കിട്ടിയതോ? പ്രബലമായ ഒരു ജാതിവ്യത്യാസം ഒരുവശത്തും, ജനവ്യൂഹത്തെ ഉപയോഗപ്പെടുത്തിയുള്ള വ്യവസായീകരണം മറുവശത്തും. ഞങ്ങൾ റഷ്യയിൽ ചെന്നു. അവർ സസന്തോഷം ഞങ്ങൾക്കു കാറൾമാർക്സിനെ തന്നു. അയാളുടെ ജീവിതതത്വശാസ്ത്രം ശാശ്വതമായ ഒരു തീരുമാനത്തിനു ഉതകുന്നതാണെന്നു ഞാൻ വിചാരിക്കുന്നില്ല. എന്നാൽ കഴിഞ്ഞ ഈ ഏതാനും വർഷങ്ങളായി ഞാൻ കത്തോലിക്കസഭയേയും അതു പ്രദാനംചെയ്യുന്ന ജീവിതമാതൃകയേയും പഠിച്ചുകൊണ്ടിരിക്കയാണു്. ആ പദ്ധതി പ്രായോഗികമാണെങ്കിൽ, മനുഷ്യരാശിയുടെ എല്ലാ പ്രയാസങ്ങളേയും പരിഹരിക്കാനും ലോകസമാധാനവും ക്ഷേമവും സ്ഥാപിക്കാനും പോരുന്നതാണെന്നു എനിക്കു ബോദ്ധ്യപ്പെട്ടിരിക്കുന്നു. എന്നാൽ നിങ്ങളുടെ സ്വന്തം വിശ്വാസത്തെ നിങ്ങൾ ഗൗരവപൂർവ്വം വീക്ഷിക്കയോ, സ്വീകരിക്കയോ, ജീവിക്കയോ ചെയ്യുന്നില്ല. ഇന്നു വളരെ വൈകിപ്പോയെന്നു തോന്നുന്നു, ഞങ്ങൾക്കു പരിവർത്തിതരാകുവാൻ. മരണകരമായ ഒരു യുദ്ധത്തിൽ ഇതാ ഞങ്ങൾ ഉൾപ്പെട്ടിരിക്കുന്നു. ഇനി പിൻതിരിയുവാൻ സാദ്ധ്യവുമല്ല. ഞങ്ങളുടെ ഭീമമായ അബദ്ധം ഞങ്ങളിൽ ചിലർ മനസ്സിലാക്കിയിട്ടുണ്ടു്. പക്ഷെ, അതു പരിഹരിക്കാൻ ഇപ്പോൾ യാതൊന്നും സാദ്ധ്യമല്ല. എന്റെ രാജ്യത്തോടു നിങ്ങൾ യാത്ര പറയുന്ന ഈ അവസരത്തിൽ, നിങ്ങളോടു എനിക്കു പറയാനുള്ളതു ഇത്രമാത്രമാകുന്നു. സത്യവിരുദ്ധവും തെററിദ്ധരിക്കപ്പെട്ടതുമായ ആശയങ്ങളിൽനിന്നു ഉത്ഭവിച്ച ഈ നിർഭാഗ്യകരമായ യുദ്ധപദ്ധതിയിൽ പ്രവേശിക്കാതെ ജപ്പാ

(ശേഷം 11-ാം പേജിൽ)

കുർബാനകുപ്പായം, കാപ്പ മുതലായ
വൈദിക വസ്ത്രങ്ങൾ
സർപ്ലീസ്, ആൽബാലേസുകൾ
എല്ലാനിറത്തിലും മുത്തുക്കുടകൾ
കൊളംബോ സാരിഷോപ്പ്, ബ്രോഡ്‌വെ - എറണാകുളം

ബാല്യ.... No..3 By-ശിവറാം-

